# ക്രൈസ്തവ കാഹളം

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'

★




പതിനൊന്നാം ചരമവാർഷികം

1964 ജൂലൈ 15

1964 July
Vol. XXIII. No. 3.

വരിസംഖ്യ മുൻകൂർ 2ക. 50 സ.
വിദേശങ്ങളിൽ 3ക. 50 സ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

| | | | പുറം |
|---|---|---|---|
| 1 | പത്രാധിപക്കുറിപ്പുകൾ | | 73 |
| 2. | വൈദികാദ്ധ്യക്ഷസന്ദേശം | | 75 |
| 3. | സഭാകലണ്ടർ | | 76 |
| 4. | ഭൂതകാലത്തിൽനിന്നുള്ള ശബ്ദം | | 77 |
| 5. | ധ്യാനചിന്തകൾ | (വി. സി. ഗീവർഗീസ് കോറെപ്പിസ്കോപ്പാ) | 79 |
| 6. | എക്യുമെനിക്കൽപ്രസ്ഥാനത്തിൽ ഒരു പുതിയ കാൽവയ്പ്പ് | | 81 |
| 7. | സംഭാവ്യതീതജീവന്റെ വളർച്ച | (ഒരു കർമ്മലീത്താ സിസ്റ്റർ) | 84 |
| 8. | സഭാഐക്യപ്രസ്ഥാനത്തിന്റെ പുരോഗതി | (ഫാ. മാർക്കോസ്, കേളച്ചന്ദ്ര | 89 |
| 9. | കുഷ്ഠരോഗികളുടെ ശുശ്രൂഷകനായ ഫാദർ ഡാമിയൻ | (ഫാ. തോമസ് ഇഞ്ചെയ്ക്കലോടി | 92 |
| 10 | പ്രസംഗപംക്തി | (ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ | 95 |
| 11. | കല്യാണവസ്ത്രം ഉള്ളവർ | (ഫാ. ഡി. സഖറിയാ) | 100 |
| 12. | ബൈബിൾ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ | (ജോസ് തച്ചിൽ, പൂനാ | 106 |

**സെൻറ മേരീസ് പ്രസ്സിൽ നിന്നും കിട്ടുന്നതാണ്**

| | | Rs. | nP. |
|---|---|---|---|
| മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം | | | |
| വെള്ള മേനിക്കടലാസ് പ്ലാസ്റ്റിക് കവർ ചെയ്തത് | ...... | 1 | 50 |
| പ്രാർത്ഥനക്രമം കുംതാ—കുർബാനക്രമം ഇവ ഒന്നിച്ച് | | | |
| ബയൻറുചെയ്ത പ്ലാസ്റ്റിക് കവർ ഇട്ടത് ഒന്നാംതരം | ...... | 3 | 00 |
| രണ്ടാംതരം | ...... | 2 | 50 |
| കുംതാ—കുർബാനക്രമം ...... ...... ...... | ...... | 0 | 75 |
| കുർബാനക്രമം ...... ...... ...... ...... | ...... | 0 | 40 |

*Chief Editor*: Rt. Rev. Msgr. Philipose Ramban.
*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 23 | ജൂലൈ 1964 | ലക്കം 3. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### മാർത്തോമ്മാശ്ലീഹായുടെ ദുക്റോനൊ

ഇൻഡ്യയിലെ, പ്രത്യേകിച്ചു കേരളത്തിലെ ക്രിസ്ത്യാനികളുടെ ഐക്യത്തിൻെറ പ്രതീകമാണു മാർത്തോമ്മാശ്ലീഹാ എന്നു പറയാം. കേരളത്തിലെ ക്രൈസ്തവസഭകളെല്ലാംതന്നെ മാർത്തോമ്മാശ്ലീഹായിൽ ചെന്നെത്തുന്ന ചരിത്രം അവകാശപ്പെടുന്നവരാണ്. അതിനാൽ മാർതോമ്മായെ എല്ലാവരുടെയും പൊതുസ്വത്തായി പരിഗണിക്കാവുന്നതത്രെ. എന്നാൽ മാർതോമ്മാശ്ലീഹായോടുള്ള വിവിധ സഭകളുടെ മനോഭാവം സഭകളുടെ അനൈക്യത്തെ സ്പഷ്ടമാക്കുന്നു എന്നും പറയാൻ കഴിയും. പ്രാർത്ഥനയിൽക്കൂടി പ്രകടമാകാത്ത ഒരു 'സംസർഗ്ഗ'വും ക്രിസ്തീയമല്ലെന്നും പരിശുദ്ധന്മാരോടുള്ള സംസർഗ്ഗം അവരുടെ പ്രാർത്ഥനയിലുള്ള ആശ്രയംവഴി പ്രകടമാക്കപ്പെടുന്നു എന്നും കത്തോലിക്കാ—ഓർത്തഡോക്സു സഭകൾ പഠിപ്പിക്കുമ്പോൾ, പരിശുദ്ധന്മാരെ എന്തുചെയ്യണമെന്നറിയാതെ പരുങ്ങുകയാണു മററു ചില സഭകൾ ചെയ്യുന്നത്.

മാർത്തോമ്മായുടെ ആത്മീയമക്കൾ ഐക്യത്തിൻെറ പാതയിൽക്കൂടി പുരോഗമിക്കണമെങ്കിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരടിസ്ഥാനം അതിനാവശ്യമാണ്. മാർത്തോമ്മ കേരളത്തിൽ സ്ഥാപിച്ചത് ഒരു പുതിയ സഭയോ പ്രത്യേക സഭയോ അല്ലായിരുന്നു എന്നും, ക്രിസ്തു സ്ഥാപിച്ച ഏക സഭയുടെ ഭാഗം മാത്രമായിരുന്നു എന്നുമുള്ള വിശ്വാസമാണ് ആ അടിസ്ഥാനം. സഭ സ്ഥാപിക്കാൻ അപ്പൊസ്തോലന്മാർക്കോ അവരുടെ പിൻഗാമികൾക്കോ അവകാശമില്ല; ക്രിസ്തു സ്ഥാപിച്ച സഭയെ വ്യാപിപ്പിക്കുക മാത്രമാണ് അവർക്കു ചെയ്യാനുള്ളത്. അതുകൊണ്ടാണ് അപ്പൊസ്തോലന്മാരുടെ ആരുടെയെങ്കിലും പേരിൽ ഒരു സഭയുണ്ടാകുന്നത് ന്യായമല്ലെന്നു പറയാൻ കഴിയുന്നത്.

ക്രിസ്തുവിൻെറ ഏകസഭയുടെ ഭാഗമാണു മാർത്തോമ്മാ കേരളത്തിൽ സ്ഥാപിച്ചതെങ്കിൽ, തൻെറ ശരീരമാകുന്ന സഭയ്ക്കു ക്രിസ്തു നല്കിയ ക്രമീകരണവും ഭരണക്രമവും കേരളത്തിലെ സഭയും സ്വീകരിച്ചേ മതിയാവൂ എന്നു വ്യക്തമാണല്ലോ. യേശുക്രിസ്തു അപ്പൊസ്തോലന്മാരെ നിയമിച്ച് അവർക്കു അധികാരങ്ങൾ നല്കി എന്നുള്ളതുപോലെ തന്നെ വിശ്വസനീയമാണ് അപ്പൊസ്തോലന്മാരുടെ തലവനായി പത്രോസിനെ അവിടന്നു നിയമിച്ചു എന്നുള്ളത്. അപ്പൊസ്തോലന്മാരുടെയും അവരുടെ തലവൻെറയും സ്ഥാനം ഇന്നും സഭയിൽ ഉണ്ടായിരുന്നോ

മതിയാവൂ. ഈ അടിസ്ഥാനസത്യത്തെ കേരള സഭകൾ കണ്ടെത്തുമ്പോൾ അവർ യഥാർത്ഥത്തിൽ മാർത്തോമ്മായുടെ മക്കളായിത്തീരുകയും ഐക്യത്തിന്റെ വഴി തുറക്കപ്പെടുകയും ചെയ്യും.

*　　*　　*　　*

## മാർ ഈവാനിയോസ് തിരുമേനി:

അഭിവന്ദ്യ പിതാവിന്റെ പതിനൊന്നാം ചരമവാർഷികം ജൂലൈ 15-ാം തീയതിയാണ്. കാലം കഴിയുന്തോറും വന്ദ്യതിരുമേനിയുടെ ദീർഘദൃഷ്ടിയുടെ ഫലങ്ങൾ കൂടുതൽ തെളിവായി നമുക്കു കാണാൻ കഴിയുന്നുണ്ട്. അടുത്ത കാലത്ത് കേരളത്തിലെ യാക്കോബായ—ഓർത്തഡോക്സ്—സഭയിലുണ്ടായ കാതോലിക്കാവാഴ്ചയുടെ സമയത്ത് അവിടെയുണ്ടായിരുന്ന ചുരുക്കം ചില നേതാക്കന്മാരെങ്കിലും മാർ ഈവാനിയോസ് തിരുമേനിയെ സ്മരിച്ചുകാണാതിരിക്കയില്ല. തിരുമേനിയുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനത്തിന്റെ പൂർത്തീകരണമായിരുന്നു അവിടെ നടന്നത്.

ദീർഘദൃഷ്ടിയോടും ശരിയായ ദർശനത്തോടുംകൂടെ വന്ദ്യതിരുമേനി അടിസ്ഥാനമിട്ടതാണ് കേരളത്തിലെ പുനരൈക്യപ്രസ്ഥാനം. തിരുമേനിയുടെ ഈ കാൽവയ്പ്പ് ശരിയായിരുന്നുവെന്നും ബുദ്ധിപൂർവ്വകമായിരുന്നു എന്നും ഗ്രഹിക്കുവാൻ അനേകക്കും ഇനിയും കാത്തിരിക്കേണ്ടിവരുന്നു എന്നുള്ളത് തിരുമേനിയുടെ ദീർഘവീക്ഷണത്തെ തെളിയിക്കുക മാത്രമേ ചെയ്യുന്നുള്ളു.

ഒരു ഭാഷയുടെയും സമുദായത്തിന്റെയും ചില കുടുംബങ്ങളുടെയും പാത്രങ്ങളുടെയും സ്വാധീനവലയത്തിൽ ഒതുങ്ങിക്കഴിഞ്ഞുവന്ന ഒരു വിഭാഗത്തെ കാതോലികാസഭയുമായി സജീവമായി ബന്ധപ്പെടുത്തുക എന്നുള്ളതായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ദർശനം. ആ ദർശനം ലഭിക്കാത്തവർക്ക് ഇന്നും അദ്ദേഹത്തെ ശരിയായി ഗ്രഹിക്കാൻ സാധിക്കാതെ പോകുന്നു. സഭാകാര്യങ്ങളിൽ വികാരപരവും സാമുദായികവുമായ സമീപനം മാത്രം പുലർത്താനിഷ്ടപ്പെടുന്നവർക്ക് അവരുടെ പരിമിതിയിൽനിന്നു പുറത്തുകടന്നു ചിന്തിക്കാൻ അന്നൊന്നപോലെ ഇന്നും പ്രയാസംതന്നെയായിരിക്കും.

അഭിവന്ദ്യതിരുമേനിയെ സ്മരിച്ച് ദൈവത്തോടു നന്ദി പറയുന്നതിനും, തിരുമേനിക്കു "നല്ലയോർമ്മ"യുണ്ടാകുവാനായി പ്രാർത്ഥിക്കുന്നതിനും, സഭൈക്യപ്രവർത്തനങ്ങൾക്കായി പ്രചോദനം കൊള്ളുന്നതിനും ഈ ചരമവാർഷികത്തിന്റെ അവസരം നമുക്കുപയോഗിക്കാം.

**For favours received**



**Inserted by**
C. G. Thomas, Chirakadavil Veedu,
Mannarakulanji.

**For favours received**



**Inserted by**
Ghevarghese Thomas,
Kuzhiammury Hous, Prakanam.

# വൈദികാദ്ധ്യക്ഷസന്ദേശം

കർത്താവിൽ പ്രിയരെ,

ഇൻഡ്യയിൽ മാർപ്പാപ്പായുടെ പ്രതിപുരുഷനായ അഭിവന്ദ്യ ഇൻറർനൺഷിയോ തിരുമേനി നമ്മുടെ അതിരൂപതയിൽ ഈ അടുത്തയവസരം നടത്തിയ സന്ദർശനം തിരുസിംഹാസനത്തിനു നമ്മുടെ ആളുകളെയും പ്രവർത്തനങ്ങളെയുംപററി കൂടുതൽ അറിവുണ്ടാകുന്നതിനും നമുക്കു തിരുസിംഹാസനത്തോടുള്ള ഭക്തിയും വിധേയത്വവും നവീകരിക്കുന്നതിനുമുള്ള ഒരവസരമായിരുന്നു. തിരുസഭയുടെ ഭരണക്രമം നിയന്ത്രിക്കുന്നതിനു ഉപയോഗപ്രദമായ ഒരുപാധിയായിട്ടു മാത്രമല്ല, ശരിയായ അർത്ഥത്തിൽ ക്രിസ്തീയ ജീവിതത്തിൻെറ ഉറവിടമായിട്ടുകൂടിവേണം തിരുസിംഹാസനത്തെ നാം വീക്ഷിക്കുവാൻ. ഒരു രൂപതയെ സംബന്ധിച്ചിടത്തോളം അർത്ഥത്തിൽ വിശ്വാസികൾക്കു് ക്രിസ്തീയജീവനു നിദാനമാണു രൂപതാദ്ധ്യക്ഷനായ മെത്രാൻ എന്നു രണ്ടാം വത്തിക്കാൻ സൂന്നഹദോസ് പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. സാർവ്വലൗകികസഭയെപ്പററി പൊതുവെ ചിന്തിക്കുമ്പോൾ പ്രധാന തലവനായ മാർപ്പാപ്പായുടെ സ്ഥാനം ഇതുപോലെയുള്ളതാണു്. ആകയാൽ തിരുസിംഹാസനത്തോടുള്ള ബന്ധം സജീവമായും കാര്യക്ഷമമായും പുലർത്തേണ്ടതു് സഭയുടെ എല്ലാ ഘടകങ്ങളെയും സംബന്ധിച്ചിടത്തോളം വളർച്ചയ്ക്കും പുരോഗതിയ്ക്കും ആവശ്യമാണു്. തിരുസിംഹാസനത്തിൽനിന്നു അകന്നു നിന്നിരുന്നപ്പോഴുണ്ടായ അധഃപതനവും തിരുസിംഹാസനത്തോടു് കൂടുതൽ കൂടുതലായി അടുക്കുമ്പോഴുണ്ടാകുന്ന അഭിവൃദ്ധിയും നമുക്കുതന്നെ അനുഭവമുള്ളതാണല്ലോ. ആകയാൽ മാർപ്പാപ്പായുടെ പ്രതിപുരുഷനായ ഇൻറർനൺഷ്യോ തിരുമനസ്സിലെ സന്ദർശനം പലവിധത്തിൽ നമുക്കു അനുഗ്രഹപ്രദമാകുമെന്നുള്ളതിനു് സംശയമില്ല

അതിരൂപതയിലെ ഏതാനും ചില ഇടവകകളും സ്ഥാപനങ്ങളും മാത്രമേ അദ്ദേഹത്തിനു് സന്ദർശിക്കുവാൻ ഇടയായുള്ളു. എല്ലാ ഇടവകകളിലും പോകുവാൻ അദ്ദേഹത്തിൻെറ ഭാരിച്ച ജോലിത്തിരക്കിനിടയിൽ സാധിക്കുകയില്ലെന്നുള്ളതു് സ്പഷ്ടമാണല്ലോ. മാർപ്പാപ്പായ്ക്കു വേണ്ടിയും മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായും പ്രത്യേകിച്ചു സാർവ്വത്രികസൂന്നഹദോസിനു വേണ്ടിയും ശുഷ്കാന്തിയോടെ എല്ലാവരും പ്രാർത്ഥിക്കുവാൻ ഇൻറർനൺഷിയോ തിരുമേനി എല്ലാ അവസരങ്ങളിലും ആവർത്തിച്ചാവശ്യപ്പെടുകയുണ്ടായി. അദ്ദേഹം ഊന്നിപ്പറഞ്ഞ വേറൊരു കാര്യം, ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ ശ്രദ്ധ പ്രധാനമായും ആത്മീയ കാര്യങ്ങളിലാണു പതിയേണ്ടതെങ്കിലും അതേസമയംതന്നെ ദാരിദ്ര്യവും ദുഃഖവും അനുഭവിക്കുന്നവരുടെ നില സ്ഥായിയായ രീതിയിൽ ഉയർത്തുവാനും നമുക്കു ഗൗരവമായ ചുമതലയുണ്ടെന്നുള്ളതത്രെ.

ഇൻറർനൺഷിയോതിരുമേനി ഇവിടെനിന്നു സിലോണിലേക്കാണു പോയതു്. അവിടെ ചെന്നയുടനെ അതിരൂപതാസന്ദർശനത്തിൽ ചാരിതാർത്ഥ്യം പ്രകടിപ്പിച്ചുകൊണ്ടും അദ്ദേഹത്തോടു കാണിച്ച സ്നേഹാദരവുകൾക്കു എല്ലാവരോടും നന്ദി പ്രകടിപ്പിച്ചുകൊണ്ടും അദ്ദേഹം നമുക്കു് ഒരു കമ്പിസന്ദേശം അയച്ചുതരികയുണ്ടായി. സന്ദർശനാവസരത്തിൽ അദ്ദേഹം നമുക്കു നൽകിയ നിർദ്ദേശങ്ങൾ പാലിക്കുവാൻ നാമെല്ലാവരും ശ്രമിക്കുമെന്നു് നാം അദ്ദേഹത്തിനുറപ്പു നൽകിയിട്ടുള്ള വിവരം നിങ്ങളേവരെയും അറിയിച്ചുകൊള്ളുന്നു.

മാർ ഈവാനിയോസ് തിരുമേനി നമ്മെ വിട്ടു പോയിട്ടു് ഈ മാസം 15-ാം തീയതി പതിനൊന്നു വർഷം തികയുകയാണു്. ക്രിസ്ത്യാനികളുടെയിടയിലുള്ള ഭിന്നതമൂലമുണ്ടായി

ട്ടുള്ള തിന്മകൾ അദ്ദേഹം ഏററം നന്നായി മന സ്സിലാക്കിയിരുന്നു തൻെറ മാതൃസഭയെ സ മാധാന പന്ഥാവിലേക്ക് നയിക്കുന്നതിനും ആ ത്മികവും ഭൗതികവുമായ അഭിവൃദ്ധി അതിനു കൈവരുത്തുന്നതിനും തിരുമേനി അക്ഷീണം പരിശ്രമിച്ചിരുന്നു. എന്നാൽ തീക്ഷ്ണമായ പ്രാത്ഥനയുടെയും നിരന്തരമായ പഠനത്തി ൻെറയും ഫലമായി ഈ ദുരിതങ്ങൾക്കു ശാശ്വ തമായ പരിഹാരം തിരുസിംഹാസനവുമായി ഐക്യംമൂലമല്ലാതെ ലഭിക്കുകയില്ലെന്നു അദ്ദേ ഹത്തിനു ബോദ്ധ്യമാകുകയും ആ ലക്ഷ്യത്തെ ലാക്കാക്കി സധൈര്യം അദ്ദേഹം പ്രവത്തിക്കുക യും ചെയ്തു. പരിപൂർണ്ണമായ ദൈവാശ്രയ ത്തോടും ഔദാര്യത്തോടുംകൂടി മാർ ഈവാനി യോസ് തിരുമേനി അന്നു സ്വീകരിച്ച തീരു മാനം സഭാഐക്യത്തെ സംബന്ധിച്ചിടത്തോ ളം ആധുനികകാലത്തുണ്ടായിട്ടുള്ള ഏററവും പ്രധാനമായ ഒരു സംഭവമാണ്. അദ്ദേഹത്തി ൻെറ വീരോചിതമായ മാതൃക ഭിന്നിച്ചു നിൽ ക്കുന്ന ക്രിസ്തീയവിഭാഗങ്ങളിലെ നേതാക്കന്മാർ അനുകരിക്കുന്നതിന് ദൈവം അവക്കു സന്മന സ്സും പ്രചോദനവും നൽകട്ടെ.

മാർ ഈവാനിയോസ് തിരുമനസ്സിലെ ആ ത്മശാന്തിക്കായി ഈ അവസരത്തിൽ നമുക്കു പ്രാത്ഥിക്കാം. ക്രിസ്തീയ ഐക്യത്തിന് അദ്ദേ ഹം തുറന്നുതന്നിരിക്കുന്ന മാർഗ്ഗത്തിൽക്കൂടി നമുക്കു മുന്നേറാം.

എന്ന്, മിശിഹായിൽ നിങ്ങളുടെ
ആത്മീയപിതാവ്
✠ ബെനഡിക്ട് മാർ ഗ്രിഗോറിയോസ്

---

## സഭാകലണ്ടർ

ജൂലൈ 15 ബുധൻ-മാർ ഈവാനിയോസ് തിരുമേനിയുടെ ചരമദിനം.
" 19 -പെന്തിക്കൊസ്തിക്കുശേഷം 9-ാം ഞായർ
" 20 തിങ്കൾ-നീതിമാനായ മാർ യൗ സേപ്പ്, മാർ ഏലിയാ നിബിയാ
" 22 ബുധൻ-വി. മറിയംമഗ്ദലൈത്താ
" 26 -പെന്തിക്കൊസ്തിക്കുശേഷം 10-ാം ഞായർ.
" 29 ബുധൻ-ബഥന്യായിലെ വി. മാ ത്തയും വി. മറിയവും.
ആഗസ്റ്റ് 1 ശനി-പതിനഞ്ചുനോമ്പാരംഭം- മത്തശ്മൂനിയും ഏഴു മക്കളും.
" 2 -പെന്തിക്കൊസ്തിക്കുശേഷം 11-ാം ഞായർ.
" 6 വ്യാഴം-മറുരൂപപ്പെരുന്നാൾ.
ആഗസ്റ്റ് 9 കൂടാരപ്പെരുനാളിനുശേഷം 1-ാം ഞായർ.
" 15 ശനി-ദൈവമാതാവിൻെറ സ്വർഗ്ഗാ രോപണം, പതിനഞ്ചുനോമ്പുവീടൽ.

### പരേതരായ മേല്പട്ടക്കാർ, പട്ടക്കാർ, സന്യാസികൾ.

ജൂലൈ 15- മാർ ഈവാനിയോസ് മെത്രാപ്പോലീത്താ- റവ. ഫാ. മാണി യോഹന്നാൻ, ചേരാവള്ളിൽ.
" 29- റവ ഫാ. ഫീലിപ്പോസ്, കൊച്ചുകല്ലിൽ.
ആഗസ്റ്റ് 9- " പത്രോസ് കീപ്പള്ളിൽ.
" 11- " ഏബ്രഹാം താഴയിൽ
" 15- സിസ്റ്റർ തെക്ല S. I. C
R. I. P.

# ഭൂതകാലത്തിൽ നിന്നുള്ള ശബ്ദം

## ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെപ്പററി വട്ടശ്ശേരിൽ മാർ ദിവാന്നാസ്യോസിനു് മി. ഏ. പീലിപ്പോസു് എഴുതിയ കത്തിലെ ചില ഭാഗങ്ങൾ

....ദൈവം തൻെറ കരുണയുടെ സമൃദ്ധിയിൽ മലയാളത്തു നമ്മുടെ സഭയേയും ഇപ്പോൾ കത്തോലിക്കാ ഐക്യത്തിലേക്കു് ആകർഷിച്ചിരിക്കുന്നു. അങ്ങനെ ദൈവം ആകർഷിച്ചിരിക്കുന്നതു് ബഥനി മെത്രാച്ചനിൽ കൂടെയാകുന്നു. അദ്ദേഹത്തിൻെറ ത്യാഗബുദ്ധിക്കും, ശിശുപ്പം മുതലേ തന്നത്താൻ മറന്നുള്ള ദൈവസ്നേഹത്തിനും പ്രതിഫലമായി ഈ മഹാ വലിയ ഭാഗ്യം ദൈവം അദ്ദേഹത്തിനു കൊടുത്തതാകുന്നു. അല്ലെങ്കിൽ മലയാളത്തുള്ള നമ്മുടെ സഭയിൽ ഇതിനു മുമ്പു പല പിതാക്കന്മാരും കഴിഞ്ഞിട്ടുണ്ടു്; ഇപ്പോഴും പല പിതാക്കന്മാരും ഉണ്ടല്ലോ. ഈ ഭാഗ്യം ഇവർക്കാക്കും ലഭിച്ചില്ലല്ലോ. അദ്ദേഹത്തെ ഇപ്പോൾ പലരും അപഹസിക്കുകയും ചീത്ത പറയുകയും പീഢിപ്പിക്കുകയും ചെയ്യുന്നുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ കിരീടത്തിൻെറ മാററു കൂട്ടുന്നതേയുള്ളു. ക്രിസ്തുവിനു വേണ്ടി ഈ അപവാദങ്ങളും അപമാനങ്ങളും, കഷ്ടതകളും സഹിക്കാൻ അദ്ദേഹത്തിനു കിട്ടിയ ഭാഗ്യത്തിൽ ഏതു പരിശുദ്ധനും അസൂയപ്പെടുന്നതാകുന്നു. അടിയൻ ഏകദേശം ഒരു മുപ്പതുവർഷക്കാലം അദ്ദേഹത്തെ പല വിധത്തിൽ അടുത്തറിയാം, അതുകൊണ്ടു് അടിയനു തന്നെ അദ്ദേഹത്തെക്കുറിച്ചു് സ്വന്തമൊരഭിപ്രായം ഉണ്ടാക്കുവാൻ മാർഗ്ഗമായിട്ടുണ്ടു്. അദ്ദേഹം കുററമില്ലാത്ത ആളാണെന്നു് അടിയൻ പറയുന്നില്ല. എന്നാൽ നന്മയ്ക്കും ദൈവമഹത്വത്തിനും ആയി തന്നത്താൻ മറന്നു പ്രവത്തിക്കാനും, ദൈവത്തിൻെറ തൃക്കൈകളിൽ ഉപയോഗിക്കപ്പെടാൻ തന്നെത്തന്നെ പരിപൂർണ്ണമായി വിട്ടുകൊടുപ്പാനും, ഉള്ള സന്നദ്ധത അദ്ദേഹത്തിൻെറ പ്രധാന ലക്ഷണമാകുന്നു. തിരുമേനിയെ പലർ സ്നേഹിച്ചിട്ടുണ്ടു്. ഇത്ര നിഷ്കളങ്കമായി തിരുമേനിയെ സ്നേഹിച്ച ഒരാളിനെ അടിയൻ കണ്ടിട്ടില്ല. എന്നാൽ ദൈവത്തെ ഉപേക്ഷിച്ചിട്ടു് അദ്ദേഹം തിരുമേനിയെ സ്നേഹിച്ചില്ലാ. ദൈവത്തിൻെറ വിളിയോ, തിരുമേനിയുടെ വിളിയോ, ഏതിനെയാണു് അനുകരിക്കേണ്ടതു് എന്നുള്ള ഘട്ടം വന്നപ്പോൾ, ദൈവത്തിൻെറ വിളിയെയാണു് അനുകരിക്കേണ്ടതു് എന്നു് അദ്ദേഹം തീർച്ചപ്പെടുത്തിയതു് വഞ്ചനയാണെങ്കിൽ ആ പേരിനു് അദ്ദേഹം അർഹനാണു്. ഇത്ര കഠിനമായുള്ള ഒരു പദം, തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ സംബന്ധിച്ചുപയോഗിക്കാൻ നിർബ്ബന്ധിക്കപ്പെട്ടുപോയതിൽ അടിയനു വളരെ ഖേദമുണ്ടു്: പരിശുദ്ധ പിതാവേ! ഒരുവനിൽ ആദർശങ്ങൾ വളരുന്നതു് സാവധാനത്തിൽ ആകുന്നു. പൌലൂസ് ശ്ലീഹായെപ്പോലെ പെട്ടെന്നുള്ള മനസ്സുതിരിവു് ചുരുക്കം ചിലർക്കേ ഉണ്ടായിട്ടുള്ളു. സാധാരണ ആളുകളിൽ ഓരോ വലിയ ആദർശങ്ങൾ വളരുന്നതു് മങ്ങിയും, ശോഭിച്ചും, സംശയിച്ചും, ഉറച്ചും, പിന്നെയും സംശയിച്ചും ഉറച്ചും ഒക്കെയാകുന്നു. അദ്ദേഹത്തിലും ഒരു പുതിയ ആദർശം ഈ വിധത്തിലാണു് വളർന്നിട്ടുള്ളതു്. അങ്ങനെയുള്ള ആ വളർച്ചയുടെ ഘട്ടത്തിൽ, അദ്ദേഹത്തിൻെറ മനഃസാക്ഷിക്കു വിപരീതമായി പ്രസംഗത്തിലോ മററോ വല്ലതും പറഞ്ഞു് ആ ആദർശം അദ്ദേഹത്തിൽ ഇല്ലാ എന്നു് വെളിപ്പെടുത്തണമെന്നു് തിരുമേനി കല്പിച്ചതിനെ അനുസരിക്കാതെയും, എന്നാൽ തിരുമേനിയെ മുഷിപ്പിക്കാതെ, പിതൃവാത്സല്യത്തെ പരിപാലിക്കണമെന്നുള്ള ആകാംക്ഷയോടുകൂടിയും, തിരുമേനിയുടെ നേരെ വത്തിച്ചതിനെ ആണല്ലോ "വഞ്ചന" എന്നു് തിരുമേനി നാമകരണം ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിൻെറ പിതൃവാത്സല്യത്തെതെററിദ്ധരിച്ചു് അതിനെ ഈ വിധത്തിൽ തിരുമേനി നാമകരണം ചെയ്തിരിക്കുന്നു എന്നു മാത്രമേ, അടിയൻ വിചാരിക്കുന്നുള്ളു. അദ്ദേഹത്തിൻെറ മനസ്സു് ഇന്നും തിരുമനസ്സിലെ നേർക്കു് എത്ര

സ്നേഹത്തിലും, ബഹുമാനത്തിലും ഇരിക്കുന്നു എന്നു് അടിയനു് നല്ലതുപോലെ അറിയാം. ദൈവം അതിനെ തിരുമേനക്കു ബോദ്ധ്യപ്പെടുത്തിത്തരുമെന്നു് അടിയൻ വിശ്വസിക്കുന്നു. ഈ സഭയിൽ ചൈതന്യത്തിൻെറ ഒരു വലിയ ദീപം, അദ്ദേഹം പോയതോടുകൂടി, കെട്ടിരിക്കുന്നു. വി. കൂദാശകൾ വഴി ദൈവത്തിൻെറ കൃപയെ ആസ്വാദിക്കുന്നതിനു് അദ്ദേഹം ഈ സഭയിൽ പലരേയും വഴികാണിച്ചിട്ടുണ്ടു്. അങ്ങനെ അദ്ദേഹത്തിനു് മനുഷ്യരെ വഴി കാണിക്കാൻ സാധിച്ചതു് പല സ്ഥലങ്ങളിൽ ബഥനി പള്ളികളെ സ്ഥാപിച്ചു സന്യാസിപട്ടക്കാരെ കർമ്മാനുഷ്ഠാനങ്ങൾക്കു നിയമിച്ചു്, ഭക്തിയോടും ക്രമമായും വിശുദ്ധ കൂദാശകൾ നടത്തിക്കൊടുക്കുന്നതിനു മാർഗ്ഗമുണ്ടാക്കിയതുകൊണ്ടാകുന്നു. ആ മാർഗ്ഗം തിരുമേനി അടച്ചുകളഞ്ഞതു് അദ്ദേഹത്തിനു തന്നെത്താൻ ചിന്തിക്കുന്നതിനും, കത്തോലിക്കാ ഐക്യത്തിലല്ലാതെ ഈ സഭയ്ക്കു നന്മയുണ്ടാവാൻ കഴിയുകയില്ലെന്നുള്ള ബോധത്തെ വെളിവായി അദ്ദേഹത്തെ കാണിക്കുന്നതിനും സഹായിച്ചിട്ടുണ്ടു്. വിശുദ്ധ കൂദാശകൾ ദൈവത്തിൻെറ കൃപാമാർഗ്ഗങ്ങളാണെന്നു് തെളിച്ചു കാണിക്കുന്ന ദീപയഷ്ടി അദ്ദേഹത്തിൻെറ വേർപാടോടുകൂടി അണഞ്ഞിരിക്കുന്നതിനെ, ഇനിയും ആരുതന്നെ ഈ സഭയിൽ കത്തിച്ചാലും, അതു കത്തോലിക്കാ ഐക്യത്തിലേക്കു് ഈ സഭ വഴിനടത്തുകമാത്രമേ ചെയ്യുകയുള്ളു. പാവനമായ കൂദാശകൾ, പാവനമായ കത്തോലിക്കാസഭയിൽ മാത്രമേ വേരുപിടിച്ചു വളരുകയുള്ളു. മററുള്ള സഭകളിൽ അവ കത്തോലിക്കാസഭയിലേക്കു വെളിച്ചം കാണിക്കുന്ന ദീപങ്ങൾ മാത്രമായിട്ടേ ഇരിക്കുകയുള്ളു. "അദ്ദേഹം തന്നെക്കുറിച്ചു തന്നെയുള്ള മതിപ്പിലും, ലൗകികമായ വലിയ ആശയങ്ങളിലും, ആശ്രയിച്ചുകൊണ്ടാണു് ഈ വിധം പ്രവർത്തിക്കുന്നതിൽ ധൈര്യപ്പെട്ടതെന്നു് പറയുന്നതിനു് നമുക്കശേഷം മടിയില്ല" എന്നു് തിരുമനസ്സിലെ കല്പനയിൽ കാണുന്നതു് വെറും മിഥ്യാബോധമാണു്. "തന്നെത്താനുള്ള മതിപ്പു" ഈ കാര്യത്തിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. കത്തോലിക്കാസഭയിലുള്ള മതിപ്പു് എന്ന പദം തിരുമനസ്സുകൊണ്ടുപയോഗിച്ചിരുന്നുവെങ്കിൽ ശരിയായിരുന്നേനെ. "ലൗകികമായ ആശയം" ഈ സംഗതിയിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. ആത്മികമായ ബോധത്തിൻെറ പരിപൂർണ്ണത എന്ന പദം അതിനു പകരം തിരുമേനി ഉപയോഗിച്ചിരുന്നെങ്കിൽ അതും ശരിയായിരുന്നേനെ. അദ്ദേഹം വളരെ ആശയോടുകൂടി സ്ഥാപിച്ചു് നോക്കിക്കൊണ്ടിരുന്ന ബഥനി മലയിലെ സ്ഥാപനം അദ്ദേഹം വിട്ടിരിക്കുന്നു. തല ചായിക്കാൻ വീടില്ലാത്തവനെപ്പോലെ അദ്ദേഹം ഇതാ അലഞ്ഞുതിരിഞ്ഞു നടക്കുന്നു. ഇതൊക്കെയായിട്ടും അദ്ദേഹത്തിൻെറ ദൃഷ്ടു് നമ്മുടെ സഭയോടുള്ളതു്, യരുശലേം പുത്രിമാരെ നിങ്ങൾ എന്നെക്കുറിച്ചു് ദുഃഖിക്കേണ്ട, നിങ്ങളെക്കുറിച്ചുതന്നെ ദുഃഖിപ്പിൻ എന്നാകുന്നു.

**For favours received**



**Inserted by**

Mr. & Mrs. Anandan

(Exuse delay)

# ധ്യാനചിന്തകൾ

(വി. സി. ഗീവറഗീസ് കോറെപ്പിസ്കോപ്പാ)

ഒഴിഞ്ഞിരിക്കുന്നതും (Empty) സൃഷ്ടികളിൽ നിന്നും വേർപെട്ടിരിക്കുന്നതുമായ (Detached) ഒരാത്മാവിനെ കണ്ടാൽ, ദൈവം ആ ആത്മാവിൽ തന്റെ മഹനീയവേല ആരംഭിക്കുന്നു. ആ ആത്മാവിലുള്ള ദൈവസ്നേഹം അവളിലേക്കു ദൈവത്തെ ആകർഷിക്കുന്നു. ദൈവത്തിന്റെ ഈ മഹനീയ വേല ദൈവത്തെത്തന്നെ ആ ആത്മാവിൽ ഉൽപ്പാദിപ്പിക്കുകയാണ്. ശൂന്യതയിയിൽനിന്ന് അഖിലാണ്ഡത്തെ സൃഷ്ടിച്ചതിനെക്കാൾ ദൈവത്തിനു സന്തോഷം നൽകുന്നതു് ഒരാത്മാവിനോടുകൂടിയുള്ള ഈ സംയോജ്യതയത്രെ. എന്തുകൊണ്ടാണ് ദൈവം ഇതിൽ ഇത്രയേറെ സന്തോഷിക്കുന്നതു്?

ഒരാത്മാവിനെ സൃഷ്ടിച്ചിരിക്കുന്നതു്, ദൈവത്തിന്റെ സർവ്വശക്തിയോടുംകൂടെ തനിക്കു് ആത്മാവിൽ അവതരിക്കുവാൻ തക്ക കഴിവോടുകൂടെ (Capacity)യാകുന്നു. ഇങ്ങനെ സൃഷ്ടിച്ചിരിക്കുന്നതിനാൽ മററു സൃഷ്ടികളെക്കാൾ വളരെ അധികമായി ഒരാത്മാവിൽ വ്യാപരിക്കുവാൻ ദൈവത്തിനു കഴിയുന്നു. ദൈവവും ആത്മാവും തമ്മിലുള്ള സംയോഗമാണ് ഇതു്. പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ഐക്യം തന്നെ.

ആത്മാവിലുള്ള ദൈവത്തിന്റെ ഈ ജനനം ഒരു സ്വയം പ്രകാശിക്കൽ (Self revelation) ആണ്. ദൈവത്തിന്റെ അനന്തസത്യാവസ്ഥ, നന്മ, സൌന്ദര്യം, സ്നേഹം, മുതലായവയെ ആത്മാവിൽ വെളിപ്പെടുത്തുന്നു. വിശ്വാസക്കണ്ണാൽ ആത്മാവിനുണ്ടാകുന്ന ഒരു ദൈവദർശനമാണിതു്. ഇതു് സ്വർഗ്ഗത്തിലെ ഭാഗ്യദർശനത്തിനു് (Beatific vision) മുമ്പുള്ള ഒരു പടിയാണ്.

ഇങ്ങനെ സംഭവിക്കുന്നതുകൊണ്ടുമാത്രം ആത്മാവിന് ആനന്ദം പൂർത്തിയാകയില്ല. ആത്മാവ് ദൈവത്തിലും ജനിക്കുന്ന ഒരനുഭവം ഇതോടെ സാധിക്കണം. ഈ അനുഭവമാണ് ഏതോ അത്യാനന്ദത്തിൽ ആത്മാവിനെ നിമഗ്നമാക്കുന്നതു്. ഇങ്ങനെ ദൈവത്തിൽ ആത്മാവു ജനിക്കുമ്പോൾ അവൾ അവളുടേതായ എന്തിലെങ്കിലുമല്ല ആനന്ദിക്കുന്നതു്. അവളുടേതെല്ലാം ദൈവത്തിൽ ലയിച്ചുപോകുന്നു. ദൈവത്തിന്റേതായ അനേകങ്ങൾ അവളിൽ ലയിക്കുന്നു. ഈ സംയോജ്യതയിൽ അവൾ ദൈവത്തിലാണ് ഒരു പരമാനന്ദം കണ്ടെത്തുന്നതു്— ഈ പരമാനന്ദം സൃഷ്ടികൾക്കു് ഒരിക്കലും നൽകുവാൻ സാദ്ധ്യമല്ല.

ദൈവം സ്വർഗ്ഗത്തിൽ എന്തുചെയ്യുന്നു? തന്റെ ഏകജാതനായ നിത്യപുത്രനെ ജനിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതു് ഒരു നിത്യമായ പ്രവൃത്തിയിണു് (ETERNAL ACT). ലോകത്തിൽ ദൈവം തന്റെ പുത്രനെ, ദിവ്യസ്നേഹത്തിൽ പഴത്തിരിക്കുന്ന ആത്മാവിൽ, ജനിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ പിതാവായ ദൈവം തന്റെ പുത്രനെ ആരിൽ സാക്ഷാൽക്കരിക്കുന്നുവോ ആ ആത്മാവു് ഇഹലോകത്തിൽ വച്ചുതന്നെ ഒരാത്മനിർവൃതി അടയുന്നു. നിത്യതയിൽ ഈ അനുഭവത്തിന്റെ തേജസ്സുരിക്കപ്പെട്ട ഒരു സ്ഥിതിവിശേഷം ഉളവാകും (Beatific vision). ജീവാത്മാവിനെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു് തന്റെ നിത്യപുത്രനെ ജീവാത്മാവിൽ നിരന്തരം സാക്ഷാൽകരിക്കുവാനാണ്. അതായതു് ക്രിസ്തുവിനെ (Eternal Christ) നമ്മിൽ ഉരുവാക്കുവാനാണ്. ദൈവമാതാവു തന്റെ ഉദരത്തിൽ ശരീരികമായി ദൈവപുത്രനെ വഹിച്ചതിലും മേൽപ്പെട്ട കാര്യം പരിശുദ്ധ അമ്മ ദൈവപുത്രനെ തന്റെ ആത്മാവിൽ ഉരുവാക്കിയതാകുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ചതിനേക്കാൾ ദൈവത്തിനു സന്തോഷപ്രദമായിരിക്കുന്നതു് ഒരാത്മാവിൽ ഇപ്രകാരം ജനിക്കുന്നതാകുന്നു.

ഭൂമിയിൽ എവിടെയായിരുന്നാലും ഒരുപോ

ലെ (At home) കരുതുവാൻ കഴിയുന്ന മനുഷ്യൻ ഈ ദൈവസാക്ഷാൽക്കരണത്തിന് കഴിവുള്ളവനായി എന്നു പറയാം. എവിടെയായിരുന്നാലും അയാൾ ദൈവത്തിലും ദൈവം അയാളിലും വസിക്കുന്ന അനുഭവബോധം വന്നാലെ ഈ "അററ് ഹോം" (At home) അനുഭവം വരികയുള്ളു. സൃഷ്ടികൾ, അതായത് ദൈവം ഒഴിച്ചുള്ളവ എല്ലാം അയാളിൽനിന്നു ഒഴിഞ്ഞുമാറുമ്പോഴാണ് Emptying) ദൈവത്തെ തന്നിൽതന്നെ അനുഭവിച്ചറിയുന്ന നിശ്ചലത്വം പ്രാപിക്കുന്നത്. യാതൊരു ബാഹ്യപരിസരങ്ങളും അയാളുടെ ആന്തരീയചിന്തയെ ബാധിക്കാതവണ്ണം നിഷ്ക്കാമാവസ്ഥയിൽ Holy-indifference) അയാൾ എത്തണം.

പ്രസാദവരം ഉയർന്ന അവസ്ഥയിൽ പ്രവർത്തിക്കുമ്പോൾ മാത്രമെ (Eminent & operating graces) ദൈവാത്മാവ് ജീവാത്മാവിലേക്ക് ശക്തിയായി പ്രവഹിക്കുകയുള്ളു—അപ്പോൾ ജീവാത്മാവ് പരമാത്മദർശനം പ്രാപിച്ച് ദൈവസ്വഭാവത്തിൽ DIVINE NATURE) ഭാഗഭാക്കായിത്തീരുന്നു. ഈ അവസ്ഥയിലല്ലാതെ നാസ്തികത്വത്തിൻെറ അമർന്ന പിടിയിൽനിന്നും ഒരു മനുഷ്യൻ സ്വതന്ത്രനാകുമെന്നു തോന്നുന്നില്ല — (ie Full union with God)

ഇങ്ങനെ ദൈവൈക്യജീവിതത്തിൻെറ അനുഭവത്തിൽ ഒരുത്തന് എത്തുവാൻ കഴിഞ്ഞാലെ അഖിലാണ്ഡത്തിലെ വിഷമപ്രശ്നങ്ങളിൽനിന്നും വിമുക്തനാകയുള്ളു. ഇങ്ങനെയുള്ള മനുഷ്യൻ ദാരിദ്ര്യംകൊണ്ടു ചലിക്കുന്നില്ല: കഷ്ടപ്പാടുകൾ ഒന്നിനു പുറകെ മറെറാന്നായി വരുമ്പോൾ പരിഭ്രമിക്കുന്നില്ല; നിന്ദാപമാനങ്ങൾ ഉണ്ടാകുമ്പോൾ ചുളുങ്ങിപ്പോകുന്നില്ല; ഞെരുക്കങ്ങളും പീഡകളും സംഭവിച്ചാൽ ഇളകിവശാകുന്നില്ല. മനഃസ്സോടെയും (Willingly) സന്തോഷത്തോടെയും (Gladly) ലാഘവത്തോടെയും (Easily) താൽപര്യത്തോടെയും Eagerly പ്രശാന്തതയോടെയും Unmoved അയാൾ വിപരീതങ്ങളെ അഭിമുഖീകരിക്കുന്നു.

[കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ട് ഏഴുകൊല്ലത്തെ പര്യവേക്ഷണഫലമായി ഞാൻ കണ്ട കലവറയാണിത്.]

**For favours received Inserted by**





S. Mariamma,
Sankarathil Veedu,
Vadakkupuram.

K. M. Thomas,
Chengannoor.

Mr. & Mrs. T. C. Varghese,
ESD Kandivli,
Bombay 67.

# എക്കുമെനിക്കൽ പ്രസ്ഥാനത്തിൽ ഒരു പുതിയ കാൽവയ്പ്

ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നിപ്പ് അവസാനിപ്പിച്ച് ഐക്യത്തിൽ എത്തിച്ചേരുവാൻ 23-ാമൻ ജോൺ മാർപ്പാപ്പയുടെ നേതൃത്വത്തിൽ ഒരു പുതിയ ഉണർവ്വ് കത്തോലിക്കരുടെയും അകത്തോലിക്കരുടെയും ഇടയിൽ ഉണ്ടായിട്ടുണ്ടല്ലോ. അതിന്റെ ഒരു പ്രായോഗിക ഫലമെന്ന നിലയിലാണ് സുവിശേഷ സമാജം എന്ന പേരിൽ ഒരു സംഘടന തിരുവല്ലായിൽ രൂപമെടുത്തത്. സമാജത്തിന്റെ രക്ഷാധികാരിയായ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ അത്താനാസിയോസ് തിരുമേനി സുവിശേഷ സമാജത്തിന്റെ ലക്ഷ്യത്തെ വിശദീകരിക്കുന്നതിനും മററുമായി ഏപ്രിൽ 8-ാം തീയതി നടത്തിയ ഒരു പ്രസ്സ് കോൺഫ്രൻസിൽ ഇപ്രകാരം പ്രസ്താവിച്ചു. "ഇവിടെയുള്ള എല്ലാ വൈദികരുടെയും ജനങ്ങളുടെയും ഒരുമിച്ചുള്ള പ്രവർത്തനത്തിന് ഈ സംഘടന അവസരങ്ങൾ സൃഷ്ടിക്കും. പ്രസംഗങ്ങൾ, സ്റ്റഡീക്ലാസ്സുകൾ മുതലായവവഴിയായി വിവിധ മത വിഭാഗങ്ങൾ തമ്മിലുള്ള തെററിദ്ധാരണകൾ മാറുക, സ്നേഹം വർദ്ധിപ്പിക്കുക, ഐക്യത്തിനായി ശ്രമിക്കുക എന്നുള്ളതാണ് സുവിശേഷസമാജത്തിന്റെ ലക്ഷ്യം. "ഇതിന്റെ ഡയറക്ടറായി റവ. ഫാ മാത്യു മൂഴിയിൽ എസ്. ജെ. യും അസി ഡയറക്ടറായി ഫാ. അഗസ്റ്റീൻ ഒ. ഐ. സി. യേയും നിയമിക്കപ്പെട്ടിരിക്കുന്നു".

## തിരുവല്ലാ സുവിശേഷ കൺവെൻഷൻ

സുവിശേഷസമാജത്തിന്റെ നേതൃത്വത്തിൽ വളരെ വിജയപ്രദമായി ഒരു കൺവെൻഷൻ ഏപ്രിൽ 12 മുതൽ 17 വരെ തിരുവല്ലായിൽ നടത്തപ്പെട്ടു. അകത്തോലിക്കാ സഹോദരങ്ങളുടെ ഹാർദ്ദവമായ സഹായ സഹകരണമാണ് ഈ കൺവെൻഷനെ ഏററം വിജയപ്രദമാക്കിയത്.

സുവിശേഷ സന്ദേശത്തിൽ ഏററം അടിസ്ഥാനപരമായിട്ടുള്ള പരസ്നേഹത്തിന്റെ പ്രാധാന്യം എല്ലാവരേയും കൂടുതലായി മനസ്സിലാക്കുകയും സ്നേഹചൈതന്യത്തോടെ ജീവിക്കുവാനും ഐക്യത്തിനായി പരിശ്രമിക്കുവാനും എല്ലാവർക്കും ഉദ്ബോധനം നൽകുകയുമാണ് ഇതിന്റെ ലക്ഷ്യം.

ഏപ്രിൽ 12-ാം തിയതി ഞായറാഴ്ച മാർ അത്താനാസിയോസ് തിരുമേനി പതാക ഉയർത്തിയ ശേഷം ഉൽഘാടനപ്രസംഗം നടത്തി. "ഇതര സഭാവിഭാഗങ്ങളിൽപെട്ടവരെ കത്തോലിക്കാസഭയിലേക്കു പിടിച്ചെടുക്കുവാനുള്ള ഒരു ശ്രമതന്ത്രമല്ല ഈ കൺവെൻഷൻ. സന്മനസ്സുള്ള എല്ലാവരും ആഗ്രഹിക്കുന്നതുപോലെ ക്രൈസ്തവ ഐക്യത്തിനായി ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനും പ്രവർത്തിക്കുന്നതിനുംവേണ്ടി എല്ലാവരുടെയും സഹകരണത്തോടുകൂടി നടത്തുന്ന ഒരു സംരംഭമാണിതെന്ന് അദ്ദേഹം വിശദമാക്കി".

അതിനു ശേഷം പ്രസംഗിച്ച ശ്രീ ഇ. എം. കോവൂർ പറഞ്ഞു "ക്രൈസ്തവ ഐക്യത്തിന്റെ ആവശ്യത്തെപ്പററി ലോകമാസകലം ജനങ്ങളുടെ ഇടയിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധത്തിൽ ഇപ്പോൾ കാണുന്ന താല്പര്യത്തിന് ജോൺ മാർപ്പാപ്പയുടെ നേതൃത്വമാണ് പ്രധാന നിദാനം. ദൈവതിരുവിഷ്ടമനുസരിച്ചുള്ള ഐക്യത്തിൽ എത്തിച്ചേരുന്നതിന് മനുഷ്യരുടെ ഭാഗത്തുനിന്നുള്ള സഹകരണം ആവശ്യമാണ്. ഇപ്രകാരമുള്ള ഒരു കളമൊരുക്കലാണ് ഈ കൺവെൻഷൻ. ഈ മഹത്തായ ഉദ്ദേശം സാധിക്കുവാൻ ഒരു പക്ഷെ എന്നെപ്പോലുള്ള എളിയ മനുഷ്യരെയും ഉപകരണമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ടാവാം. ആദ്ധ്യാത്മീയ ചൈതന്യം തിങ്ങിനില്ക്കുന്ന ഈ സദസിൽ പ്രസംഗിക്കുവാൻ ഞാൻ കേവലം അയോഗ്യനാണ്. എങ്കിലും സന്തോഷപൂർവ്വം ഈ ഉദ്യമ

ത്തിൽ പങ്കെടുക്കാമെന്ന് ഞാൻ സമ്മതിക്കുകയാണു് ചെയ്തതു്.

ഈ കൺവെൻഷനിലെ പ്രധാന പ്രസംഗകൻ ഫാദർ. ജോസഫ് വടക്കൻ ആയിരുന്നു. മൂന്നു ദിവസത്തേക്കു് അദ്ദേഹത്തിന്റെ വിജ്ഞാനപ്രദവും, ഭക്തിനിർഭരവും പ്രായോഗികവുമായ പ്രസംഗങ്ങൾ കത്തോലിക്കരെയും അകത്തോലിക്കരെയും ഒരുപോലെ ആകർഷിച്ചു. "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു" എന്ന സുവിശേഷവാക്യം ഉദ്ധരിച്ചുകൊണ്ടു് മൂന്നാംദിവസം അദ്ദേഹം ചെയ്തപ്രസംഗം സദസ്യരിൽ സ്ഥായിയായ ഒരു ആന്തരികപരിവർത്തനത്തിനു പ്രേരകമായി. "ക്രിസ്ത്യാനിയുടെബലം വെറും ജനസംഖ്യയിലുള്ള ഭൂരിപക്ഷത്തിലല്ല അടങ്ങിയിരിക്കുന്നതെന്നും, കറയററ ആദർശജീവിതത്തിലാണെന്നും" വിവിധ ജീവിതരംഗങ്ങളിൽ നിന്നു് ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗിച്ചു. മൂന്നുമണിക്കൂർ നീണ്ടുനിന്ന ഈ പ്രസംഗത്തിൽനിന്നും ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വത്തെപ്പററി സദസ്യർ തികച്ചും ബോധവാന്മാരായിത്തീർന്നു. ഫാ. വടക്കനെ കൂടാതെ ഫാ. ജോസഫ് തോട്ടിൽ സി. എം. ഐ., അടുത്തകാലത്തു് പെന്തക്കോസ്തു സഭയിൽനിന്നു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട ശ്രീ. വി. ററി. തോമസ്, ശ്രീ ഇ. ഐ. ജേക്കബ് എന്നിവരും ശ്രീ വി. എൽ. തോമസും പ്രസംഗങ്ങൾ നടത്തി റിട്ട. ഹൈജഡ്ജി മി. കെ. കെ. ചാക്കോ, കേരളാക്രിസ്ത്യൻ കൗൺസിൽ സെക്രട്ടറി ശ്രീ കെ. എ. മാത്യു, ഗൃഹദീപം പത്രാധിപർ ശ്രീ മാമ്മൻ ഫിലിപ്പ് (C. L. S), ശ്രീ കെ. എം. സഖറിയാ എന്നീ അകത്തോലിക്കാനേതാക്കന്മാരും സഭാഐക്യത്തിന്റെ ആവശ്യത്തെയും പരസ്നേഹത്തെയും കുറിച്ചു് പ്രസംഗങ്ങൾ ചെയ്തു. കത്തോലിക്കാസഭയോടുള്ള ആത്മാർത്ഥമായ ബഹുമാനവും സഭാഐക്യത്തിനുള്ള തീവ്രമായ ആഗ്രഹവും തെററിദ്ധാരണകൾ അകററി സഹകരിച്ചു് മുമ്പോട്ടുപോകുവാനുള്ള അഭിവാഞ്ഛയും അകത്തോലിക്കാസഹോദരങ്ങളുടെ ഇടയിൽ സ്പഷ്ടമായിരുന്നെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്.

സമാപനദിവസം ആദ്ധ്യക്ഷം വഹിച്ചതു് ദിവ്യ ശ്രീ. പീലിപ്പോസ് റമ്പാൻ ആയിരുന്നു. "നല്ല ശമറിയാക്കാരന്റെ ഉപമയെ ആസ്പദമാക്കി സഹോദര സ്നേഹത്തിന്റെ വിശാലമായ അർത്ഥത്തെയും പ്രായോഗിക വശങ്ങളെയും ഹൃദ്യമായ രീതിയിൽ വിശദീകരിച്ചുകൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. കത്തോലിക്കരും മററു ക്രൈസ്തവസഭാ വിഭാഗത്തിൽപെട്ടവരും ഭിന്നത ഉപേക്ഷിച്ചു് സഹകരിച്ചു പ്രവർത്തിക്കുവാൻ പല രംഗങ്ങൾ ഇപ്പോൾ തന്നെയുണ്ടെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇംഗ്ലണ്ടിലും സിലോണിലും മററും ചെയ്തുകൊണ്ടിരിക്കുന്നതുപോലെ കത്തോലിക്കരും അകത്തോലിക്കരും സഹകരിച്ചു് ഒരു ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതു് ഐക്യത്തിന്റെ പുരോഗതിക്കു് വളരെ സഹായകമാകുമെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയും അക്കാര്യത്തിൽ ശ്രമിക്കുവാൻ എല്ലാവരേയും ക്ഷണിക്കുകയും ചെയ്തു". കത്തോലിക്കാസഭാധി

For favours received



Inserted by
E. I. Annamma, Thumpamon.

കാരികളും അകത്തോലിക്കാ സഭകളും അംഗീകരിച്ചിട്ടുള്ള സഭാ ഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന എല്ലാദിവസവും നടത്തപ്പെട്ടു

തിരുവല്ലാ സി. എസ്സ് ഐ. പള്ളിവികാരി റവ. പി. എം. ജോർജ്ജ് നാലാം ദിവസം സമ്മേളനത്തിൽ പ്രസംഗിക്കുകയും സഭാഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന നടത്തുകയും ചെയ്തു. സംഗീതം, നാടകം മുതലായ കലകളെ

സുവിശേഷ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തണമെന്നുള്ളതാണ് സുവിശേഷസമാജത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. വിശുദ്ധ സെബസ്ത്യാനോസിന്റെയും ആദിമ നൂററാണ്ടുകളിലെ മററു രക്തസാക്ഷികളുടെയും ധീരോചിതമായ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള "വിശുദ്ധ സെബസ്ത്യാനോസ്" എന്ന നാടകം ഒന്നാംദിവസം പാലാ സി വൈ എം. എൽ. അവതരിപ്പിച്ചു. കത്തോലിക്കാസഭയുടെ മഹത്തായ ചരിത്രത്തെപ്പററി എല്ലാവർക്കും ബോധ്യമുണ്ടാകുവാനും ക്രൈസ്തവാദർശത്തിൽ അടിയുറച്ചു നിന്നുകൊണ്ട് ധീരമായി സമരം ചെയ്യുവാനും എല്ലാവർക്കും ഉത്തേജനം കൊടുക്കുവാനും ഉതകുന്നതായിരുന്നു ഈ നാടകം. സമാപനദിവസം വെണ്ണിക്കുളം സിസ്റ്റേഴ്സിന്റെ സ്ഥാപകയോഹന്നാൻ എന്ന കഥാപ്രസംഗം ഉണ്ടായിരുന്നു ശ്രീ. ജി. വി. അനിക്കാടന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധമായ ക്രൈസ്തവഗാനാലാപം ഈ കൺവെൻഷനെ വളരെ ആകർഷണീയവും ഭക്തിനിർഭരവും ആക്കിത്തീർത്തു. പരസ്യമായ വേദപുസ്തകവായന, ഭക്തിനിർഭരമായ പ്രസംഗങ്ങൾ മുതലായവ കത്തോലിക്കാസഭയെപ്പററിയുള്ള പല തെററിദ്ധാരണകളും മാറുന്നതിന് വളരെ സഹായിച്ചിട്ടുണ്ട്. മാർത്തോമ്മാ, യാക്കോബായ, സി. എസ്. ഐ. പെന്തക്കോസ്ത മുതലായ ക്രൈസ്തവ വിഭാഗങ്ങളിൽപെട്ട സ്ത്രീപുരുഷന്മാർ കത്തോലിക്കരോടൊപ്പം ആയിരക്കണക്കിന് കൺവെൻഷനിൽ ഭക്തിപൂർവ്വം പങ്കെടുത്തിരുന്നു. ഈ അകത്തോലിക്കാ സഹോദരങ്ങൾ ദൈവവാക്യം കേൾക്കുന്നതിൽ കാണിച്ച താല്പര്യവും, അച്ചടക്കവും അതുപോലെതന്നെ അവരുടെ പെരുമാററവും തികച്ചും മാതൃകാപരമായിരുന്നു. ചങ്ങനാശ്ശേരി, ഇടത്വാ, പായിപ്പാട്ട് മുതലായ കേന്ദ്രങ്ങളിൽ നിന്നുള്ള കത്തോലിക്കരുടെ സഹകരണം ഈ കൺവെൻഷനെ വളരെയധികം സഹായിച്ചു. കേരളത്തിൽ സഭാഐക്യത്തിനു വേണ്ടിയുള്ള ചരിത്രങ്ങളിൽ പുരോഗതിയുടെ ഒരു നാഴികക്കല്ലായിത്തന്നെ തിരുവല്ലായിൽ നടന്ന ഈ സുവിശേഷ കൺവെൻഷൻ കരുതാവുന്നതാണ്.

### സുവിശേഷസെമിനാർ

സുവിശേഷ സമാജത്തിന്റെ പ്രവർത്തകർക്ക് പരിശീലനം കൊടുക്കുവാൻ രണ്ടാഴ്ചത്തെ സെമിനാർ തിരുവല്ലാ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. മലങ്കരസഭാചരിത്രം, കൃപാവരം, കൂദാശകൾ, ദൈവരാജ്യം വേദപുസ്തകത്തിൽ, സമാഗമന കൂടാരം ഈ വിഷയങ്ങളെപ്പററി വെരി. റവ. മോൺ. വടശ്ശേരി, റവ. ഫാ. വട്ടക്കി എസ്സ് ജെ, റവ ഫാ പത്രോസ് രാമനാട്ട്, വെരി. റവ. ഗീവർഗീസ് കോറെപ്പിസ്കോപ്പ എന്നിവർ യഥാസമയം ക്ലാസ്സുകൾ എടുത്തു. സമാജത്തിലെ പ്രവർത്തകരെ കൂടാതെ മിശിഹാനുകരണ സംഘത്തിലെ ചില സന്യാസിനിമാരും ഈ സെമിനാറിൽ പങ്കെടുത്തിരുന്നു. വിശ്വാസ സംബന്ധമായ വിഷയങ്ങൾ സമാജത്തിലെ അംഗങ്ങൾ വിശദമായി പഠിച്ചശേഷം ഓരോ വിഷയങ്ങളേയുംപററി പ്രസംഗങ്ങൾ തയ്യാറാക്കി വൈദികാനുമതിയോടുകൂടി ആദ്യമായി കത്തോലിക്കരുടെ ഇടയിലും പിന്നീട് അകത്തോലിക്കാസഹോദരങ്ങളുടെ ഇടയിലും പ്രസംഗിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**For favours received**



**Inserted by**

**Rosamma, Mundeth,**
**Kattoor.**

# സ്വഭാവാതീത ജീവന്റെ വളർച്ച

***(By a. Carmelite Sister)***

എല്ലാ ജീവിതവും അതിന്റേതായ പ്രവൃത്തികൾമൂലം സ്വയം വെളിപ്പെടുത്തുന്നു. അതിനു പുറമേ, വളരുക, പൂർണ്ണതയിൽ എത്തിച്ചേരുക എന്നിവയും എല്ലാ ജീവിതത്തിന്റെയും പൊതുസ്വഭാവമാണ്. നമ്മുടെ അതിസ്വാഭാവിക ജീവിതവും ഈ നിയമത്തിന് ഒരപവാദമല്ല. വാനദൂതന്മാരോടു ചെയ്തതുപോലെ ഒരു നിമിഷംകൊണ്ട് നമുക്കായി നിശ്ചയിച്ചിരിക്കുന്ന പരിപൂർണ്ണതയിൽ നമ്മെ എത്തിക്കുവാൻ നമ്മുടെ കർത്താവിനു സാദ്ധ്യമാണ്. എന്നാൽ അപ്രകാരമല്ല അവിടുന്നു തിരുവുള്ളമായിരിക്കുന്നതു്. നമ്മുടെ വിശുദ്ധീകരണത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ യോഗ്യതകളും, നമ്മുടെ അതിസ്വാഭാവിക ജീവന്റെ മൂലതത്വം അവിടുത്തെ വരപ്രസാദവുമാണെന്നിരുന്നാലും, ആദ്ധ്യാത്മിക ജീവന്റെ പരിപുഷ്ടിക്കും പൂർണ്ണതാപ്രാപ്തിക്കും നാം നമ്മുടേതായ പങ്കു നിരന്തരം സംഭാവന ചെയ്യണമെന്ന് അവിടുന്ന് തീരുമാനിച്ചിരിക്കുന്നു. നമ്മിലുള്ള ദൈവിക ജീവിതത്തെ തടസ്സപ്പെടുത്തുന്നവയെല്ലാം നമ്മിൽ നിന്നു ദൂരീകരിക്കുന്നതോടൊപ്പം സഗ്ഗാത്മകമായി അതിനെ നമ്മിൽ വളർത്തുവാൻ ഉതകുന്നവയെല്ലാം ആശ്ലേഷിക്കുകയും വേണം. ദൈവിക ജീവൻ നമ്മിൽ സ്ഥിരപ്രതിഷ്ഠിതമാകുന്നതുവരെ, അതായതു് മരണംവരെ നാം ഇപ്രകാരം ചെയ്യേണ്ടിയിരിക്കുന്നു.

ജ്ഞാനസ്നാനാവസരത്തിൽ നമ്മിൽ ബീജാവാപം ചെയ്യുന്ന വരപ്രസാദ ജീവൻ എപ്രകാരം നമ്മിൽ വളരുകയും പുഷ്ടിപ്പെടുകയും ചെയ്യുന്നുവെന്നു നോക്കാം. നമ്മിലുള്ള ദൈവിക ജീവന്റെ പ്രധാനാവലംബം കൂദാശകളാണ്. കാരണം സൂര്യനിൽനിന്ന് സ്വയമേവ ചൂടും പ്രകാശവും പുറപ്പെടുന്നതുപോലെ, കൂദാശകൾ—നാം അവയുടെ പ്രവർത്തനത്തിനു തടസ്സമൊന്നും വയ്ക്കാത്തിടത്തോളം കാലം— അവയുടെ ഫലം ഉളവാക്കുന്നതാണ്. ഏറ്റവുമധികമായി ഈ ഫലം പുറപ്പെടുവിക്കുന്നതു വിശുദ്ധ കുർബാനയാണ്. കാരണം ദൈവിക ജീവന്റെ നീരുറവയിൽനിന്നു തന്നെയാണ് അപ്പോൾ നാം ജീവജലം പാനം ചെയ്യുന്നതു്. കൂദാശകൾക്കു പുറമേ പ്രധാനമായി സൽപ്രവൃത്തികളും ദൈവിക പുണ്യങ്ങളുടെയും സന്മാർഗ്ഗിക പുണ്യങ്ങളുടെയും അഭ്യാസവുമാണ് നമ്മിലുള്ള അതിസ്വാഭാവിക ജീവനെ പുഷ്ടിപ്പെടുത്തുന്നതു്.

സൽപ്രവൃത്തികൾ, ദൈവസ്നേഹത്താൽ പ്രചോദിതമായി, വരപ്രസാദാവസ്ഥയിൽ ചെയ്യപ്പെടുമ്പോഴെല്ലാം യോഗ്യതാപരമായിത്തീരുന്നു "യോഗ്യതാപരമായ ഓരോ പ്രവൃത്തിയും നമ്മിൽ വരപ്രസാദവർദ്ധനവിന് നിദാനമായിത്തീരുന്നു. വരപ്രസാദാവസ്ഥയിലുള്ള ഒരാത്മാവിന്റെ ഓരോ പ്രവൃത്തിയും നാം ദൈവമക്കളാണെന്നുള്ളതിനെ വെളിപ്പെടുത്തുന്നതിനും പുറമേ നമ്മെ അവിടുത്തെ സ്നേഹിതരാക്കുവാൻ ഉതകുന്ന നീതീകരണത്തിന്റെ വർദ്ധനവിനു കാരണമായിത്തീരുന്നു". (Council of Trent) അങ്ങനെ നമ്മുടെ സൽപ്രവൃത്തികൾ വർദ്ധിക്കുന്നതനുസരിച്ച് വരപ്രസാദവും വർദ്ധിക്കുന്നു. അതോടുകൂടെ ഉപവിയും പരിപുഷ്ടമാകുന്നു. തന്മൂലം സ്വർഗ്ഗത്തിൽ സിദ്ധമാകുന്ന മഹത്വവും വർദ്ധിക്കുന്നു.

എന്നാൽ പ്രധാനമായി നിവേശിത പുണ്യങ്ങളുടെ അഭ്യാസം വഴിയാണ് ദൈവിക ജീവൻ നമ്മിൽ വർദ്ധിക്കുന്നതു്. വരപ്രസാദം വഴിയായി നാം ദൈവമക്കളായിത്തീരുന്നു. അതിസ്വാഭാവിക നിവേശിത പുണ്യങ്ങൾ വഴിയായി ദൈവമക്കളായി വ്യാപരിക്കുവാനും നിത്യജീവിതത്തിലേയ്ക്കുപകരിക്കുന്നവ ചെയ്യുവാനും നാം പ്രാപ്തരായിത്തീരുന്നു. നമ്മിൽ നിവേശിതമാകുന്ന ദൈവിക പുണ്യങ്ങൾ വഴിയായി നാം ദൈവത്തെ അറിയുകയും തന്നിൽ പ്രത്യാശ വയ്ക്കുകയും ദൈവമക്കൾക്കു യോജിച്ച

വിധത്തിൽ അതിസ്വാഭാവികമായ രീതിയിൽ തന്നെ സ്നേഹിക്കുകയും ചെയ്യുന്നു.

ദൈവിക പുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി ഇവയാണ് സ്വാഭാവാതീത ജീവൻ നമ്മിൽ പരിപുഷ്ടമാകുവാൻ ഏററവും സഹായിക്കുന്നതു്. സ്വർഗ്ഗത്തിൽ നാം അഭിമുഖമായി ദർശിക്കുവാൻ പോകുന്ന ദൈവത്തെ ഈ ലോകത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നതു് വിശ്വാസമാകുന്ന തിരശ്ശീലയിൽക്കൂടെ മാത്രമാണു്. കണ്ണു കണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടില്ലാത്തതുമായ ആ സൗഭാഗ്യത്തെ—ദൈവം തൻെറ സ്നേഹഭാജനങ്ങൾക്കായി ഒരുക്കിയിരിക്കുന്ന പരമ സൗഭാഗ്യത്തെ—നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു് ശരണമാണു്. വിശ്വാസത്തെയും ശരണത്തെയും പൂർത്തിയാക്കിക്കൊണ്ടു് ദൈവത്തിനുവേണ്ടിയുള്ള ക്ഷുത്പിപാസകൾ നമ്മിൽ ഉൽപാദിപ്പിക്കയും നമ്മുടെ ഹൃദയാഭിലാഷങ്ങളെ തന്നിലേയ്ക്കു ഉന്നമിപ്പിക്കുകയുമാണു് ഉപവി ചെയ്യുന്നതു്. തന്മൂലം ഈ പുണ്യങ്ങളുടെ വർദ്ധനവു് നമ്മിൽ ഉണ്ടാകുന്നതിനു വേണ്ടി നാം തീവ്രമായി പ്രാർത്ഥിക്കണം. എൻെറ ദൈവമേ, എൻെറ വിശ്വാസത്തെ വർദ്ധിപ്പിക്കണമേ, ശരണത്തെ ഉറപ്പിക്കണമേ, അവിടുത്തെ തിരുമനസ്സല്ലാതെ മററു യാതൊന്നും അന്വേഷിക്കാത്തവിധം സ്നേഹത്തെ ഉജ്ജ്വലിപ്പിക്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

വിശ്വാസവും ശരണവും ഈ ലോകംകൊണ്ടു കടന്നുപോകുമെന്നും മരണത്തിനപ്പുറത്തു നിലനില്ക്കുന്നതു് ഉപവി മാത്രമാണെന്നും നമുക്കറിയാം. മററു പുണ്യങ്ങളുടെ അഭ്യാസത്തോടുകൂടെ ഉപവികൂടി ചേർന്നു കഴിയുമ്പോൾ അതു് അവയ്ക്കു പ്രത്യേകമായ ഒരു പ്രഭ പ്രദാനം ചെയ്യുന്നു. ഉദാഹരണമായി അനുവദനീയമായ ഒരു സന്തോഷം നാം പരിത്യജിക്കുമ്പോൾ അതു മിതത്വമെന്ന പുണ്യത്തിൻെറ പ്രവൃത്തിയാണു്. ദൈവസ്തുതികൾ ആലപിച്ചുകൊണ്ടു് നാം അവിടുത്തെ മഹത്വപ്പെടുത്തുമ്പോൾ അതു ദൈവാരാധനയുടെ ഒരു പുണ്യമാണു്. പ്രസാദവരസ്ഥിതിയിലുള്ള ഒരാത്മാവു് ഈ പ്രവൃത്തികൾ ഓരോന്നും ചെയ്യുമ്പോൾ അതിനു് അതിൻെറതായ പ്രത്യേക വിലയും യോഗ്യതയും ഉണ്ടു്. എന്നാൽ ദൈവസ്നേഹത്തെപ്രതി എന്നുള്ള പ്രകടമായ നിയോഗത്തോടുകൂടെ അതു ചെയ്യുമ്പോൾ, മററു പുണ്യങ്ങളുടെ മാററു് ഒട്ടും കുറയുന്നില്ലെന്നു മാത്രമല്ല, അവ പ്രത്യേകമായ ഒരു നിറപ്പകിട്ടു് ആർജ്ജിക്കുകയും ചെയ്യുന്നു. നമ്മുടെ പുണ്യാഭ്യാസങ്ങൾ ഓരോന്നും എത്രമാത്രം ദൈവസ്നേഹത്താൽ പ്രചോദിതമാകുന്നുവോ, അതായതു് സ്വാർത്ഥത ലവലേശം തീണ്ടാതെ, ദൈവമഹത്വം മാത്രം എത്രയധികം നമ്മുടെ പ്രവൃത്തികളുടെ പ്രേരകമൂലമായിത്തീരുന്നുവോ അത്രയധികം സ്വാഭാവാതീത ജീവനിലും വരപ്രസാദത്തിലും നാം ത്വരിതഗമനം ചെയ്യും. ഇതിൽനിന്നും നമുക്കു മനസ്സിലാക്കാം വരപ്രസാദ ജീവൻെറ വർദ്ധനവും, സ്നേഹത്തിൻെറ തോതനുസരിച്ചായിരിക്കും എന്നു്.


അന്തരംഗ ജീവിതത്തെപ്പററി വളരെ മഹത്തായ പ്രബോധനം നൽകുന്ന വി. ഫ്രാൻസിസ് സെയിൽസിനെ നമുക്കു ശ്രവിക്കാം: "സ്നേഹം ഒരു ഹൃദയത്തിൽ തീക്ഷ്ണതയേറിയതും, ശക്തിമത്തും അമൂല്യവുമായിരിക്കുമെങ്കിൽ, അതിൻെറ ഓരോ പ്രവൃത്തിയേയും അതു പരിപൂർണ്ണതയിൽ എത്തിക്കുന്നു...........ദൈവസ്നേഹത്താൽ ഭരിതമായ ഒരാത്മാവിൻെറ എത്രയും നിസ്സാരമായ സൽപ്രവൃത്തിപോലും സ്നേഹം മന്ദവും ശക്തിഹീനവുമായ ഒരാത്മാവിൻെറ രക്തസാക്ഷിത്വത്തേക്കാൾ വിലയുള്ളതാണു്". വിശുദ്ധ സെയിൽസ് നമ്മുടെ കർത്താവിൻെറ മാതൃക നമ്മുടെ മുമ്പിൽ വയ്ക്കുന്നു. മുപ്പതു വയസ്സുവരെയുള്ള തൻെറ നസ്രസിലെ ജീവിതം അറിയപ്പെടാത്ത ഒരു ജീവിതമായിരുന്നു. അദ്ധ്വാനത്തിൻേറതും, കേവലം സാധാരണ ജോലികൾ ചെയ്തുകൊണ്ടുള്ളതുമായ ഒരു ജീവിതമായിരുന്നു അതു്. ലോകത്തിൻെറ ശ്രദ്ധ ആകർഷിക്കത്തക്ക യാതൊരു പ്രവൃത്തിയും അവിടുന്നു ചെയ്തില്ല. എന്നാൽ തൻെറ ജീവിതം നിത്യപിതാവിനു് ഏററം പ്രസാദാത്മകമായിരുന്നു. കാരണം ഒന്നാമതു് സ്വഭാവത്താലെ തന്നെ അവിടുന്നു ദൈവപുത്രൻ; രണ്ടാമതു് തൻെറ പ്രവൃത്തികളോരോന്നും ബാഹ്യമായ പരിപൂർണ്ണതയോടുകൂടെ ചെയ്തുവെന്നു മാത്രമല്ല, ദൈവമഹ

ത്വം എന്ന ഏകലക്ഷ്യം മാത്രമേ അവശ്യ നിദാനമായിരുന്നുള്ളൂ

ഒരേ സാഹചര്യത്തിൽ ജീവിച്ചുകൊണ്ടു് ഒരേ ബാഹ്യാനുഷ്ഠാനങ്ങൾതന്നെ നടത്തുന്ന രണ്ടു ഭക്താത്മാക്കളെ നാം കണ്ടുവെന്നു വരാം രണ്ടുപേരും വരപ്രസാദ സ്ഥിതിയിൽതന്നെ എന്നു സങ്കല്പിക്കുക. എന്നാലും ഒരാൾ പ്രസാദവരത്തിൽ വർദ്ധിക്കുമ്പോൾ, മററയാൾ ആദ്യാവസ്ഥയിൽതന്നെ നിലനിന്നെന്നുവരാം. ബാഹ്യമായ പരിപൂർണ്ണത ഇരുവരുടേയും പ്രവൃത്തികൾക്കു തുല്യമാണു്. പിന്നെ എന്താണു് ഈ വ്യത്യാസത്തിനു കാരണം? ആന്തരിക പരിപൂർണ്ണതയിലുള്ള, അതായതു് സ്നേഹത്തിൻെറ തൈക്ഷ്ണ്യം, ഉപവിയുടെ ആഴം ഇതിലുള്ള വ്യത്യാസമാണു്. രണ്ടുപേരും ഒരേ പ്രവൃത്തി ചെയ്യുന്നു. പക്ഷെ ഒരാൾ ദൈവിക താല്പര്യങ്ങളെപ്പററി ചിന്തിക്കുന്നില്ല. സ്വയസ്നേഹം, വൃഥാഭിമാനം, അശ്രദ്ധ ഇവയും മററു പല സ്വാഭാവിക ലക്ഷ്യങ്ങളും കടന്നുകൂടുന്നതിനാൽ അയാളുടെ പ്രവൃത്തി യോഗ്യതാരഹിതമായിത്തീരുന്നു

ദൈവിക ജീവൻ നമ്മിൽ തഴച്ചു വളരണമെങ്കിൽ നമ്മുടെ എല്ലാ പ്രവൃത്തികളും സദാ ദൈവമഹത്വത്തിനായി ചെയ്യുവാൻ നാം അഭ്യസിക്കണം. നമ്മുടെ ശുദ്ധ നിയോഗത്തെ കൂടെക്കൂടെ നാം നവീകരിക്കുന്നതുമൂലം നമ്മിലുള്ള ദൈവസ്നേഹാഗ്നി സദാ ജാജ്വല്യമാനമായി നിലകൊള്ളും. അങ്ങനെ ഓരോ സൽപ്രവൃത്തിയും ദൈവിക ജീവൻെറ വർദ്ധനവിനായി പരിണമിക്കും. ഭക്തിയിൽ ത്വരിതഗമനം ചെയ്യണമെങ്കിൽ നമ്മുടെ എല്ലാ പ്രവൃത്തികളും അനുദിനം നാം ദൈവത്തിനു സമർപ്പിക്കണം. എന്നാല്ല ദിവസത്തിൽ അനേകം പ്രാവശ്യം സുകൃതജപോച്ചാരണം വഴിയായും ഹൃദയത്തിൻെറ ഉന്നമനം വഴിയായും ദൈവസ്നേഹത്തിനു നാം സ്വയം സമർപ്പിക്കണം. ഇപ്രകാരം ദൈവസ്നേഹപ്രകരണങ്ങൾ സദാ ഉരുവിട്ടുകൊണ്ടു് അവിടുത്തെ തൃക്കരങ്ങളിൽ സ്വയം സമർപ്പിക്കുന്ന ഒരാത്മാവു് തീർച്ചയായും അതിൻെറ എല്ലാ പ്രവൃത്തികളും ദൈവത്തിലും ദൈവത്തിനു വേണ്ടിയുമാണു് ചെയ്യുന്നതെന്നുള്ളതു് നിസ്സംശയമാണു്. "നിങ്ങൾ ഭക്ഷിക്കയോ പാനം ചെയ്യുകയോ എന്തുതന്നെ ചെയ്താലും ദൈവസ്നേഹത്തെപ്രതി ചെയ്യുവിൻ" എന്നു് വി. പൗലോസ് ശ്ലീഹാ പറയുമ്പോഴും അദ്ദേഹം ഈ ആശയം തന്നെയാണു് നൽകുന്നതു്. സ്വയമേവ പുണ്യപ്രവൃത്തികളായവ മാത്രമല്ല, അനുദിന ജീവിതത്തിലെ ഓരോ നിസ്സാര സംഗതിയും—നമ്മുടെ ജീവിത കടമകളുടെ നിർവഹണം, സാമൂഹ്യ കർത്തവ്യങ്ങളുടെ അനുഷ്ഠാനം ഇങ്ങനെ ഓരോ ദിവസവും നാം ആവർത്തിക്കുന്നവയോരോന്നും—വരപ്രസാദവും സ്നേഹവും വഴിയായി ദൈവത്തിനു വളരെ പ്രിയംകരവും നമുക്കു വളരെ യോഗ്യതാദായകവുമാക്കിത്തീർക്കാം.


**For favours received**



**Inserted by**

K. G. Mariamma,
Kizhakkedath House.


സ്നേഹവും വരപ്രസാദവും നമ്മുടെ എല്ലാ പ്രവൃത്തികളേയും ആവരണം ചെയ്തു കഴിയുമ്പോൾ, നമ്മുടെ ജീവിതം മുഴുവനും നിത്യപിതാവി

ൻെറ മഹത്വത്തെ പ്രകീർത്തിക്കുന്ന ഒരനശ്വര സ്തുതി കീർത്തനമായിത്തീരുന്നു. കണ്ടാലും ക്രിസ്തീയ ജീവിതം എത്ര ലളിതവും അതേ സമയം എത്ര ഉന്നതവുമാണെന്ന്!

വരപ്രസാദ ജീവൻെറ വളർച്ച എപ്പോഴാണ് പൂർണ്ണതയിൽ എത്തുക? നാം ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം നമുക്കു പ്രസാദ വരത്തിൽ വളരുവാൻ സാധിക്കും. ജ്ഞാനസ്നാനാവസരത്തിൽ ദൈവിക ജീവൻെറ ഉറവ നമ്മിലേയ്ക്കു പ്രവഹിക്കുവാൻ ആരംഭിച്ചു. ആ നീരുറവ നമ്മുടെ ആത്മാവിനെ നനച്ചുകൊണ്ടു് നമ്മുടെ ആത്മികാനന്ദത്തെ വർദ്ധമാനമാക്കുവാൻ കാരണമാക്കുന്നു. ദിവ്യസാഗരത്തിൽ നിപതിക്കുന്നതുവരെയും അതു വളർന്നുകൊണ്ടിരിക്കും.

ദൈവിക ജീവൻ നമ്മിൽ വളർത്തിക്കൊണ്ടുവരുവാൻ നാം നിരന്തരം പരിശ്രമിക്കണം. വി. പൗലോസിൻെറ, താഴെ പറയുന്ന വാക്കുകൾ നമുക്കു തികച്ചും ഉത്തേജനകമാണു്. "എൻെറ സഹോദരന്മാരേ, ഞാൻ പിടിച്ചുവെന്ന് എന്നെക്കുറിച്ചു തന്നെ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം എനിക്കറിയാം. ഞാൻ എൻെറ പിമ്പിലുള്ളവയെ മറന്നിട്ട് എൻെറ മുമ്പിലുള്ളവയിലേയ്ക്കു ആഞ്ഞുകൊണ്ടു് ഈശോമിശിഹാ മൂലമായി മുകളിൽ നിന്നുള്ള ദൈവവിളിയുടെ വിരുതു പ്രാപിക്കുവാനായി ലക്ഷ്യത്തിൻെറ നേരേ ഓടുന്നു".

എന്തിനായിട്ടാണ് തൻെറ സർവ കഴിവുകളോടുംകൂടെ വിശുദ്ധൻ ലക്ഷ്യത്തിൻെറ നേരേ ഓടുന്നതു്? ക്രിസ്തുവിലുള്ള അതിസ്വാഭാവിക വിളിയുടെ സമ്മാനം പ്രാപിക്കുവാൻ. അതേ നിത്യപിതാവിൻെറ മഹത്വത്തിനുവേണ്ടിയാണ് നാം സമൃദ്ധമായ ഫലം പുറപ്പെടുവിക്കേണ്ടതു്. ദൈവിക ജീവൻ നമ്മിൽ തഴച്ചുവളരുന്നതിനുവേണ്ടിയാണ് ക്രിസ്തു തൻെറ എല്ലാ യോഗ്യതകളേയും തൻെറ പരിശുദ്ധാത്രപിതയേയും തിരുസഭയെത്തന്നെയും നമുക്കു നൽകിയിരിക്കുന്നതു്.

ദൈവഹിതം നമ്മിൽ പ്രവർത്തികമാക്കുവാൻവേണ്ടി നമുക്കു പരിശ്രമിക്കാം. നമ്മുടെ പ്രവൃത്തികൾ മററുള്ളവർ കണ്ടു് അവർ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകത്തക്കവണ്ണം നമുക്കു പ്രവർത്തിക്കാം. ദൈവമാണ് നമ്മുടെ വിശുദ്ധീകരണത്തിൻെറ ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ കർത്താവു് എന്നതു ശരിതന്നെ. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവ വരപ്രസാദത്തിലാകുന്നു" എന്നോടുകൂടിയുള്ള അവൻെറ കൃപ വ്യർത്ഥമായിപ്പോയില്ല മറിച്ചു് അവരെല്ലാവരേയുംകാൾ ഞാൻ അല്ല, എന്നോടുകൂടെയുള്ള അവൻെറ കൃപ അദ്ധ്വാനിച്ചിട്ടുണ്ടു". (വി പൗലോസ്) എന്നാൽ വരപ്രസാദവർദ്ധനവു് ദൈവം നമ്മിൽ ഉളവാക്കണമെങ്കിൽ നാം നടുകയും വെള്ളമൊഴിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്. വീണ്ടും വി. പൗലോസ് പറയുന്നു: "ഞാൻ നട്ടു. അപ്പോളോ നനച്ചു. എന്നാൽ ദൈവം വളർത്തി" (കൊറി. 11, 6)

സുകൃതങ്ങളുടെ പ്രത്യേകിച്ചു് ദൈവികപുണ്യങ്ങളുടെ ഫലദായകമായ അഭ്യാസംവഴിയായും സമസ്തവും ദൈവമഹത്വത്തിനു വേണ്ടി

**For favours received**




**Inserted by**
K. J. Idicula,
S. H. B. T. School
Mylapra P. O. Pathanamthitta.

ചെയ്യുക എന്നുള്ള നിരന്തരമായ ഉദ്ദേശ്യം വഴിയായും പരിശുദ്ധാത്മാവിന്റെ പ്രവൎത്തനങ്ങൾക്ക് നമ്മുടെ ഉള്ളിൽ ഏററവും വലിയ സ്വാതന്ത്ര്യം നൽകുവാൻ നമുക്ക് സർവാത്മനാ പരിശ്രമിക്കാം. അപ്രകാരമാണു് ശിരസ്സായ മിശിഹായിൽ നാം വളർച്ച പ്രാപിക്കേണ്ടതു്. അതിനുവേണ്ടിയാണ് ക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നതു്. വിശുദ്ധിയുടെ വഴിയിൽ നിശ്ചലനായി നില്ക്കുക എന്നതു് പിന്നോക്കം പോകുകയാണ്. നാം ഇഹലോകത്തിലായിരിക്കുന്നിടത്തോളംകാലം നമുക്ക് വിശുദ്ധിയിൽ പുരോഗമിക്കുവാൻ സാധിക്കും. നമ്മുടെ കർത്താവു തന്നെ അരുളിച്ചെയ്യുന്നു. "എന്നെ അയച്ചവന്റെ പ്രവൎത്തികൾ, പകൽ ഉള്ളതുവരെ ഞാൻ ചെയ്യേണ്ടതാകുന്നു. ആർക്കും വേലചെയ്യാൻ പാടില്ലാത്ത രാത്രി വരുന്നു." (വി. യോഹ. 12 4)


കണ്ണുനീരിന്റെ ഈ താഴ്‌വരയിലെ നമ്മുടെ വിപ്രവാസം അവസാനിക്കുകയും മരണം എന്നേക്കുമായി നമ്മുടെ അദ്ധ്വാനങ്ങൾക്കു കടിഞ്ഞാൺ ഇടുകയും ചെയ്യുന്നതായ ആ സമയം ആഗതമാകുമ്പോൾ നമ്മുടെ കർത്താവു നമ്മെ സംബന്ധിച്ച് ഹിതമായിട്ടുള്ള പരിപൂർണ്ണത നാം പ്രാപിച്ചു കഴിഞ്ഞുവെന്നു സമാശ്വസിക്കുവാനും അതിനു സമ്മാനമായി അവിടുന്നു നമുക്ക് ഒരുക്കിവച്ചിരിക്കുന്ന വലിയ സമ്മാനം പ്രാപിക്കുവാൻ സസന്തോഷം അവിടുത്തെ സന്നിധിയിലേക്കു ഓടിയണയുന്നതിന് സാധിക്കുവാനുമായി പകലുള്ള ഇപ്പോൾ നമുക്കദ്ധ്വാനിക്കാം

(ആശയാനുവാദം)


# For favours received Inserted by



K. J. Idicula,
S. H. B. T. School
Mylapra P. O. Pathanamthitta



P. C. Cherian,
A. D. E. Mines
Durg. M. P.



Dominic,
Thannimoottil
(Exuse delay)

# സഭാഐക്യപ്രസ്ഥാനത്തിൻെറ പുരോഗതി

[തുടർച്ച]

(Fr. Markos, Kelachandra)

## അതെനാഗോറസ് മെത്രാപ്പോലീത്ത പറഞ്ഞതു്:–

ചരിത്രം സൃഷ്ടിക്കുന്നതായ ഇന്നത്തെ ഈ ഐക്യസമ്മേളനത്തിൽ നാം ദർശിക്കുന്നതു് വരുവാൻ ഇരിക്കുന്ന കാര്യങ്ങളുടെ ഒരു പ്രതിഛായയാണു്. ഏതാനും വർഷങ്ങൾക്കു മുമ്പായിരുന്നെങ്കിൽ ഇപ്രകാരം ഒരു സാർവ്വത്രിക പ്രാർത്ഥനാസമ്മേളനത്തെപ്പററി ആശിക്കുകയോ വിളിച്ചുകൂട്ടുന്നകാര്യം ചിന്തിക്കുകയോ ചെയ്യുവാൻ സാദ്ധ്യമായിരുന്നില്ല. ഇന്നു് അതു് ഒരു യഥാർത്ഥമായിത്തീർന്നിരിക്കുന്നു. പാശ്ചാത്യരും, പൗരസ്ത്യരും ആയ ക്രിസ്ത്യാനികൾ, ക്രിസ്തീയ ലോകത്തിലെ മൂന്നു പ്രധാന വിഭാഗങ്ങളെ പ്രതിനിധീകരിച്ചു് പ്രാർത്ഥനകളും, കൃതജ്ഞതയും, ഒന്നുചേർന്നു് അർപ്പിക്കുന്നതിനു് അവരുടെയെല്ലാം രക്ഷിതാവിൻെറ കുരിശിൻ ചുവട്ടിൽ വിനയപൂർവ്വം നിൽക്കുന്നു. നമ്മുടെ പൊതുവായ ഉദ്ദേശം, താല്പര്യത്തോടും വിനയത്തോടും കൂടി സത്യാത്മാവായ പാറക്ലീത്തായോടു് നമ്മുടെ സാഹോദര്യത്തിൻെറ ശൃംഗല ദൃഢപ്പെടുത്തുവാനും ക്രിസ്തീയ ജനങ്ങൾ എല്ലാം ഒടുവിൽ ഒന്നായിത്തീരുക എന്ന ദൈവതിരുഹിതം നിവൃത്തിയാകുന്ന വേലയിൽ നമ്മെതന്നെ നാം പ്രതിഷ്ഠിക്കും എന്ന ഒരു വാഗ്ദത്തം ചെയ്യുവാൻ നമ്മെ സഹായിക്കുവാനും സ്വയം രക്ഷിക്കുവാനും നാം നിർമ്മിച്ച രക്ഷാവലയങ്ങൾ ഇപ്പോൾ ദുർവഹങ്ങളും, അത്യാവശ്യങ്ങളും ഏതിനുവേണ്ടി നാം എല്ലാവരും ഒന്നിച്ചു് നില്ക്കുന്നുവോ, ആയതിനു് എതിരും ആയിട്ടാണു് ഇപ്പോൾ തോന്നുന്നതു്. നാം എങ്ങനെ വിചാരിക്കുന്നു എന്നു് അന്യോന്യം ഏററുപറയേണ്ടിയിരിക്കുന്നു. ചിന്താശീലരും, മനസ്സാക്ഷിയുള്ളവരുമായ ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിലും, മനസ്സുകളിലും ഒരു അവശതാബോധം കടന്നുകൂടിയിട്ടുണ്ടു്.

സ്വയം അഭിമാനിച്ചും, സ്വയം നീതീകരിച്ചും, സ്വയം തൃപ്തിപ്പെട്ടും, വേർപെട്ടു് നില്ക്കുണമെന്നുണ്ടായിരുന്ന ഈ നിർബന്ധബുദ്ധിക്കുള്ളിൽ ഈ അവശതാബോധം നാം കണ്ടുകഴിഞ്ഞിരിക്കുകയാണു്. നമ്മുടെ സ്വന്തം അഭിപ്രായങ്ങളെ നീതികരിക്കുവാനുള്ള തീക്ഷ്ണതയിൽ, മററുള്ളവരുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതിനു് വേണ്ട വേദശാസ്ത്രങ്ങൾ കണ്ടുപിടിക്കുന്നതിലും, തെളിവുകൾ ശേഖരിക്കുന്നതിലും നാം വ്യാപൃതരായിരുന്നു. നമ്മുടെ ലൈബ്രറികളിൽ പണ്ഡിതോചിതമായി എഴുതപ്പെട്ടിരിക്കുന്നവയെങ്കിലും മുൻവിധികളും, തെററുകളും ഉൾക്കൊള്ളുന്ന അനേകം വേദശാസ്ത്രങ്ങളുണ്ടു്. ആധുനിക ചിന്താഗതി മുൻനിറുത്തി ഒരു വിധി കല്പിക്കുന്നപക്ഷം അത്തരം വേദശാസ്ത്രങ്ങൾ സാർവ്വത്രിക ക്രിസ്തീയ ഐക്യം ആഗ്രഹിക്കുന്ന ഒരാളിൻെറ പ്രാഥമികാഗ്രഹത്തിനു് ചേന്നതാണെന്നു് പറവാൻ നിർവ്വാഹമില്ല. ഇന്നു് ഒരു പുതിയ വേദശാസ്ത്രം നമ്മുടെ ക്രിസ്തീയ ബോധത്തിൻെറ അടിത്തട്ടിൽനിന്നു് ഉയർന്നുവന്നു് നമ്മുടെ ശ്രദ്ധയെ ആകർഷിയ്ക്കുന്നുണ്ടു്. അതു് ഐക്യമെന്ന വേദശാസ്ത്രമാണു്.

നമ്മുടെ ക്രിസ്തീയാനുഭവത്തിൽ നിന്നു് കാലക്രമംകൊണ്ടു് ഉടലെടുത്ത ഒരു ആഗ്രഹമാണു് ഇതു് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ആഗ്രഹമാണിതു് എന്നിരുന്നാലും അതിൻേറതായ ഒരു ഇടുങ്ങിയ ചട്ടക്കൂട്ടിൽക്കൂടി കടന്നുപോകേണ്ടതായിട്ടും യഥാസ്ഥിതപരമായ എതിർപ്പുകളും വിമർശനങ്ങളും നേരിടേണ്ടതുമായിട്ടാണു് സ്ഥിതിഗതികൾ ഇപ്പോഴും ഇരിക്കുന്നതു്. എത്ര സമ്മേളനങ്ങൾ നടത്തിയാലും എത്ര പ്രസംഗങ്ങൾ കേട്ടാലും അഭിപ്രായഭിന്നതകളുടെ ആഴത്തിനോ, ശക്തിക്കോ കുറവുകാണുന്നില്ല. ഇതു പരമാർത്ഥമാണെങ്കിലും വ്യത്യാസങ്ങൾ അവഗണിച്ചു് തങ്ങളുടെ സ്വന്തം വലപ്പിൽതന്നെ കഴിച്ചു

കൂട്ടുന്നതിൽ തൃപ്തിതോന്നാത്തവരാണ് അനേകംപേരും എന്നാലും ഒരു യഥാർത്ഥമാണ് സ്വന്തം ഗ്രൂപ്പിൽപെട്ടവരെ 'നമ്മൾ' എന്നും മററുള്ളവരെ 'അവർ' എന്നും പറയുന്നതുതന്നെ വിഷമകരമായി നമുക്കു തോന്നേണ്ടതാണ്. ആന്തരീകമായ ഈ അസംതൃപ്തിയിൽ അനുഗ്രഹകരമായ ഒരു അനുഭവം അന്തർഭവിച്ചിട്ടുണ്ട്. അതിന്റെ അർത്ഥവ്യാപ്തിയും ആഴവും നമ്മുടെ ഈ പുതിയ വേദശാസ്ത്രപ്രകാരം വ്യാഖ്യാനിക്കേണ്ടതും അപ്പോൾ ക്രിസ്തു തന്റെ മുറിപ്പെട്ടതും, നൊമ്പരപ്പെടുന്നതുമായ ശരീരമാകുന്ന സഭയ്ക്ക് വേണ്ടി പ്രവർത്തിപ്പാൻ നമ്മോട് ആവശ്യപ്പെടുന്നു എന്ന ബോധം നമുക്കുണ്ടാകേണ്ടതുമാകുന്നു. അങ്ങനെ നാം എല്ലാവരും ഈ അനുഭവം നമ്മുടെയും എല്ലാ ക്രിസ്ത്യാനി നേതാക്കന്മാരുടെയും, ജനങ്ങളുടെയും, ഹൃദയങ്ങളിൽ ജ്വലിച്ച് ക്രിസ്തുവിൽ നാം എല്ലാവരും ഒന്നായി ഐക്യപ്പെടുക എന്ന അനുഗ്രഹീതലക്ഷ്യം പ്രാപിക്കുവാൻ മനഃപ്പൂർവ്വം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം."

## അത്യുന്നത കർദ്ദിനാൾ പോൾ എമിൽലിജർ പറഞ്ഞതു്:–

നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടുള്ള വിശ്വാസത്തിൽ യോജിച്ചിരിക്കുന്നവർ തമ്മിൽ തമ്മിൽ ഐക്യം സ്ഥാപിക്കുവാൻ മനപ്പൂർവ്വം ആഗ്രഹിക്കുകയും, അതിനായി പരിശ്രമിക്കുമെന്നു, ദൃഢനിശ്ചയം ചെയ്യുകയും ചെയ്യുന്ന എല്ലാവർക്കും എന്റെ അകമഴിഞ്ഞ കൃതജ്ഞത. ക്രിസ്തീയലോകം ഒട്ടാകെ ഒരു യോജിപ്പുണ്ടാകുന്നതിനുള്ള ആഗ്രഹം പ്രചരിക്കുന്നതിൽ ഈ (Conference) സമ്മേളനം ചെയ്തിട്ടുള്ള സേവനം നമുക്കറിയാം ഇതിൽ സംബന്ധിക്കുന്ന എല്ലാവരും ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ നാം എല്ലാവരും ഒന്നാകണമെന്നുള്ള തന്റെ താല്പര്യത്തെപ്പററി കൂടുതൽ ബോധവന്മാരായിത്തീരുകയാണ്. ഈ ഐക്യം ദൈവത്തിന്റെ ദാനവും പ്രാർത്ഥനയുടെ ഫലവുമാണ്. ആത്മപ്രശംസയിൽനിന്ന് ഹൃദയങ്ങൾ വെടിപ്പാക്കപ്പെട്ട് ബുദ്ധിയെ വിശ്വാസത്തിന് കീഴ്പ്പെടുത്തി പ്രയാണംചെയ്ത് എത്തിച്ചേരേണ്ട ഒരു ലക്ഷ്യമാണിതു്. ക്രിസ്ത്യാനി ഈ ജീവിതത്തിൽ അവന്റെ ആത്മാവിലും, ജഡത്തിലും ക്രിസ്തുവിന്റെ കഷ്ടാനുഭവം മരണവും ഉയർപ്പും പ്രതിബിംബിപ്പിക്കുവാൻ വിളിക്കപ്പെട്ടവനാണ്. ഐക്യം എന്ന ലക്ഷ്യത്തിൽ എത്തുവാൻ പ്രാർത്ഥനയേക്കാളും കൂടുതലായി വി. കർമ്പാന നമുക്ക് ആവശ്യമാണ്. കൂദാശപരമായി ക്രിസ്തുവിന്റെ ശരീരത്തോടുള്ള ബന്ധ വഴിയായി കർത്താവു് നമുക്ക് ഐക്യം പ്രദാനം ചെയ്യുകയും വിശുദ്ധാത്മാവു് കർത്താവിന്റെ രൂപത്തിൽ നമ്മെ ആകൃതിപ്പെടുത്തുകയും അങ്ങനെ പിതാവു് "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്നാനപ്പെട്ട ഓരോരുത്തനോടും യഥാർത്ഥമായി കല്പിക്കുവാൻ ഇടയാകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ ആണ് കർബാന സഭാഐക്യത്തിന്റെ കേന്ദ്രവും അതിന്റെ ജീവന്റെ അധാരവുമായി കാണപ്പെടുന്ന എന്ന് പറയാവുന്നതു്. ഈ അഭിപ്രായത്തോട് ഇവിടെ കൂടിയിരിക്കുന്ന എല്ലാവരും ഒന്നുപോലെ യോജിക്കയില്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. ഇവിടെ നടക്കുന്ന ചർച്ചകളിൽനിന്ന് കർബ്ബാനയുടെ രഹസ്യത്തെപ്പററി എല്ലാ സഭകളും ഒന്നുപോലെയല്ലാ വീക്ഷിക്കുന്നതെന്ന് കാണാൻ കഴിയും ഈ വ്യത്യാസങ്ങൾ കാരണം വി. കർബ്ബാനയിൽ ഒന്നുചേർന്ന് നിന്ന് യോജിപ്പിനുവേണ്ടിയുള്ള പ്രാർത്ഥന അർപ്പിക്കുവാൻ നമുക്ക് സാധിക്കാതെയിരിക്കുന്നു. എങ്കിലും റോമൻ കത്തോലിക്ക് വേദശാസ്ത്രപണ്ഡിതന്മാരും മററ് ക്രിസ്തീയ വിഭാഗങ്ങളിലെ പണ്ഡിതന്മാരും ചേർന്ന് നടത്തിയിട്ടുള്ള സമ്മേളനങ്ങൾ തെളിയിക്കുന്നതു്, ഫ്രാൻസിലെ നവീകരണ സഭയിൽപെട്ട ഒരു ഉന്നതവ്യക്തി പ്രസ്താവിച്ചതു് സത്യം എന്നാണ്. അദ്ദേഹം പറഞ്ഞതു് നമ്മെ ഭിന്നിപ്പിക്കുന്നതു് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവോ അതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നതാണ് നമ്മെ യോജിപ്പിക്കുന്നതു്". നാം സഹോദരങ്ങളാണ്, നാം എല്ലാവരും ക്രിസ്തുവിനോട് യോജിച്ചിരിക്കുന്നു. വി: പൗലൂസ് നമ്മോട് പറഞ്ഞതു്. "മാമോദീസായാൽ നാം എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു" എന്നാണ

ല്ലോ? ഇതാണ് നമ്മുടെ വലിയ ആശ്വാസവും സന്തോഷകാരണവും. വിശ്വാസംമൂലമുള്ള ഈ ഐക്യത്തിൽ അടിസ്ഥാനപ്പെട്ട നമ്മുടെ പരസ്പരസ്നേഹം വ്യർത്ഥവും, മിഥ്യയും ആയിത്തീരുവാൻ ദൈവം അനുവദിക്കയില്ല എന്ന ഒരു പ്രത്യാശ നമ്മുടെ ഹൃദയങ്ങളിൽ കുടികൊള്ളുവാൻ ഇടയാകണം. നാം വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ദൃഷ്ടാന്തം അനുകരിച്ച് അതായതു താൻ അനേകം ജാതികളുടെ പിതാവായിത്തീരുമെന്ന് എല്ലാ ആശകൾക്കും എതിരായി ആശിച്ച് വിശ്വസിച്ചപ്രകാരം സന്തോഷത്തോടും ഉറപ്പോടുംകൂടി ഐക്യം എന്ന ലക്ഷ്യത്തിലേക്ക് നാം പ്രയാണം ചെയ്യണം. ഈ സമ്മേളനം നമ്മുടെ പൊതുവായ ആശയുടെ അടയാളം എന്നപോലെതന്നെ സത്യത്തിനു ചേരുംവിധം പരസ്പരം സ്നേഹിച്ച് ജീവിപ്പാനും ശരീരത്തിന് ആവശ്യമായതെല്ലാം ശിരസ്സിൽനിന്നു നിർഗമിക്കുന്നപ്രകാരം തലയാകുന്ന ക്രിസ്തുവിനോട് ചേർന്ന് വളരുവാനുള്ള നമ്മുടെ സന്മനസ്സിന്റെ ഒരു തെളിവായിട്ടും കൂടി തീരട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു”.

പ്രോട്ടസ്റ്റന്റ്, ഗ്രീക്ക് ഓർത്തഡോക്സ്, സഭാനേതാക്കന്മാർ സഭാഐക്യം ആഗ്രഹിക്കുകയും അതിനായുള്ള പരിശ്രമങ്ങളിൽ പൂർവ്വാധികം അനുകൂലിക്കയും ചെയ്യുന്നു എന്ന് അവരുടെ പ്രസംഗങ്ങളിൽനിന്നും ഓരോ കാലത്തുമുള്ള പ്രസ്താവനകളിൽനിന്നും കാണാവുന്നതാണ്. റോമ്മാസിംഹാസനവുമായി ഒരു ഐക്യം ഉണ്ടാക്കി ക്രിസ്ത്യാനികൾ ഒരു തൊഴുത്തിൽ ഒരു ഇടയന്റെ കീഴിൽ ആയിത്തീരുക എന്ന ആശയം ഫലവത്താക്കുന്നതിന് കാന്റർബറി ആർച്ച്ബിഷപ്പ്, കുസ്തന്തീനോപ്പോലീസ് പാത്രിയർക്കീസ് മുതലായ ഉന്നത സഭാദ്ധ്യക്ഷന്മാർ ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഓർത്തഡോക്സ് സുറിയാനിസഭാ നേതാക്കന്മാരും ഇതേപ്പറ്റി കാര്യമായി ചിന്തിക്കുമെന്ന് പ്രതീക്ഷിക്കയും അതിനായി പ്രാർത്ഥിക്കയും ചെയ്യാം.

# For favours received Inserted by



DOMINIC, THANNIMOOTTIL. (EXUSE DELAY)

# കുഷ്ഠരോഗികളുടെ ശുശ്രൂഷകനായ ഫാദർ ഡാമിയൻ

[ഫാ. തോമസ് ഇഞ്ചയ്ക്കലോടി]

(അവലംബം: "ലക്ഷങ്ങളുടെ വിശ്വാസം"

1883-ലെ വസന്തകാലം. ബൽജിയത്തിൽ ലൂവയിൻ എന്ന സ്ഥലത്തു ശ്രദ്ധേയമായ ഒരു സംഭവം നടന്നു. "തിരുഹൃദയ സന്യാസസഭ"യിലെ ഒരംഗമായ ബ്രദർ ഡാമിയൻ തന്റെ മുറിയിൽ ഒരു കസേരയിൽ ചിന്താവിഷ്ടനായിരിക്കുന്നു. അദ്ദേഹത്തിന്റെ വൈദിക പഠനം ഏതാണ്ടു് പൂർത്തിയാകാറായിരിക്കുന്നു. പഠനത്തിൽ അസാധാരണ സമർത്ഥനായിരുന്നതിനാൽ സുപ്രസിദ്ധ ലൂവയിൽ സർവ്വകലാശാലയിലെ തത്വശാസ്ത്രപ്രൊഫസറായി കാലവിളംബമെന്യേ അദ്ദേഹം നിയമിക്കപ്പെടുന്നതാണു്. ജന്മസിദ്ധമായ അസാമാന്യ ബുദ്ധിശക്തി ശോഭനീയമായ ഒരു ഭാവിയെ അദ്ദേഹത്തിൽ പ്രദ്യോതിപ്പിക്കുന്നു. തത്വശാസ്ത്രത്തിലെ വിഷമകരമായ പല പ്രശ്നങ്ങൾക്കും താൻ സമാധാനം നല്കുന്നതും തന്മൂലം പണ്ഡിതസദസ്സിന്റെ മുക്തകണ്ഠമായ അഭിനന്ദനങ്ങൾക്കു താൻ പാത്രീഭൂതനായിത്തീരുന്നതും വിദൂരദൃഷ്ടിയിൽക്കൂടെ അദ്ദേഹം ദർശിക്കുന്നു. അതെ യൂറോപ്പ് ആസകലം തന്റെ ജ്ഞാനത്തേയും പാണ്ഡിത്യത്തേയും പ്രകീർത്തിക്കുന്ന ഒരു സ്വരം അദ്ദേഹത്തിന്റെ കർണ്ണങ്ങളിൽ മുഴങ്ങുന്നു. അഹോ ഇതിൽപ്പരം ആഗ്രഹിക്കത്തക്കതും ആനന്ദകരവുമായി ഇനിയും ലോകത്തിൽ മറ്റെന്താണുള്ളതു്!

തൽക്ഷണം അദ്ദേഹത്തിന്റെ മുഖഭാവം പാടെ മാറിക്കഴിഞ്ഞു. പുഞ്ചിരിയുടെ ശോഭ അദ്ദേഹത്തിന്റെ വദനത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതു് അസ്തമിച്ചു; ഏതോ ഒരു സ്വരം അദ്ദേഹം ശ്രവിക്കുന്നു. അതെന്തായിരിക്കാം? പണ്ഡിതസദസ്സിന്റെ ഹസ്തതാഡനഘോഷത്തിന്റെ സ്വരമല്ല, അതു്. പിന്നെയോ ഏതാനും ദിവസങ്ങൾക്കു മുമ്പ് പത്രങ്ങളിൽനിന്നും ഗ്രഹിച്ച ഒരു വാർത്തയത്രെ അദ്ദേഹത്തിന്റെ കർണ്ണങ്ങളിൽ മുഴങ്ങുന്നതു്. "മൊളോക്കോദ്വീപത്തിൽ നിവസിക്കുന്ന അറുന്നൂറിൽപരം കുഷ്ഠരോഗികൾ അവരുടെ ദയനീയാവസ്ഥയിൽ ആദ്ധ്യാത്മികാശ്വാസം നൽകുന്നതിനു വേണ്ടി ഒരു വൈദികനെ ആവശ്യപ്പെടുന്നു". ബ്രദർ ഡാമിയൻ തൽക്ഷണം മുട്ടുകുത്തിക്കഴിഞ്ഞു. ജഗദീശസന്നിധിയിലേക്കു് അദ്ദേഹത്തിന്റെ ഹൃദയം ഉയർന്നു ചാടി എഴുന്നേല്ക്കുന്നു. ആശ്രമശ്രേഷ്ഠന്റെ മുമ്പാകെ മുട്ടുകുത്തി സവിനയം അഭ്യർത്ഥിക്കുന്നു: "വന്ദ്യപിതാവേ! മൊളോക്കൊദ്വീപിലുള്ള സാധുക്കളായ കുഷ്ഠരോഗികളുടെ അടുക്കലേക്കു് എന്നെ അയയ്ക്കുവാൻ ദയവുണ്ടാകണമെ!" ആശ്രമശ്രേഷ്ഠൻ അതു സ്നേഹപുരസ്സരം അനുവദിച്ചുകഴിഞ്ഞു. അനന്തരം ബ്രദർ ഡാമിയൻ സ്വമാതാവിനെ—അതെ, വൈദികപദത്തിലേക്കു് തന്റെ പുത്രൻ ആരോഹണം ചെയ്യുന്നതു കണ്ടാനന്ദിക്കുന്നതിനു പ്രതീക്ഷിച്ചിരുന്ന ആ വയോവൃദ്ധയെ—കാണുന്നതിനു വേണ്ടി സ്വദേശത്തേക്കു യാത്ര പുറപ്പെടുകയും ചെയ്തു.

## മൊളോക്കായിലെ സ്വരം

സ്വവസതിയിലെത്തിയ ബ്രദർ ഡാമിയൻ തന്റെ മാതാവിനെ സമീപിച്ചു സ്നേഹാന്വേഷണങ്ങൾ നടത്തി അവരെ ചുംബിച്ചു. അനന്തരം അവരുടെ കൈയ്യുപിടിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു:— "പ്രിയമാതാവേ" അദ്ദേഹത്തിന്റെ സ്വരം ഇടറുന്നു............ "അമ്മേ ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു് അടുത്തുതന്നെ എന്നന്നേക്കുമായി" ഇതു ശ്രവിച്ച മാതാവിന്റെ മുഖം വിവർണ്ണമായി, വിശ്വസിക്കത്തന്നെ പ്രയാസം, "എന്തു്, എന്റെ മകൻ എന്നോടു കളിപറയുകയോ? ഈ ബൽജിയത്തിൽവച്ചു് ഇവൻ വൈദികപട്ടം സ്വീകരിക്കുകയും അനന്തരം ലൂവയിൻ സർവ്വകലാശാലയിലെ പ്രൊഫസറായിത്തീർന്നു എന്നോടൊരു

മിച്ചു വസിക്കുകയും ചെയ്യില്ലെന്നോ? ഹാ, ദൈവമേ, എന്റെ അന്ത്യകാലത്ത് ആശ്വാസവും ആനന്ദവും, അഭിമാനവും ഇവനാകയില്ലെന്നോ? ഇപ്രകാരമുള്ള നിരവധി ചോദ്യങ്ങൾ ഓരോന്നായി ആ സ്നേഹമേറിയ മാതാവിന്റെ ഹൃദയത്തിൽക്കൂടെ ഒന്നിനു പുറകെ ഒന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു. ബ്രദർ ഡാമിയൻ തുറന്നുപറഞ്ഞു "അമ്മേ, മൊളോക്കയിലുള്ള അറുനൂറിൽപരം കുഷ്ഠരോഗികളുടെ സ്വരംവഴിയായി ഇന്നു രാവിലെ ദൈവം എന്നോടു സംസാരിച്ചിരുന്നു. അധികം താമസിയാതെതന്നെ നമ്മുടെ മാതൃരാജ്യമായ ഈ ബൽജിയത്തോട് അന്ത്യയാത്ര പറഞ്ഞ് ഉദ്ദേശം പതിനായിരം മൈൽ ദൂരം സ്ഥിതിചെയ്യുന്ന മൊളോക്കൊദ്വീപത്തിലേക്ക് ഞാൻ കപ്പൽ കയറുന്നതാണ്. അവിടെ നിസ്സഹായരെങ്കിലും ദൈവമക്കളായ ആ സഹോദരന്മാരെ, ദൈവം തന്റെ മാലാഖാമാർമൂലം എന്നെ നിത്യഭവനത്തിലേക്കു ക്ഷണിക്കുന്നതുവരെ, ഞാൻ ശുശ്രൂഷിക്കയും ചെയ്യും!!.

ഇതു ശ്രവിച്ചപ്പോൾ സ്നേഹമേറിയ ആ മാതാവിന്റെ ശരീരം ആസകലം വിറച്ചു. അവളുടെ സ്വരം ഇടറി. അവൾ ആത്മഗതം ചെയ്തു. "എന്ത്, ഇവന്റെ വൈദിക പഠനത്തിനുവേണ്ടി എന്നാൽ കഴിവതു ഞാൻ പ്രവർത്തിച്ചിട്ടില്ലയോ? ഈ അവസരത്തിൽ ദൈവം ഇവനെ എന്നന്നേയ്ക്കുമായി എന്നിൽനിന്നും എടുത്തുകളയുകയോ? ഇല്ല, അതു പാടില്ല, അതിനു ഒരിക്കലും ഞാൻ അനുവദിക്കുകയില്ല". ഭാവിയിൽ താൻ ഏകയായും നിസ്സഹായയായും ജീവിക്കേണ്ടിവരുന്ന ആ ദയനീയാവസ്ഥ ഒരു നിമിഷത്തിനുള്ളിൽ അവരുടെ മനസ്സിൽ കൂടി കടന്നുപോയി. സൂര്യൻ ആകാശമണ്ഡലത്തിൽ നിലംപതിച്ചതുപോലെ അവർക്കു തോന്നി. അവരുടെ വാർദ്ധക്യകാലം ആനന്ദദായകമാക്കിത്തീർക്കേണ്ട സ്വപുത്രൻ ഇതാ എന്നന്നേക്കുമായി വിട്ടുപിരിയാൻ തുടങ്ങുന്നു.

മൃദുലമായ ഏതോ ഒരു സ്വരം അവരുടെ ചെവികളിൽ മുഴങ്ങുന്നു. അതെന്തായിരിക്കാം? അവർ ശ്രവിച്ചു. അതെ, "എനിക്കുവേണ്ടി സ്വജീവനെ നഷ്ടപ്പെടുത്തുന്നവൻ ആരോ അവൻ അതിനെ കണ്ടെത്തും" ഈ ശബ്ദം അവരുടെ മനസ്സിലുണ്ടായ സകല വിചാരങ്ങളെയും തൽക്ഷണം ദൂരെയകറ്റുകതന്നെ ചെയ്തു. സ്വപുത്രനെ സമീപിച്ച് അദ്ദേഹത്തിന്റെ തലയിൽ കൈവച്ച് അവർ പറഞ്ഞു "പ്രിയമകനെ, എനിക്കുള്ള സർവ്വവും നീ തന്നെയായിരുന്നു. എങ്കിലും മൊളോക്കായിലെ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി ഇതാ ഞാൻ നിന്നെ സമർപ്പിക്കുന്നു. അവരുടെ ദുർഗ്ഗന്ധം വമിക്കുന്ന വ്രണങ്ങളിൽ നീ എണ്ണ പകരുക, അവരുടെ സന്തപ്ത ഹൃദയങ്ങളിൽനിന്നു നിരാശയെ നീ ദൂരീകരിക്കുക: അവരുടെ നയനങ്ങളിലെ ബാഷ്പഗണങ്ങളെ നീ തുടയ്ക്കുക. അങ്ങനെ അവരുടെ കഷ്ടതകളുടെ മദ്ധ്യത്തിലേക്കു ശാന്തശീലനായ ക്രിസ്തുവിനെ നീ ആനയിക്കുകയും ചെയ്യുക. സർവ്വശക്തനായ ദൈവത്തിന്റെ ഒരു ഉത്തമ വൈദികനായിട്ടു അവരുടെ ഇടയിലേക്കു നീ പോവുക. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ!."

## നി:സ്വാർത്ഥമായ സേവനം:—

മൊളോക്കായിലും ഹവായിലും നിവസിക്കുന്ന കുഷ്ഠരോഗികളുടെ ഇടയിൽ അശ്രാന്തം വേലചെയ്തുകൊണ്ടിരിക്കുന്ന ഫാദർ ഡാമിയനാണ് ഇനിയും നമ്മുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നത്? സ്വകരങ്ങൾകൊണ്ട് ആരാധനാസ്ഥലങ്ങൾ അവർക്കായി അദ്ദേഹം നിർമ്മിച്ചുകൊടുക്കുന്നു. ദുർഗ്ഗന്ധപൂർണ്ണമായ അവരുടെ വ്രണങ്ങൾ അദ്ദേഹം തേച്ചുകഴുകുന്നു. അവരുടെ മുറിവുകളെ അദ്ദേഹം വെച്ചുകെട്ടുന്നു. അശുദ്ധരായും സമൂഹത്തിനു ഉപദ്രവകാരണമായും കരുതപ്പെടുകയും സ്വകുടുംബാംഗങ്ങളാൽപോലും പരിത്യക്തരായി ഏകാകികളും നിസ്സഹായരുമായി മൊളോക്കാദ്വീപത്തിലേക്ക് തള്ളപ്പെടുകയും ചെയ്ത സാധുക്കളായ ആ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നു. ഫാദർ ഡാമിയൻ—അതെ, വിദ്യാഭ്യാസംകൊണ്ടും സംസ്കാരംകൊണ്ടും അത്യുന്നതനിലയെ പ്രാപിച്ചിരുന്ന ഒരു മനുഷ്യദേഹം—കേവലം ഒരു ഭൃത്യനെപ്പോലെ ശുശ്രൂഷിക്കുന്ന രംഗം നാം കാണുന്നു യൂറോപ്പിൽനിന്നും അ

നേകായിരം മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന നിർജ്ജീവദ്വീപത്തിൽ നിവസിച്ചിരുന്ന ആ കുഷ്ഠരോഗികൾ സന്തുഷ്ടരും ആനന്ദതുന്ദിലരുമായി സകല കഷ്ടതകളിൽനിന്നും വിമുക്തരെന്നവണ്ണം ജീവിതം നയിക്കുന്ന ഒരു കാഴ്ചയും നാം ദർശിക്കുന്നു. അതെ, ഫാദർ ഡാമിയനത്രെ ഇതിന്റെ ഏകകാരണം. രോഗക്കിടക്കയിൽ കിടന്ന് അവർണ്ണനീയ വേദന അനുഭവിച്ച് നിരാശയ്ക്ക് വശംവദരായപ്പോൾ അവരെ സമീപിച്ചുകൊണ്ട് പ്രത്യാശയുടെ വചനങ്ങളാൽ അദ്ദേഹം സമാശ്വസിപ്പിച്ചു. മരണാനന്തരം ദിവ്യരക്ഷകനിൽനിന്നും ലഭിക്കുവാനിരിക്കുന്ന നിത്യപ്രതിഫലത്തെക്കുറിച്ചുള്ള പ്രത്യാശ അദ്ദേഹം അവരിൽ അങ്കുരിപ്പിച്ചു. വിശുദ്ധകുമ്പസാരമാകുന്ന കൂദാശമുഖേന പാപപങ്കിലമായ അവരുടെ ആത്മാക്കളെ അദ്ദേഹം സംശുദ്ധമാക്കി. പരിശുദ്ധകുർബാനയാകുന്ന സ്വർഗ്ഗീയമന്നാ നൽകി ക്ഷീണോന്മുഖമായ അവരുടെ ആത്മീയ ജീവനെ അദ്ദേഹം ശക്തിപ്പെടുത്തി. ഏവംവിധമുള്ള നാനാവിധമുള്ള ശുശ്രൂഷകളാൽ ആ വന്ദ്യവൈദികൻ അവരേ സന്തുഷ്ടചിത്തനാക്കിത്തീർത്തു. ഇപ്രകാരം നിരന്തരം അവരെ ശുശ്രൂഷിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി അവസാനം ആ മഹാത്മാവും നികൃഷ്ടമായ കുഷ്ഠരോഗത്താൽത്തന്നെ ബാധിതനായിത്തീർന്നു. എന്തിന് സുമാർ മൂന്നു സംവത്സരങ്ങൾ അദ്ദേഹം അനുഭവിച്ച ശാരീരിക വേദനകൾ വിസ്തരിക്കുവാൻ പ്രയാസം. അദ്ദേഹത്തിന്റെ ശരീരം മുഴുവൻ ഒരേ വ്രണമെന്നപോലെ കാണപ്പെട്ടുവെന്നത്രേ ദൃക്സാക്ഷികൾ പറയുന്നത്.

ഇനിയും നമുക്ക് ഫാദർ ഡാമിയന്റെ മരണക്കിടക്കയെ ഒന്നു ദർശിക്കാം. വത്തിക്കാനിൽ വച്ച് 1925-ൽ നടത്തിയ സാർവ്വജാതീയ മിഷനറി പ്രദർശനത്തിൽ ഈ മഹാത്മാവിന്റെ മരണക്കിടക്കയുടെ ഒരു ചിത്രം പ്രദർശിപ്പിച്ചിരുന്നത് ഒരു കാലത്തും വിസ്മരിക്കുന്നതിനു സാദ്ധ്യമല്ല. ആ കിടക്കയിൽ ഫാദർ ഡാമിയന്റെ മൃതശരീരം മലർന്നുകിടക്കുന്നു. ഒരു കാലത്ത് ആകർഷകവും മനോജ്ഞവുമായിരുന്ന ആ വദനം വ്രണങ്ങളാൽ മൂടപ്പെട്ട് വീർത്തു ഭീകരമായിത്തീർന്നിരിക്കുന്നു. ഈ ഭയങ്കര കാഴ്ച ദർശിക്കുന്ന ഏതൊരുത്തനും തൽക്ഷണം അവിടെ നിന്നും ഓടിപ്പോകാതിരിക്കുന്നതല്ല, എന്നാൽ ഒരിക്കലും അദ്ദേഹത്തെ ഉപേക്ഷിക്കുവാൻ മനസ്സില്ലാത്ത ഏതാനും സ്നേഹിതന്മാർ ആ കിടക്കയുടെ ചുറ്റും സന്താപനിമഗ്നരായി നിലകൊള്ളുന്നു. ആർക്കുവേണ്ടി സ്വജീവനെ ഫാദർ ഡാമിയൻ ബലിയർപ്പിച്ചുവോ ആ കുഷ്ഠരോഗികൾ—അതെ, സകലരാലും പരിത്യജിക്കപ്പെട്ട ആ അശുദ്ധന്മാരത്രെ അവിടെ ഇരിക്കുന്നത്. ദുർഗ്ഗന്ധം വമിക്കുന്ന ആ മാംസക്ഷണത്തിനുള്ളിൽ ഒരു ദൈവദാസന്റെ പരിശുദ്ധമായ ആത്മാവ് സ്ഥിതിചെയ്യുന്നുവെന്ന് അവർ ഗ്രഹിച്ചിരിക്കുന്നു. അവരുടെ ഹൃദയാന്തർഭാഗത്തുനിന്നും ഒരു പ്രാർത്ഥനാശകലം ജഗദീശസന്നിധിയിലേക്ക് ഉയരുകയും ചെയ്യുന്നു. അവരുടെ നയനങ്ങളിൽക്കൂടെ ബാഷ്പകണങ്ങൾ ധാരധാരയായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഹൃദയം സന്താപനിമഗ്നമായിരിക്കുന്നു. ലോകത്തിൽ തങ്ങൾക്കുവേണ്ടി ദൈവം നല്കിയ ആ ഉത്തമ സ്നേഹിതന്റെ വേർപാടിലുള്ള അസഹനീയമായ ഹൃദയവ്യഥയുടെ ബാഹ്യപ്രകടനങ്ങളത്രെ ഇവ.

ലൂവയിൻ സർവ്വകലാശാലയുടെ പണ്ഡിതനായ ഫാദർ ഡാമിയൻ കത്തോലിക്കാവിശ്വാസത്തിന്റെ പ്രശാന്തമെങ്കിലും ശക്തിമത്തായ പ്രചോദനത്താൽ പ്രേരിതനായി മൊളോക്കായിൽ സർവ്വരാലും ഉപേക്ഷിക്കപ്പെട്ടിരുന്ന കുഷ്ഠരോഗികളുടെ ദാസനായിത്തീർന്നു. മാതൃരാജ്യത്തിന്റെ വിജയത്തിനുവേണ്ടി സ്വജീവനെ തൃണവൽഗണിച്ചുകൊണ്ട് ക്രൂരന്മാരായ ശത്രുക്കളോട് സധീരം പോരാടുന്ന ഒരു യോദ്ധാവിനെപ്പോലെ കഷ്ടതകളും അരിഷ്ടതകളും നിറഞ്ഞ ഇഹലോകത്തിൽ സ്വനാഥനുവേണ്ടി അവസാന നിമിഷംവരെ അദ്ദേഹം പോരാടിക്കൊണ്ടിരുന്നു. "ഫാദർ ഡാമിയൻ" എന്ന പേരിൽ മാത്രം ലോകം അദ്ദേഹത്തെ അറിയുന്നു എന്നാൽ മൊളൊക്കായിലെ കുഷ്ഠരോഗികളാകട്ടെ ആ പവിത്രനാമത്തെ സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ഒരു പ്രതിഫലനമായി പരിഗണിക്കുന്നു ഫാദർ ഡാമിയന്റെയും ആർക്കുവേണ്ടി അദ്ദേഹം സ്വജീവനെ ഹോമിച്ചുവോ ആ ദിവ്യനാഥന്റെയും നാമങ്ങൾ മരണക്കിടക്കയിൽകിടന്ന് ഉച്ചരിച്ചുകൊണ്ട് ആ കുഷ്ഠരോഗികൾ സമാധാനപൂർവ്വം ഈ ലോകയവനികയ്ക്കുള്ളിൽ മറയുകയും ചെയ്യു

(തുടരും)

# പത്തു കന്യകമാരുടെ ഉപമ

## (മത്താ: 25: 1–13)

(പെ. ബ. പീലിപ്പോസ് റമ്പാൻ കാഞ്ഞിരംപാറ പള്ളിയിൽ പറഞ്ഞ പ്രസംഗം)

ദൈവം മനുഷ്യനായിവന്നയാളാണു് യേശു. ഈ പ്രപഞ്ചത്തിന്റെ ഉത്ഭവം, വളർച്ച, അന്ത്യം എന്നിവകൾ തനിക്കു് നന്നായറിയാം. നമ്മെ രക്ഷിക്കുന്നതിനു് അവ നമ്മെ ഗ്രഹിപ്പിക്കണം. മനുഷ്യൻ ചെയ്തുപോയ പാപത്തിനു തക്കതായ പരിഹാരമുണ്ടാക്കണം. എല്ലാ തലമുറകളിലുമുള്ള മനുഷ്യരെ രക്ഷാമാർഗ്ഗം ഗ്രഹിപ്പിച്ചുകൊണ്ടിരിക്കുന്നതിനു് ഒരു സഭയെ സ്ഥാപിക്കയുംവേണം. ഈവക കാര്യങ്ങൾക്കായിട്ടാണു്



ദൈവം മനുഷ്യനായിവന്നതു്. അങ്ങിനെ താൻ ഒരു സഭയെ സ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ യേശു മരിച്ചുയിർത്തെഴുന്നേററു സ്വർഗ്ഗാരോഹണം ചെയ്തിരിക്കുകയാണു്. എങ്കിലും ഇനിയും താൻ രണ്ടാമതും വരും. എന്നാൽ ആ സമയം എപ്പോഴായിരിക്കുമെന്നു് ആർക്കും അറിഞ്ഞുകൂടാ. പിതാവായ ദൈവം മാത്രമെ അതറിയുന്നുള്ളു.

യേശു രണ്ടാമതും വരുമ്പോൾ തന്റെ സഭയിൽ പല പ്രായത്തിലുള്ളവരും കാണും. ചിലർ തീരെ കുഞ്ഞുങ്ങളായിരിക്കും. ചിലർ നടക്കാനും കളിക്കാനും പ്രായമായിരിക്കും. മററു ചിലർ ബാലികാബാലന്മാരായിരിക്കും. പിന്നെ യൌവനക്കാർ, വിവാഹിതർ, വൈദീകർ, വൃദ്ധന്മാർ എന്നിങ്ങനെ പല സ്ഥിതിയിലുള്ളവരും കാണും. യേശുവിന്റെ രണ്ടാമത്തെ വരവിങ്കൽ തന്റെ കൃപാകടാക്ഷമുണ്ടാവാൻ ഓരോ തരക്കാർക്കും വേണ്ട ഒരുക്കമുണ്ടായിരിക്കണം. അതിലേക്കു് വേണ്ട കൂദാശകളും, ഉപദേശങ്ങളും സഭയിൽ ക്രിസ്തു ഏർപ്പെടുത്തീട്ടുണ്ടു്. അവകൾ കൈക്കൊണ്ടും അതനുസരിച്ചു് ജീവിച്ചും എല്ലാവരും യേശുവിനെ എതിരേല്പാൻ ഒരുങ്ങിയിരിക്കണം. എന്നാൽ മനുഷ്യനു ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗിച്ചു അതനുസരിക്കാതെ പിൻതിരിഞ്ഞുനിൽക്കുന്നവരും കാണും. അതു് അവർക്കു് അപകടകരമാണു്. അതു കാണിപ്പാനായി താൻ പല ഉപമകൾ പറഞ്ഞിട്ടുണ്ടു്. അവയിൽ ഒന്നാണു് പത്തു കന്യകമാരുടെ ഉപമ.

ആ ഉപമ ഇങ്ങനെയാണു്. സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ ദീപയഷ്ടികളുമായി പുറപ്പെട്ട പത്തു കന്യകമാർക്കു സമമാണു്. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരുമായിരുന്നു. ബുദ്ധിയുള്ളവർ തങ്ങളുടെ ദീപയഷ്ടികളോടുകൂടെ എണ്ണയും എടുത്തു ബുദ്ധിയില്ലാത്തവർ തങ്ങളുടെ ദീപയഷ്ടികളെടുത്തു. എങ്കിലും എണ്ണയെടുത്തില്ല. മണവാളൻ വരാൻ താമസിച്ചു. അപ്പോൾ എല്ലാവരും മയക്കംപിടിച്ചുറങ്ങി. പാതിരാത്രിയിൽ മണവാളൻ വരുന്നു. എല്ലാവരും എതിരേല്പിനു പുറപ്പെടുവിൻ എന്നൊരു വിളിച്ചുപറച്ചിലുണ്ടായി. അപ്പോൾ ആ ക

ന്യകമാരെല്ലാം എഴുന്നേററു തങ്ങളുടെ ദീപയഷ്ടികൾ കത്തിക്കുവാൻ തുടങ്ങി. ബുദ്ധിയില്ലാത്തവർ എണ്ണയെടുത്തില്ല എന്നു് അപ്പോഴാണു് ഓർക്കുന്നതു്. അവർ ബുദ്ധിയുള്ളവരുടെ അടുക്കൽ ചെന്നു ഞങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകുന്നു. നിങ്ങളുടെ എണ്ണയിൽ നിന്നു കുറെ ഞങ്ങൾക്കും തരുവീൻ എന്നു് പറഞ്ഞു. അപ്പോൾ അവർ ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വന്നേക്കും. നിങ്ങൾ വ്യാപാരികളുടെ അടുക്കൽ ചെന്നു വാങ്ങിക്കുവീൻ എന്നു പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ മണവാളനോടുകൂടെ മണവറയിൽ പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഒടുവിൽ എണ്ണ വാങ്ങാൻപോയ മററെ കന്യകമാരും വന്നു. കർത്താവെ! കർത്താവെ! ഞങ്ങൾക്കും വാതിൽ തുറന്നുതരണമെ എന്നു പറഞ്ഞു. അപ്പോൾ മണവാളൻ അവരോടു നിങ്ങൾ എവിടെ നിന്നാകുന്നു എന്നു ഞാൻ അറിയുന്നില്ല എന്നു പറഞ്ഞു. ആകയാൽ ആ നാളും നാഴികയും നിങ്ങൾക്കു് നിശ്ചയമില്ലാത്തതിനാൽ എപ്പോഴും ഉണർവ്വുള്ളവരായിരിപ്പീൻ എന്നുപദേശിച്ചു. ഇതാണു ഉപമ.

സിറിയാ മുതലായ രാജ്യങ്ങളിൽ വിവാഹത്തിനു് ചില പ്രത്യേക ചടങ്ങുകളുണ്ടു്. മണവാട്ടിയേയും അവരുടെ തോഴിമാരേയും കൂട്ടിക്കൊണ്ടുപോകുവാനായി മണവാളൻ വേണ്ട ആഡംബരങ്ങളോടുകൂടെ വരും. ആ മണവാളനെ എതിരേല്ക്കുവാൻ മണവാട്ടിയും തോഴിമാരും ഒരുങ്ങിയിരിക്കും. ഈ ചടങ്ങു രാത്രിയിലാകയാൽ വെളിച്ചത്തിനു് ദീപയഷ്ടികൾ വേണം. അങ്ങനെ മണവാളനെ സ്വീകരിപ്പാൻ കാത്തിരുന്ന പത്തു കന്യകമാരുടെ കഥയാണിതു്.

പാപത്തിന്റെ കൂലി മരണമാണു്. മനുഷ്യൻ പാപം ചെയ്തുപോയതിനാൽ അവൻ നിത്യമരണത്തിനർഹനായിതീർന്നു. ആ ദുസ്ഥിതിക്കു് ക്രിസ്തു തന്റെ പാപപരിഹാര യാഗത്താൽ പരിഹാരം നേടി. അതു കൂദാശകൾ വഴിയായി തന്റെ ശരീരമായ സഭയിൽക്കൂടെ അതിലെ അംഗങ്ങൾക്കു് യഥാവസരം നല്കുന്നു. മനുഷ്യാത്മാവിനെയാണു് ഈ ഉപമയിൽ ദീപയഷ്ടികളായി പറഞ്ഞിരിക്കുന്നതു്. ബുദ്ധിയുള്ളവർക്കും ബുദ്ധിയില്ലാത്തവർക്കും ദീപയഷ്ടികളുണ്ടായിരുന്നു. പാപികളുടെ ആത്മാക്കളെ പ്രകാശിപ്പിക്കേണ്ടതു് കൂദാശകളിൽ നിന്നു ലഭിക്കുന്ന കൃപാവരങ്ങളാലാണു്. കൂദാശകൾ പ്രാപിക്കുന്നവർ അതിനനുസരിച്ചുള്ള ക്രിസ്തീയ ജീവിതവും നയിക്കണം. അവയെയാണു് ഈ ഉപമയിൽ എണ്ണയായി പറഞ്ഞിരിക്കുന്നതു്. ബുദ്ധിയുള്ളവർക്കു് തങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുന്ന കൃപാവരങ്ങളായ കൂദാശകൾ ഉണ്ടായിരുന്നു. ബുദ്ധിയില്ലാത്തവർ അതുകരുതിയിരുന്നില്ല. എണ്ണയില്ലെങ്കിൽ ദീപയഷ്ടികൾ കത്തുകയില്ല. ക്രിസ്തു ഏർപ്പെടുത്തിയ കൂദാശകളില്ലെങ്കിൽ ആത്മാക്കളും പ്രശോഭിക്കുകയില്ല. എണ്ണ കച്ചവടക്കാരുടെ പക്കൽനിന്നും വാങ്ങാൻ കിട്ടും. കച്ചവടസ്ഥലമായി പറഞ്ഞിരിക്കുന്നതു് സഭയെ ഉദ്ദേശിച്ചാണു്. കൂദാശകൾ സഭയിൽനിന്നു പ്രാപിക്കാവുന്നതാണു്.

മരണസമയത്തു ലഭിക്കുന്ന ദൈവദർശനമാണു് ഈ ഉപമയിലെ മണവാളൻ. മരണം ആർക്കും ഏതു സമയത്തും ഉണ്ടാകാവുന്നതാണു്. അതുപോലെ ദൈവദർശനവും ഏതുപ്രായത്തിലും ഏതു സമയത്തും ഉണ്ടാകാവുന്നതാണു്. ആകയാൽ ഏതുപ്രായക്കാരും കൃപാവരങ്ങളാകുന്ന കൂദാശകൾ പ്രാപിച്ചു മണവാളനെ എതിരേല്പാൻ എപ്പോഴും ഒരുങ്ങിയിരിക്കണം. പ്രവൃത്തനത്തിനു ശേഷിയുള്ള ആത്മാക്കളും പ്രവർത്തിപ്പാൻ കഴിവില്ലാത്ത ആത്മാക്കളും ഉണ്ടു്. പ്രവർത്തിപ്പാൻ കഴിവില്ലാത്ത ശിശുക്കൾക്കും മരണമുണ്ടാവാം. ആകയാൽ അവരുടെ ആത്മാക്കൾക്കു് വേണ്ട അവകാശം അവരുടെ രക്ഷകർത്താക്കൾ നേടിക്കൊടുത്തിരിക്കണം. മണവാളനെ എതിരേല്പാൻ അവരുടെ ദീപയഷ്ടികൾക്കും എണ്ണയുണ്ടായിരിക്കണം. അതിനു് അവർക്കു് മാമോദീസാ എന്ന കൂദാശ നല്കിയിരിക്കണം. കുഞ്ഞുങ്ങളെ രക്ഷകർത്താക്കൾക്കു് ഏല്പിച്ചിരിക്കുന്നതു് ദൈവമാണു്. ആകയാൽ അവരെ മാമോദീസാ മുക്കിക്കുവാനുള്ള കടമ അവർക്കു് ദൈവമുമ്പാകെയുണ്ടു്. "ഒരുവൻ

വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല". (യോ: 3: 5) എന്നു് യേശുതന്നെ വ്യക്തമാക്കി പറഞ്ഞിട്ടുണ്ടു്.

കുഞ്ഞുങ്ങൾക്കു പാപമില്ല. എന്നൊക്കെ പറഞ്ഞുകൊണ്ടു് അവക്കു് മാമോദീസാ വേണ്ടെന്നു പഠിപ്പിക്കുന്നവരുണ്ടു്. ആ ഉപദേശം തെററാണു്. കർമ്മപാപം അവക്കില്ലാ. എന്നാൽ ജന്മപാപം അവക്കുമുണ്ടു്. അടിമയുടെ സന്താനവും അടിമയാണു്. "ആദാമിൽ എല്ലാവരും മരിച്ചിരിക്കുന്നു" (1 കോറ: 18: 2?) "ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ എല്ലാവരും പാപികളായി" (റോമ:5:18) എന്നിങ്ങനെ വേദപുസ്തകം പറയുന്നു. അതിനാൽ ജന്മപാപമുണ്ടെന്നുള്ളതിനെ നിഷേധിക്കുന്നതു് വേദപുസ്തകവിരുദ്ധമാണു്. ജന്മപാപം ശിശുക്കളറിയാതെ ജന്മഫലമായി വന്നുകൂടിയതാണു്. അതിൽനിന്നു മനുഷ്യരെ രക്ഷിക്കുന്നതിനു് ക്രിസ്തു ഏർപ്പെടുത്തിയതാണു് മാമോദീസാ.(യോഹ: 3: 5) അതേല്ക്കുമ്പോൾ ശിശുക്കൾ രക്ഷയ്ക്കു് അവകാശമുള്ളവരായി വീണ്ടും ജനിക്കുന്നു. ഒരു ശിശുവിനു അറിവും ബോധവും ഇല്ലെങ്കിലും ആ ശിശുവിന്റെ പേരിൽ വസ്തുക്കൾക്കു് തീറാധാരമെഴുതിവാങ്ങിയാൽ ആ വസ്തു ആ ശിശുവിന്റേതായിതീരും എന്നെല്ലാവക്കുമറിയാം ശാരീരിക ജനനം ശിശുക്കൾ അറിയാതെ ഉണ്ടാകുന്നു. അതുപോലെ ആത്മീകമായ വീണ്ടുംജനനവും അവരറിയാതെ ഉണ്ടാകാം. മരണം ശിശുക്കൾക്കുമുണ്ടാകാം. അതിനാൽ അവരെ മാമോദീസാമൂലം നാം രക്ഷയ്ക്കവകാശികളാക്കിയിരിക്കണം. അതു വേണ്ടെന്നു പറയുന്നവരെ നാം ചെവിക്കൊള്ളരുതു്.

മാമോദീസാമൂലം വീണ്ടും ജനിക്കുന്നവൻ ജന്മപാപത്തിനു് മോചനം നേടുന്നു. എന്നുമാത്രമല്ല ക്രിസ്തു സമ്പാദിച്ച രക്ഷയ്ക്കു അവകാശിയായി തീരുകയും ചെയ്യുന്നു. അങ്ങിനെ ആ കുഞ്ഞിന്റെ ആത്മാവിനെ രക്ഷയ്ക്കവകാശിയാക്കിനിറുത്തുവാൻ രക്ഷകർത്താക്കൾക്കു് കഴിയും. അങ്ങിനെ ആ കുഞ്ഞു് മണവാളനെ എതിരേല്പാൻ ഒരുങ്ങിയിരുന്ന കന്യകമാരുടെ ഗണത്തിൽ ആയിതീരുന്നു. മാമോദീസാ പാപത്തിൽനിന്നുള്ള നീതീകരണവും ക്രിസ്തീയ രക്ഷയിലുള്ള അവകാശവും നമുക്കു് തരുന്ന ഒരു വീണ്ടുംജനനമാകുന്നു എന്നു വി. പൗലൂസ് പറഞ്ഞിരിക്കുന്നു. തീത്തോ: 3: 6) മണവാളൻ വരുന്ന നാളും നാഴികയും എപ്പോഴാണെന്നു് നമുക്കു അറിഞ്ഞുകൂടാ അതുകൊണ്ടു് കുഞ്ഞുങ്ങളേയും നാം തന്റെ എതിരേല്പിനായി ഒരുക്കിനിറുത്തണം. അതു നമ്മുടെ കടമയും ധർമ്മവുമാണു്.

കുഞ്ഞുങ്ങൾക്കു് ഏകദേശം ആറോ ഏഴോ വയസു് പ്രായമാകുമ്പോൾ മുതൽ നന്മതിന്മകളെ തിരിച്ചറിവാനുള്ള പ്രാപ്തി ലഭിച്ചുതുടങ്ങുന്നു ആ പ്രായത്തിലെത്തിയ കുഞ്ഞുങ്ങൾക്കും മരണമുണ്ടാവാം. അവക്കു് മാമോദീസാമാത്രം പോരാ അവർ തിന്മവിട്ടു നന്മയിൽ ജീവിക്കത്തക്കവണ്ണം സഭയുടെ അന്തരീക്ഷത്തിൽ അവരെ ആക്കണം. അതിലേക്കുള്ളതാണു് സ്ഥിരീകരണമാകുന്ന മൂറോനഭിഷേകം എന്ന കൂദാശ. കുഞ്ഞുങ്ങൾക്കു് നന്മതിന്മകൾ തിരിച്ചറിവാനുള്ള ശേഷി ഉണ്ടാകുന്നതു് അവരുടെ ശരീരത്തിന്റെ ആരോഗ്യത്തെക്കൂടെ ആശ്രയിച്ചിരിക്കും. അതെപ്പോഴെന്നു് നിശ്ചയമില്ലാത്തതിനാൽ മാമോദീസായോടുകൂടെത്തന്നെ മൂറോനഭിഷേകം നല്കുന്നവരുമുണ്ടു്. കുഞ്ഞുങ്ങൾക്കു് ബോധമുണ്ടായിതുടങ്ങുമ്പോൾ അവരെ അതു ബോദ്ധ്യപ്പെടുത്തണം. അങ്ങിനെ അവനൊരു ക്രിസ്ത്യാനിയാണെന്നുള്ള ബോദ്ധ്യമുണ്ടാകുന്നു. അപ്പോൾ പള്ളിയിലും സൺഡേസ്കൂളിലും അവൻ പോയിത്തുടങ്ങുന്നു അവൻ അവന്റെ കൊച്ചു കൊച്ചു തെററുകൾ ഏററുപറഞ്ഞു് കുമ്പസാരിച്ചുകൊണ്ടും ദിവ്യകാരുണ്യ സ്വീകരണംമൂലം യേശുവിനെ അവനിൽ സ്വീകരിച്ചുകൊണ്ടും അവൻ ക്രിസ്തുവിനെ എതിരേല്പാൻ ഒരുങ്ങിയിരിക്കണം. അതിനാലാണു് കുഞ്ഞുങ്ങൾക്കു് സ്ഥിരീകരണമെന്ന തൈലാഭിഷേകം കൊടുത്തിരിക്കണമെന്നു പറയുന്നതു്.

രാത്രിയായാൽ മയക്കവും ഉറക്കവും നമ്മെ ബാധിക്കും. അതുപോലെ പ്രായമാകുമ്പോൾ പാപവും നമ്മെ ബാധിച്ചു തുടങ്ങും. ആ പാപത്തെ കുമ്പസാരംമൂലം നീക്കിക്കളഞ്ഞിട്ടു

നാം മണവാളനെ എതിരേല്പാനൊരുങ്ങിയിരിക്കണം. അതിനാണ് കുമ്പസാരമെന്ന കൂദാശ ഏപ്പെടുത്തിയിരിക്കുന്നതു്. തിരിച്ചറിവുള്ള എല്ലാവക്കും ഇതാവശ്യമാണ്. നമ്മുടെ ശരീരവും വസ്ത്രവും അഴുക്കാകും. കുളിച്ചും നനച്ചും നാം അവയെ വെടിപ്പാക്കുന്നു. അതുപോലെ മണവാളനെ എതിരേല്പാൻ കുമ്പസാരം മൂലം നമ്മുടെ ആത്മാക്കളെ നാം ഒരുക്കി നിവൃത്തണം. വി. കുർബ്ബാനാനുഭവം മൂലം ക്രിസ്തുവിനോടുള്ള സ്നേഹം നാം ധരിച്ചിരിക്കയും വേണം.

എന്നാൽ കുമ്പസാരം വേണ്ടാ. സഭായോഗത്തിൽ പരസ്യമായി പാപമേറ്റുപറയുകയാണ് വേണ്ടതു്. അല്ലെങ്കിൽ ദൈവത്തോടു രഹസ്യമായി ഏററുപറഞ്ഞാൽ മതി. എന്നൊക്കെ ഉണദോഷിക്കുന്നവരുണ്ടു്. അവർ അപകടക്കാരാണ്. അവരുടെ ഉപദേശം നാം ചെവിക്കൊള്ളരുതു്. "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും" എന്നു പറഞ്ഞുകൊണ്ടു് ക്രിസ്തു തൻെറ സ്ഥാനാപതികൾക്ക് പാപം മോചിക്കുവാനുള്ള അധികാരം കൊടുത്തിട്ടുണ്ടു്. (യോഹ: 20:23) ആകയാൽ കുമ്പസാരം നടത്തി ബുദ്ധിയുള്ള കന്യകമാരെപ്പോലെ എപ്പോഴും ഒരുങ്ങിയിരിപ്പാൻ നമുക്കു് സാധിക്കും.

മണവാളനെ എതിരേല്പാൻ ഒരുങ്ങിയിരിക്കണമെങ്കിൽ മണവാളനോടുള്ള സ്നേഹം വേണം. സ്നേഹത്തിൻെറ കൂദാശയായി ക്രിസ്തു സ്ഥാപിച്ചതാണ് വി. കുർബാന. "ഞാൻ വരുന്നതുവരെ എൻെറ ഓർമ്മയ്ക്കായിട്ടു് ഇതു് ചെയ്യുവിൻ ഇതു് എൻെറ ശരീരമാകുന്നു". ലൂക്കാ: 22:19, എന്നു് യേശുതന്നെ കല്പിച്ചിട്ടുണ്ടു്. ഇതു് നാം ചെയ്താൽ ബുദ്ധിയുള്ള കന്യകമാരെപ്പോലെ എപ്പോഴും ഒരുക്കത്തോടുകൂടെ കാത്തിരുന്നു മണവാളനെ എതിരേല്പാൻ നമുക്കു് സാധിക്കും.

മനുഷ്യൻ കുറെക്കൂടെ പ്രായമാകുമ്പോൾ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നു. വിവാഹം ദൈവം ഏപ്പെടുത്തിയ ഒരു കൂദാശയാണ്. അവരും മണവാളൻെറ എതിരേല്പിനു് ഒരുങ്ങിയിരിക്കണം. ദുർനടപടികൾ അവക്കു പാടില്ലെന്നു് അവരെ അറിയിച്ചിരിക്കണം. ധ്യാനത്തിലും പ്രാത്ഥനയിലും അവർ അന്യോന്യം സഹായിക്കണം. അവർ വലിയ ഒരു കുടുംബത്തിൻെറ ആവിർഭാവക്കാരാണ്. വിവാഹംമൂലം അവർ ഒരു ശരീരമായിത്തീരുന്നു. ആകയാൽ അഭിപ്രായത്തിലും അവർ ഐകൃതപാലിക്കണം. അവർ കുമ്പസാരിക്കുന്നവരും വി. കുർബാന കൈക്കൊള്ളുന്നവരുമായിരിക്കണം. അങ്ങിനെ അവർ എപ്പോഴും മണവാളനെ എതിരേല്പാൻ ഉണർവ്വുള്ളവരായിരിക്കണം. അതിനാണ് വിവാഹം ഒരു കൂദാശയാക്കി വച്ചിരിക്കുന്നതു്.

അതേ പ്രായത്തിലെത്തുമ്പോൾ ചിലർ വൈദികരായിത്തീരുന്നു. അവർ തങ്ങളുടെ ജീവിതത്തെ മററുള്ളവരുടെയിടയിലെ ആത്മീകവേലയ്ക്കായി സ്വയം പ്രതിഷ്ഠിക്കുന്നവരാണ്. അതു് ഒരു ഉയന്നപടിയിലുള്ള ജീവിതമാണ്. നിന്നെപ്പോലെ നിൻെറ അയൽക്കാരനെ സ്നേഹിക്കണമെന്നാണ് സാധാരണക്കാക്കുള്ള കല്പന. എന്നാൽ വൈദികൻ തൻെറ ജീവനെ മററുള്ളവരുടെ രക്ഷയ്ക്കുവേണ്ടി പ്രതിഷ്ഠിച്ചിരിക്കുന്നയാളാകയാൽ എപ്പോഴും ഉണർവ്വുള്ളവനായിരിക്കണം. മണവാളനെ എതിരേല്പാൻ അവർ ഒരുങ്ങിയിരിക്കുന്നവരും മററുള്ളവരെ ഒരുക്കിനിവൃത്തുവാൻ പണിയെടുക്കുന്നവരുമായിരിക്കണം. അതിലേക്കു് വേണ്ട കൃപാവരം പട്ടത്തിൻെറ കൈവെയ്പുമൂലം അവർ പ്രാപിക്കുന്നുമുണ്ടു്.


പിന്നെ ചിലർ വാദ്ധക്യത്തിലെത്തുന്നവരാണ്, മണവാളൻെറ വരവിനെ ഓമ്മിപ്പിക്കുന്ന ഒരു മുൻകുറിയാണ് രോഗം. മണവാളനെ എതിരേല്പാൻ തക്കവണ്ണം രോഗികളെ ഒരുക്കിനിവൃത്തുന്നതിനുള്ളതാണ് അന്ത്യകൂദാശ എന്ന രോഗികളുടെ തൈലാഭിഷേകം. രോഗിയായി അവശതയിൽ കിടക്കുമ്പോൾ വൈദികനും ഇടവകക്കാരും സ്നേഹിതന്മാരും എല്ലാംകൂടി വന്നു് നടത്തുന്ന ഈ കമ്മം രോഗിയെ മണവാളൻെറ എതിരേല്പിനു് വേണ്ടവിധം ഒരുക്കിനിവൃത്തും. വലത്തുഭാഗത്തെ കള്ളനെപ്പോലെ അവൻെറ ജീവിതം തീരെ അഗണ്യമായി നടത്തീട്ടുള്ളവനായാലും ക്രിസ്തുവിൻെറ സന്തോഷകരമായ വിളികേൾപ്പാൻ തക്കവണ്ണം അവൻ ഒരുക്കമുള്ള

വനായിതീരും. ഇങ്ങനെ ശൈശവം മുതൽ വാർദ്ധക്യം വരെയുള്ള സകലരേയും മണവാളന്റെ എതിരേല്പിന് ഒരുക്കിനിറുത്തുവാൻ സഭ എപ്പോഴും യത്നിക്കുന്നു. എന്നാൽ ഇതും വേണ്ടെന്ന് പറയുന്നവരുണ്ട്. അവർ അപകടക്കാരാണ്. രോഗിക്കും മരണവും തൽസമയത്തെ ദൈവദർശനവും ഉണ്ടാകാം. എല്ലാ രോഗവും സുഖപ്പെട്ടു എന്ന് വരികയില്ല. അതിനാൽ മനുഷ്യരെ രോഗസമയത്തു വേണ്ടവിധം ഒരുക്കിനിറുത്തണം. അതിന് ഏർപ്പെടുത്തിയിരിക്കുന്നതാണ് അന്ത്യകൂദാശ എന്ന രോഗികളുടെ തൈലാഭിഷേകം. ആകയാൽ സഹോദരങ്ങളെ ക്രിസ്തുവിന്റെ വചനം ഗ്രഹിപ്പിൻ. ക്രിസ്തു തന്റെ സഭയോടു പറയുന്നു "നിങ്ങളെ ചെവിക്കൊള്ളുന്നവൻ എന്നെ ചെവിക്കൊള്ളുന്നു. എന്നെ ചെവിക്കൊള്ളുന്നവൻ എന്നെ അയച്ചവനെ ചെവിക്കൊള്ളുന്നു". (മത്താ: 10: 40) നാം സഭയെ അനുസരിച്ചും അതിന്റെ നിയന്ത്രണത്തിന് കീഴ്പെട്ടും ജീവിക്കണം. സഭ ക്രിസ്തുവിന്റെ ശരീരമാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുന്നതു ഒരു അടിമത്വമല്ല അതു നമുക്ക് ദീർഘായുസ്സു നേടിത്തരുന്ന ഒന്നാണ് എന്ന് വേദപുസ്തകം പറയുന്നു (പുറ: 20: 12) അതുപോലെ ക്രിസ്തുവിന്റെ ശരീരമായ സഭയെ അനുസരിച്ചു ജീവിക്കുന്നതു് നമുക്ക് നിത്യജീവൻ സമ്പാദിച്ചുതരുന്ന ഒന്നായിരിക്കും.

നമ്മുടെ മണവാളൻ ക്രിസ്തുവാണ്. ക്രിസ്തുവിനെ അനുസരിക്കുന്നവൻ തന്റെ സഭയെയും അനുസരിക്കും. കാണപ്പെടുന്ന ക്രിസ്തുവായ സഭയെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ക്രിസ്തുവിനെ സ്നേഹിക്കുന്നതെങ്ങിനെ? ക്രിസ്തു സ്ഥാപിച്ച സഭയെ തിരിച്ചറിയുവാൻ ഒരു പ്രയാസവുമില്ല. അതിനു തക്ക അടയാളം ക്രിസ്തു അതിന് കൊടുത്തിട്ടുണ്ട്. ഞാൻ എന്റെ സഭയെ പത്രോസിന്മേൽ പണിയും (മത്താ: 16: 18) എന്ന് യേശു കല്പിച്ചിട്ടുണ്ട്. ആകയാൽ ശെമഊൻ കീപ്പാമേൽ ക്രിസ്തു പണിതിരിക്കുന്ന സഭയെ അനുസരിച്ചും അതിൽനിന്നുള്ള കൃപാവരങ്ങളാകുന്ന എണ്ണ നമ്മുടെ ആത്മാക്കൾക്കായി യഥാവസരം കൈക്കൊണ്ടും യേശുവാകുന്ന മണവാളന്റെ എതിരേല്പിനായി എപ്പോഴും നാം ഒരുങ്ങിയിരിക്കണം നമ്മുടെ ആത്മാക്കളാകുന്ന ദീപയഷ്ടികളെ പ്രകാശിപ്പിക്കുവാനുള്ള കൂദാശകളാകുന്ന എണ്ണ എടുത്തുകൊണ്ട് എപ്പോഴും ഉണർന്നിരിപ്പിൻ.

എന്നാൽ മാമോദീസാ വേണ്ടാ. അതൊരു വീണ്ടും ജനനമല്ല മൂറോനഭിഷേകം വേണ്ട. അതു നിഷ്ഫലമായ ഒരു കർമ്മമാണ്. കുമ്പസാരം വേണ്ടാ. അതുമൂലം പാപമോചനം ലഭിക്കുകയില്ല. വി. കുർബാന വേണ്ടാ. അതു ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളല്ല. വിവാഹം പട്ടക്കാരൻ ആശീർവദിക്കണമെന്നില്ല. സ്വന്തമായി നടത്തിയാൽ മതി. പട്ടത്വം മെത്രാനിൽ നിന്നേല്ക്കണമെന്നില്ല. അതു് എല്ലാവർക്കും മുമ്പെ തന്നെ കിട്ടീട്ടുണ്ട്. അന്ത്യകൂദാശയ്ക്കു് പട്ടക്കാരനെ തേടിപ്പോകേണ്ടയാവശ്യമില്ല. നാം തന്നെ പ്രാർത്ഥിച്ചാൽ മതി. ദൈവത്തിനെല്ലാം അറിയാം. എന്നൊക്കെ പറഞ്ഞു് മനുഷ്യരെ വഴിതെറ്റിക്കുന്നവരുണ്ട്. അവരുടെ ഉപദേശം കേൾക്കരുതു്. എല്ലാ പ്രായക്കാരും എപ്പോഴും യേശുവിനെ എതിരേല്പാൻ ഒരുങ്ങിയിരിക്കണം. അല്ലെങ്കിൽ നിങ്ങളെ ഞാൻ അറിയുന്നില്ല എന്ന കഠിനവിധിമൂലം ബഹിഷ്കൃതരാവാനിടയാകും.


**For favours received**



**Inserted by**
**Joseph,**
**Charummoodu.**

# 'കല്യാണവസ്ത്രം ഉള്ളവർ'

(ഫാദർ ഡി. സഖറിയാ)

## ഉപമകളിൽ സംസാരിക്കുന്നു

വിവാഹവിരുന്നിന്റെ ഉപമ വിശുദ്ധ ലൂക്കോസിന്റെയും വിശുദ്ധ മത്തായിയുടെയും സുവിശേഷങ്ങളിൽ നാം വായിക്കുന്നതാണ്. (ലൂക്കോസ് 14: 16-24) (മത്തായി 22: 1-14) നമ്മുടെ കർത്താവ് ഒരേ പ്രാവശ്യം അരുളിച്ചെയ്ത ഉപമയാണിത്. സുവിശേഷകന്മാർ രണ്ടു വിധത്തിൽ ആഖ്യാനിക്കുന്നുവെന്നുമാത്രം. അവരോരുത്തർക്കും പ്രത്യേകമായ ഉദ്ദേശ്യമുണ്ട്; അതുകൊണ്ടാണ് അവരുടെ വിവരണം വ്യത്യസ്തമായിരിക്കുന്നത്. വിശുദ്ധ മത്തായി യഹൂദന്മാർക്കായി എഴുതി; തന്മൂലം ദൈവരാജ്യത്തെപ്പറ്റി കൂടുതൽ ക്രാന്തമായ വിവരണം നൽകുന്നു—അതായത് വിളിക്കപ്പെട്ടവർ എങ്ങനെ വിരുന്നിൽ സംബന്ധിക്കാതിരിക്കുന്നുവെന്നുമാത്രമല്ല വിരുന്നിന് തെരഞ്ഞെടുക്കപ്പെട്ടവരെല്ലാം വിരുന്ന് അനുഭവിക്കുന്നില്ലായെന്നും അദ്ദേഹം വ്യക്തമാക്കുന്നു. എന്നാൽ പുറജാതികൾക്കായി സുവിശേഷമെഴുതിയ വിശുദ്ധ ലൂക്കാസാകട്ടെ ക്ഷണിക്കപ്പെട്ടവരല്ലാ വിരുന്നിൽ പങ്കെടുക്കുന്നതെന്നു മാത്രം വിശദമാക്കുന്നു. ഇവയിൽ വിശുദ്ധ മത്തായിയുടെ ആഖ്യാനമാണ് കൂടുതൽ പൂർണ്ണം; അതാണ് വിശുദ്ധ കർബാനയെ സംബന്ധിച്ച് പ്രസക്തമായിരിക്കുന്നതും.

ഉപമയുടെ സാരം നമുക്ക് സുപരിചിതമാണ്. ഇസ്രായേൽ വംശജരാണ് വാസ്തവത്തിൽ ദൈവരാജ്യത്തിന് ആദ്യമായി ക്ഷണിക്കപ്പെട്ടവർ. ലൗകികമായ കാരണങ്ങളിൽ അവർ ദൈവത്തിന്റെ ആ ക്ഷണത്തെ തിരസ്കരിച്ചു. മിശിഹാ ലൗകികരാജാവായിരിക്കുമെന്നും റോമാക്കാരെ കീഴടക്കി യഹൂദരുടെ ആധിപത്യം സ്ഥാപിക്കുമെന്നും മററും യേശുക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്ന ഭൂരിഭാഗം യഹൂദന്മാരും പ്രതീക്ഷിച്ചിരുന്നുവെന്നത് ഇവിടെ സ്മർത്തവ്യമാണ്. അങ്ങനെ മിശിഹായുടെ സ്വർഗ്ഗീയ രാജ്യത്തെ ഇസ്രായേൽക്കാർ നിരാകരിച്ചതു മൂലം ജാതിയുടെയും ദേശത്തിന്റെയും പരിഗണന കൂടാതെ എല്ലാ മനുഷ്യരും ദൈവരാജ്യത്തിനായി വിളിക്കപ്പെട്ടു. മാമോദീസായോടുകൂടി ദൈവത്തിന്റെ ആ വിളി സ്വീകരിച്ചവരാണ് നാമെല്ലാവരും. എന്നാൽ മാമോദീസാ സ്വീകരിച്ച എല്ലാവരും സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നില്ല. അവരുടെ ഇടയിൽ നിന്ന് വീണ്ടും ഒരു തെരഞ്ഞെടുപ്പുണ്ട്. ഈ സത്യം വെളിവാക്കുകയാണ്, വിളിക്കപ്പെട്ടവർ വളരെ, തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം എന്ന പ്രമാണത്തിലൂടെ വിശുദ്ധ സുവിശേഷകൻ ചെയ്യുന്നത്.

സ്വർഗ്ഗീയ ജീവിതത്തിലേക്കുള്ള ഈ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗമാണ് വിശുദ്ധ കർബാന. വിവാഹവിരുന്നുകൊണ്ട് രണ്ടു സുവിശേഷകന്മാരും പ്രധാനമായി ഉദ്ദേശിക്കുന്നത് സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി ഓരോ മനുഷ്യനും അനുഭവിക്കുന്ന ആനന്ദമാണ്. കല്യാണവസ്ത്രമില്ലാത്തവർ പുറത്താക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് വിശുദ്ധ മത്തായി പറയുന്നത് ഓരോ മനുഷ്യനെയും അവന്റെ മരണത്തോടെ ദൈവം വിധിക്കുന്നതിനെപ്പററിയാണ്. ദൈവനൽവരമാകുന്ന കല്യാണവസ്ത്രത്തോടെ മരിക്കുന്നവൻ സ്വർഗ്ഗത്തിലെ വിരുന്നിന് തെരഞ്ഞെടുക്കപ്പെടുന്നു; അത് ഇല്ലാത്തവനോ നരകത്തിൽ ശിക്ഷിക്കപ്പെടുന്നു. എന്നാൽ സ്വർഗ്ഗീയവിരുന്നിനെ ഉദ്ദേശിച്ച് സുവിശേഷകൻ പറയുന്നത് വിശുദ്ധ കർബാനയിലും സംഗതമാണ്. വിശുദ്ധ കർബാന സ്വീകരിക്കുവാനും വേണം ദൈവവരപ്രസാദമാകുന്ന കല്യാണവസ്ത്രം. ആ കല്യാണവസ്ത്രം ഇല്ലാതെ വിശുദ്ധമേശയ്ക്ക് അണയുന്നവൻ ദൈവദോഷത്തിൽ പെടുന്നു, നരകശിക്ഷയ്ക്ക് അർഹനായിത്തീരുകയും ചെയ്യുന്നു. തന്നെയുമല്ല, സ്വർഗ്ഗീയ വിരുന്നിന്റെ ആരംഭവും പ്രതിരൂപവുമാണല്ലോ, വിശുദ്ധ കർബാന. അതുകൊണ്ട് വി

ശുദ്ധ സഭാപിതാക്കന്മാർ, മത്തായിയുടെ സുവിശേഷപ്രകാരമുള്ള വിവാഹവിരുന്നിന്റെ ഉപമയിൽ വിശുദ്ധ കുർബാനയെ ദർശിക്കുന്നു. വിശുദ്ധ കുർബാന സ്വീകരിക്കുവാൻ ആവശ്യമായ ആത്മീയാവസ്ഥയെന്തെന്ന് അതിൽനിന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

## വിശുദ്ധ പൗലോസ് ശ്ലീഹായുടെ ബോധനം

വി. കുർബാന സ്വീകരിക്കുവാൻ ആവശ്യമായ 'കല്യാണവസ്ത്ര'ത്തെപ്പററി സഭ ആദ്യം മുതലേ നിഷ്കർഷിച്ചിരുന്നുവെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽനിന്ന് നമുക്കു മനസ്സിലാക്കാം. കോറന്ത്യാക്കാക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ആദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു.

"ആകയാൽ യോഗ്യതയില്ലാതെ, കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും അവന്റെ പാത്രം പാനം ചെയ്കയും ചെയ്യുന്നവൻ കർത്താവിന്റെ രക്തത്തോടും അവന്റെ ശരീരത്തോടും അപരാധിയാകുന്നു. ഇതിനാൽ ഏതു മനുഷ്യനും തന്നെത്തന്നെ പരിശോധിക്കുകയും പിന്നെ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കു തന്നെയുള്ള ശിക്ഷാവിധിയാകുന്ന ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതു്. (1 കോറ 11: 27-29)

യോഗ്യതയെയും ശിക്ഷാവിധിയെയും പററിയുള്ള ശ്ലീഹായുടെ ഈ പഠിപ്പിക്കലും നമ്മുടെ കർത്താവു് അരുളിച്ചെയ്ത വിവാഹവിരുന്നിന്റെ ഉപമയും തമ്മിൽ വളരെ അടുത്ത സാദൃശ്യമുണ്ടു്. ഇവിടെ വിശുദ്ധ ശ്ലീഹാ ദിവ്യകാരുണ്യ സ്വീകരണത്തിന് ആവശ്യമായ യോഗ്യതയെയും അതിന് മുമ്പായി വേണ്ടുന്ന പരിശോധനയെയും പററി പ്രധാനമായി സംസാരിക്കുന്നു. എന്താണീ യോഗ്യത? എന്താണീ പരിശോധന? അതു് മനസ്സിലാക്കാൻ ഈ ലേഖനത്തിന്റെ മുഴുവൻ പശ്ചാത്തലം നാം അറിഞ്ഞിരിക്കണം. പുറജാതികളുടെ ഇടയിൽ നിന്ന് മാനസാന്തരപ്പെട്ടവരായിരുന്നു, കോറിന്തിലെ സഭയിൽ ഭൂരിഭാഗവും. പുറജാതികൾ ആയിരുന്നപ്പോഴും അവർക്ക് ബലിവിരുന്നും മററുമുണ്ടായിരുന്നു. വിഗ്രഹത്തിന് അർപ്പിച്ച ഭക്ഷണം കഴിക്കുന്നതിന്റെ നന്മതിന്മയെപ്പററി വിശുദ്ധ ശ്ലീഹാ വിശദമായി വിവരിക്കുന്നതു് അതുകൊണ്ടാണല്ലോ. അങ്ങനെയുള്ള ബലിവിരുന്നുകളിൽ പങ്കെടുക്കുന്നതിന് യാതൊരു ആത്മീയ ശുദ്ധിയും വേണ്ടായിരുന്നുവെന്ന് മാത്രമല്ല, അവ പാപത്തിനുള്ള അവസരങ്ങളുമായിരുന്നു. മാനസാന്തരപ്പെട്ടതിനു ശേഷവും കൊറിന്തുർ അതേ മനോഭാവത്തോടുകൂടി വിശുദ്ധ മേശയ്ക്കു് അണഞ്ഞിരുന്നു. ഇതാണ് യോഗ്യതയെയും പരിശോധനയെയും പററി വിശുദ്ധ ശ്ലീഹാ സംസാരിക്കുന്നതിന്റെ അടിസ്ഥാനം.

## യോഗ്യതയും പരിശോധനയും

യോഗ്യതയെന്ന് വിശുദ്ധ ശ്ലീഹാ വിവക്ഷിക്കുന്നതു് ഓരോരുത്തരും പ്രാപിക്കുന്ന പുണ്യയോഗ്യതയെപ്പററിയല്ലെന്നുള്ളതു് തീർച്ചയാണ്. അങ്ങനെ ഒരു പുണ്യയോഗ്യത വിശുദ്ധ കുർബാന സ്വീകരണത്തിന് അവശ്യ വ്യവസ്ഥയായി വച്ചിരുന്നുവെങ്കിൽ കോറിന്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതു് തന്നെയും അസാദ്ധ്യമായിരുന്നുവെന്നുള്ളതാണു പരമാർത്ഥം. ദിവ്യബലിയിൽ പങ്കെടുത്തിരുന്നവരെല്ലാം വിശുദ്ധ മേശയ്ക്കു് അണഞ്ഞിരുന്നു മാനസാന്തരപ്പെട്ടതിനുശേഷവും. മുമ്പ് ചെയ്തിരുന്ന തെററുകൾ കൊറിന്തുർ തുടർന്നു ചെയ്തിരുന്നുവെന്ന് ശ്ലീഹായുടെ ലേഖനത്തിൽനിന്ന് നമ്മൾ മനസ്സിലാക്കുകയും ചെയ്യുന്നു. പിന്നെ എങ്ങനെ ദിവ്യബലി അർപ്പിക്കപ്പെടും? അതുകൊണ്ടു് ശ്ലീഹാ ഉദ്ദേശിക്കുന്നതു് പുണ്യയോഗ്യതയല്ലാ പാപമില്ലാത്ത അവസ്ഥയാണെന്നതു് സ്പഷ്ടമാണ്.

അതുപോലെ പരിശോധനയെന്നതുകൊണ്ടു് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നതു് വെറും ആത്മശോധനയല്ല. അങ്ങനെയായിരുന്നെങ്കിൽ ഒരിക്കൽ പാപം ചെയ്തവർ പന്നീടൊരിക്കലും

വിശുദ്ധ മേശയ്ക്കു് അണയരുതെന്നാണു് അദ്ദേഹം പറയുന്നതെന്നു് വരും. വിശുദ്ധ കുർബാന ആത്മവിശുദ്ധീകരണത്തിനുള്ള മാർഗ്ഗമായിരിക്കെ പാപികളെ വിശുദ്ധ മേശയിൽനിന്നു് അകററിനിർത്തുന്നതു് നമ്മുടെ കർത്താവു് വിശുദ്ധ കുർബാന സ്ഥാപിച്ച ഉദ്ദേശത്തിനു് തന്നെ കടകവിരുദ്ധമായിരിക്കും. അതുകൊണ്ടു് 'പരിശോധന'യെന്നതുകൊണ്ടു് ആത്മശോധന മാത്രമല്ല പാപമോചനത്തിനുള്ള മാർഗ്ഗവുമാണു് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നതു്.

വിശുദ്ധ കുമ്പസാരമാണോ 'പരിശോധന' കൊണ്ടു് വിശുദ്ധ ശ്ലീഹാ ഉദ്ദേശിക്കുന്നതു്, അതോ പൂർണ്ണമനസ്താപം മാത്രമോ? പൂർണ്ണമനസ്താപപ്രകടനം മാത്രമായിരിക്കാൻ ഇടയില്ല. അങ്ങനെ ഒരു ആശയം—നല്ലവനായ ദൈവത്തെ ഉപദ്രവിച്ചതിന്മേലുള്ള ദുഃഖം— കൊറിന്തിലെ ക്രിസ്ത്യാനികൾക്കു് പരിചിതമായിരിക്കുവാനല്ല ന്യായം. അവർക്കു് ക്രിസ്തീയ ജീവിതത്തെപ്പററിയുണ്ടായിരുന്ന ആശയം, ക്രിസ്തുവിലൂടെ അതായതു് ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലൂടെയുള്ള പുതുജീവിതത്തെപ്പററിയായിരുന്നു. ക്രിസ്തീയ ജീവിതത്തിലെ വ്യക്തിപരമായ ഭാവത്തെക്കാൾ സാമൂഹിക വ്യവസ്ഥയായിരുന്നു അവരുടെ ശ്രദ്ധയ്ക്കു് കൂടുതൽ വിഷയീഭവിച്ചിരുന്നതു്. അതുകൊണ്ടു് പാപമോചനത്തിനും. വ്യക്തിപരമായ മനസ്താപപ്രകടനത്തെക്കാൾ സാമൂഹികമായ മാർഗ്ഗമായിരുന്നു അവർ അവലംബിച്ചിരുന്നതെന്നു വേണം വിചാരിക്കുവാൻ എന്താണു് പാപമോചനത്തിനു് സഭയെന്ന സമൂഹത്തിലൂടെയുള്ള മാർഗ്ഗം? വിശുദ്ധ കുമ്പസാരംതന്നെ. അവിടെ സഭയുടെ പ്രതിനിധിയായ പട്ടക്കാരനോടു് നാം നമ്മുടെ പാപങ്ങൾ അനുതാപത്തോടെ ഏററുപറയുന്നു, അദ്ദേഹം ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ടു് നമ്മുടെ പാപം മോചിക്കുന്നു ഇതു തന്നെയായിരുന്നു ആദിമസഭയിലും നടന്നിരുന്നതു്. 'നിങ്ങളിൽ ശോധനചെയ്യപ്പെട്ടവർ' (1 കൊറ 11: 19) എന്നു് വിശുദ്ധ ശ്ലീഹാ പറയുന്നതുതന്നെ വിശുദ്ധ കുമ്പസാരമെന്ന കൂദാശയാൽ പാപമോചനം പ്രാപിച്ചവരെന്ന അർത്ഥത്തിലാണു്. അങ്ങനെ നിശ്ചിതവും വ്യക്തവുമായ ഒരു കൂട്ടത്തോടാണു് വിശുദ്ധ കുർബാനയെപ്പററിയുള്ള ഉപദേശം അദ്ദേഹം നൽകുന്നതു്. അതുകൊണ്ടു് കുമ്പസാരമെന്ന കൂദാശ ഇന്നത്തെ രീതിയിലാണു് നടന്നിരുന്നതെന്നു് വരുന്നില്ല. ഏതായാലും കുമ്പസാരമെന്ന കൂദാശയിലൂടെ ആദിമക്രിസ്ത്യാനികൾ വിശുദ്ധ കുർബാന സ്വീകരണത്തിനു് ഒരുങ്ങിയിരുന്നുവെന്നു് വിചാരിക്കുന്നതിൽ ഒട്ടും തെററില്ല

“നാം നമ്മെത്തന്നെ വിധിക്കുമെങ്കിൽ ശിക്ഷിക്കപ്പെടുകയില്ല (1 കോറ 11. 31) എന്നതിൽ, പാപം ഏററുപറയുകയാണെങ്കിൽ അയോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിച്ചു് ശിക്ഷാവിധി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുവാനും ഇടവരില്ലായെന്നും അങ്ങനെ നിത്യശിക്ഷയ്ക്കു് നാം അർഹരാകയില്ലായെന്നും വിശുദ്ധ ശ്ലീഹാ പഠിപ്പിക്കുന്നു. അതുപോലെ 'ലോകത്തോടൊന്നിച്ചു് ശിക്ഷാവിധി ഏല്ക്കാതിരിക്കേണ്ടതിനു്, നാം വിധിക്കപ്പെടുമ്പോൾ കർത്താവിനാൽ ശിക്ഷിക്കപ്പെടുന്നു” (വാക്യം 32) എന്നതിൽ പാപമോചനമെന്ന കൂദാശയിൽ നൽകപ്പെടുന്ന പ്രായശ്ചിത്തത്തെയും അതിന്റെ ഫലത്തെയുംപററി അദ്ദേഹം സംസാരിക്കുന്നു. അങ്ങനെ വിശുദ്ധ കുമ്പസാരമെന്ന കൂദാശയിലെ മൂന്നു കാര്യങ്ങൾ വിശുദ്ധ ശ്ലീഹാ വ്യക്തമാക്കുന്നു— പാപം ഏററുപറയുന്നതു മുഖാന്തിരം ഓരോ വിശ്വാസിയും തന്നെത്തന്നെ വിധിക്കുന്നു, പാപമോചനം ലഭിക്കുന്നതു മുഖാന്തിരം കർത്താവിനാൽ വിധിക്കപ്പെടുന്നു, കുമ്പസാരമെന്ന കൂദാശയിൽ കല്പിക്കപ്പെടുന്ന പ്രായശ്ചിത്തം വഴി ശിക്ഷിക്കപ്പെടുന്നതു മുഖാന്തിരം ഓരോ വിശ്വാസിയും നിത്യശിക്ഷയിൽനിന്നു തന്നെ വിമുക്തനാകുന്നു.

പാപം മൂലം വിശുദ്ധ മേശയ്ക്കു് അണയുവാൻ അയോഗ്യനായിത്തീർന്ന ഒരുവൻ എങ്ങനെ യോഗ്യത പ്രാപിക്കുമെന്നതിനു് വിശുദ്ധ പൗലോസ് ശ്ലീഹാ നൽകുന്ന വിവരണമാണു് ഈ വാക്യങ്ങളിൽ നാം കാണുന്നതു്. അതായതു് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ അവശ്യവ്യവസ്ഥയാണു് പാപമില്ലാത്ത അവസ്ഥ അ

താണ് വിശുദ്ധ കുർബാനയെന്ന വിരുന്നിന് ആവശ്യമായ കല്യാണവസ്ത്രം. ആ കല്യാണവസ്ത്രം നഷ്ടമായവർക്ക് തിരികെപ്രാപിക്കുവാൻ സഭ എക്കാലവും നിർദ്ദേശിക്കുന്ന മാർഗ്ഗമാണ് വിശുദ്ധ കുമ്പസാരമെന്ന കൂദാശ.

## കർക്കശമായ മനോഭാവം

പാപമില്ലാത്ത അവസ്ഥ മാത്രമേ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ അവശ്യ വ്യവസ്ഥയായി വിശുദ്ധ പൗലൂസ് ശ്ലീഹാ നിർദ്ദേശിച്ചുള്ളുവെങ്കിലും കാലക്രമത്തിൽ സഭയ്ക്കുള്ളിൽ പല തെറ്റായ ചിന്താഗതികളും കടന്നുകൂടിയിട്ടുണ്ട്. ഇക്കാലത്തും പല വിശ്വാസികളും അവയിൽനിന്നു വിമുക്തരല്ല. രണ്ടാണ് അവയിൽ പ്രധാനമായിട്ടുള്ളത്. —ഒന്ന് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ പ്രത്യേകമായ പുണ്യ യോഗ്യത ആവശ്യമാണ്: രണ്ട്, വിശുദ്ധ മേശയ്ക്ക് അണയുന്നതിന് കുറേനാൾ മുമ്പ് മുതലെങ്കിലും നിയമാനുസാരമായ ലൈംഗികപ്രവർത്തനങ്ങളിൽനിന്നുപോലും ഒഴിഞ്ഞിരിക്കണം.

നാലാം നൂറ്റാണ്ടിൽ ആരിയൻ പാഷണ്ഡതയോടുള്ള എതിർപ്പിലായിരുന്നു ആദ്യത്തെ മനോഭാവത്തിന്റെ ഉത്ഭവം. ക്രിസ്തു ദൈവമാണെന്നത് നിഷേധിക്കുകയായിരുന്നല്ലോ ആരിയൻ പാഷണ്ഡികൾ ചെയ്തത്. അതിനെ എതിർത്ത സഭാപിതാക്കന്മാർ മനുഷ്യരക്ഷാകർമ്മത്തിൽ ക്രിസ്തുവിന്റെ ദൈവത്വത്തിന് കൂടുതൽ മുൻതൂക്കം കൊടുത്തു. അതനുസരിച്ച് സഭയുടെ വിശ്വാസ മനോഭാവത്തിലും ചില മാറ്റംവന്നു. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. 'പരിശുദ്ധാത്മാവിനോടുള്ള ഐക്യത്തിൽ പുത്രൻ വഴിയായി പിതാവിന് സ്തുതി'യെന്നായിരുന്നു ത്രിത്വസ്തുതിയുടെ ആദ്യരൂപം. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവത്തിലെ മൂന്നു തുല്യ ആളുകളാണെന്ന് സ്ഥാപിക്കുവാനായി, 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്ന ഇന്നത്തെ രൂപത്തിലേയ്ക്ക് ത്രിത്വസ്തുതിയ്ക്ക് മാറ്റം വന്നു. ഇതിൽ യാതൊരു തെറ്റുമില്ല. എന്നാൽ പിതാവായ ദൈവത്തിന്റെ പക്കൽ എല്ലാ മനുഷ്യർക്കും ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിനെ സമീപിക്കുവാൻ, അവിടുന്ന് ദൈവമാണെന്ന ബോധത്തിൽ, നാം ഭയപ്പെടുകയാണെങ്കിൽ അത് നമ്മുടെ വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ വരുന്ന വലിയ ഒരു പിശകാണ്. ഇതുതന്നെ വിശുദ്ധ കുർബാന സ്വീകരണത്തെപ്പറ്റിയും നമുക്കു പറയാം. വിശുദ്ധ കുർബാനയിൽ സാക്ഷാൽ ദൈവമായ ക്രിസ്തുവിനെ നാം സ്വീകരിക്കുന്നുവെന്നതുകൊണ്ട് പാപപരിഹാരാർത്ഥമുള്ള ആ വിശുദ്ധ മേശയെ സമീപിക്കുവാൻ നാം ഭയപ്പെടരുത്: അതിന് പ്രത്യേക പുണ്യ യോഗ്യത വേണമെന്ന് വാദിക്കുകയുമരുത്.

18-ാം നൂറ്റാണ്ടിൽ ജാൻസനിസ്റ്റു പാഷണ്ഡികളായിരുന്നു ഈ വാദത്തിന്റെ വലിയ പ്രണേതാക്കൾ. പ്രോട്ടസ്റ്റന്റു മത വൈപരീത്യത്തെ തുടർന്ന് വിശുദ്ധ കുർബാനയോടുള്ള ഭക്തി കൂടുതൽ പ്രബലമാകുവാനായി വിശുദ്ധ കുർബാനയുടെ പ്രത്യേകാരാധന, ആശീർവാദം, വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം മുതലായ പല നല്ല ഭക്തകൃത്യങ്ങൾ സഭയിൽ ആവിർഭവിച്ചു കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നീണ്ട ഒരുക്കം വേണമെന്ന് ജാൻസനിസ്റ്റുകൾ വാദിച്ചപ്പോൾ വിശ്വാസികൾ വിശുദ്ധ കുർബാന സ്വീകരണത്തിൽ ഉദാസീനത കാണിക്കുകയും മറ്റു ഭക്തകൃത്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിക്കുകയും ചെയ്തുതുടങ്ങി. വിശുദ്ധ കുർബാന ഒരു ബലിവിരുന്നാണ്. മറ്റു യാതൊരു ഭക്തകൃത്യവും ആ ബലിവിരുന്നിൽ പങ്കെടുക്കുന്നതിനു പകരമാകുകയില്ല. വിശുദ്ധ കുർബാന സ്വീകരണത്തിന് ആവശ്യമായിരിക്കുന്നത് പാപമില്ലാത്ത അവസ്ഥയും സ്വീകരണസമയത്തുള്ള തീവ്രമായ ഭക്തിയും ആഗ്രഹവുമാണ്. നീണ്ട ഒരുക്കംകൊണ്ട് ഭക്തിയും ആഗ്രഹവും വർദ്ധമാനമാക്കാം, പക്ഷേ അതുകൊണ്ട് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നാം കൂടുതൽ യോഗ്യതയുള്ളവരാകുന്നില്ല. നാം അതിന് എന്നും അയോഗ്യരാണ്. ദൈവം തന്റെ കരുണയിൽ നമ്മുടെ ആത്മീയാഹാരമായി വിശുദ്ധ കുർബാന സ്ഥാപിച്ചു. ആ വിരുന്നിന് നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. യോഗ്യത

യില്ലെന്ന് പറഞ്ഞ് ആ വിരുന്നിൽ നിന്ന് ഏറെനാൾ മാറിനില്ക്കുന്നത് തെറ്റാണ്; നമ്മുടെ പാപാപോക്കി ആ ഭക്ഷണം കൂടെക്കൂടെ സ്വീകരിക്കുക നമ്മുടെ വലിയ ചുമതലയുമാണ്.

വിശുദ്ധ മേശയ്ക്ക് അണയുവാൻ നീണ്ട ഒരുക്കം വേണമെന്ന് പറയുന്നതിനേക്കാൾ വലിയ തെറ്റാണ് സ്ത്രീപുരുഷന്മാരിൽ സ്വാഭാവികമായുണ്ടാകുന്ന ലൈംഗികപ്രവർത്തനത്തിന്റെ പേരിൽ അവർ വിശുദ്ധ മേശയിൽനിന്ന് അകന്നുനില്ക്കാൻ ആവശ്യപ്പെടുക. ഈ ചിന്താഗതിയും ആരിയ പാഷണ്ഡികളുടെ കാലത്താണ് ഉത്ഭവിച്ചത്, പക്ഷെ അവരെ എതിർത്തവരല്ലാ അവർ തന്നെയായിരുന്നു ഇതിന്റെ കാരണക്കാർ, എന്ന് 'നാലാം നൂറ്റാണ്ടിലെ ആരുന്മാർ' എന്ന പുസ്തകത്തിൽ കർദ്ദിനാൾ ന്യൂമാൻ പ്രസ്താവിച്ചിരിക്കുന്നു. പഴയ നിയമത്തിൽ ലൈംഗികപ്രവർത്തനത്തിന് അതിൽ തന്നെ ഏതോ അശുദ്ധി കല്പിച്ചിരുന്നുവെന്നതു ശരിയാണ്. സ്ത്രീകൾ പ്രസവം കഴിഞ്ഞ് ദൈവാലയത്തിൽ പോയി തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്ന ആചാരമുണ്ടായിരുന്നല്ലോ. എന്നാൽ ക്രിസ്തുവിന്റെ വരവോടെ ഓരോന്നിനെയും അവയുടെ യാഥാർത്ഥ്യത്തിൽ ദർശിക്കുന്ന നമുക്കറിയാം, ഭാര്യാഭർത്തൃ ബന്ധത്തിലോ അതുപോലുള്ള സ്വാഭാവികവും നിയമാനുസാരവുമായ ലൈംഗിക പ്രതിഭാസങ്ങളിലോ യാതൊരു തെറ്റുമില്ലെന്ന്.

ഈ തെറ്റായ ചിന്താഗതിയ്ക്ക് സഭയിൽ ചില വിശുദ്ധന്മാർ പോലും കൂട്ടുനിന്നിട്ടുണ്ട്—വിശുദ്ധന്മാർക്കും തെറ്റുവരാൻ പാടുണ്ടല്ലോ. വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ അവശ്യഭാഗമാക്കുവാൻ വളരെയധികം ശ്രമിച്ച ആഴ്സിലെ മാർ കേസറിയോസ് വിവാഹിതരോട് ഇങ്ങനെ പറയുന്നു—"തിരുനാൾദിവസത്തിൽ പള്ളിയിൽ വന്ന് ക്രിസ്തുവിൽ കൂദാശകൾ സ്വീകരിക്കുന്നതിന് വളരെമുമ്പേതന്നെ നിങ്ങൾ ആത്മനിയന്ത്രണം പാലിച്ചിരിക്കണം." ഇതേ തെറ്റിദ്ധാരണയിൽ പെട്ട് നോമ്പുകാലം മുഴുവൻ വിവാഹിതർ ആത്മനിയന്ത്രണം പാലിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. ആത്മനിയന്ത്രണം പുണ്യമാണ്. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു മുമ്പ് പുണ്യാഭ്യാസം ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല എന്നാൽ വിശുദ്ധമേശയ്ക്ക് അണയുന്നതിന് ആത്മനിയന്ത്രണം ഒരു അവശ്യവ്യവസ്ഥയായി വയ്ക്കുന്നത് തികച്ചും തെറ്റാണ്. അതിന്റെ ദൂഷ്യഫലത്തെ വിശുദ്ധ പത്താം പീയൂസ് ഇങ്ങനെ സമാഹരിച്ചു പറയുന്നു—'ഈ നിബന്ധനകൾ കർക്കശമായി തീർന്നതോടെ വിശ്വാസികളുടെ പല കൂട്ടങ്ങൾ മുഴുവനായിത്തന്നെ, ഉദാഹരണമായി വിവാഹാവസ്ഥയിൽ ജീവിക്കുന്നവർ, വിശുദ്ധ മേശയെ സമീപിക്കുന്നതിൽ നിന്ന് മാറ്റിനിർത്തപ്പെട്ടു." ഈ ചിന്താഗതിയ്ക്ക് മാറ്റം വരുത്തിയത്—കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം പ്രോത്സാഹിപ്പിച്ചതും—അദ്ദേഹം തന്നെയാണ് വിവാഹാവസ്ഥ പരിശുദ്ധമാണെന്നും അതിലെ ചുമതലാനിർവ്വഹണം തെറ്റാകുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇതോടെ ദൈനംദിന ദിവ്യകാരുണ്യ സ്വീകരണത്തിന് കൂടുതൽ പ്രചാരം സിദ്ധിച്ചുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## പാപമില്ലാത്ത ബലിയിലെ പങ്കാളിത്തം

പാപരഹിതമായ അവസ്ഥ മതി വിശുദ്ധ മേശയ്ക്ക് അണയുവാൻ എന്ന ബോധം വളരുകയും കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ആവശ്യം ബോധ്യമായി വരുകയും ചെയ്തതോടെ വിശുദ്ധ കുർബാനയെന്ന ബലിയിൽ സജീവവും പൂർണ്ണവുമായ ഭാഗഭാഗിത്വം വിശ്വാസികൾക്ക് സാധ്യമായിത്തീർന്നു എന്നാൽ ഈ പങ്കുകൊള്ളൽ ദിവ്യസംതോഷമുള്ള ഒരു പതിവെന്ന നിലയിലേയ്ക്ക് താഴ്ന്നിറങ്ങരുത്. ഓരോ കുർബാനയും തികഞ്ഞ പുതുമയുള്ളതായി തോന്നണം—നമ്മുടെ പാപത്തെപ്പറ്റി അനുതപിക്കാനും നമ്മുടെ അയോഗ്യത ഏറ്റുപറയുവാനും ആത്മാവിന്റെ ആവശ്യമെന്ന നിലയിൽ വിശുദ്ധ മേശയ്ക്ക് അണയുവാനും നമ്മെ പ്രചോദിപ്പിക്കുന്ന ഒരു പുതുമ. ഇതനുസരിച്ചാണ് വിശുദ്ധ കുർബാനയുടെ ഘടന തന്നെ.

ആദ്യമായി അനുതാപത്തിന്റെ മസുമൂറാ ചൊല്ലിക്കൊണ്ടു്—വിശ്വാസികളും പ്രഭാതനമസ്കാരത്തിൽ 51-ാം മസുമൂറാ ചൊല്ലുന്നുണ്ടല്ലോ—ബലി ആരംഭിക്കുന്ന പുരോഹിതൻ എത്രയോ തവണ ഏററുപറയുന്നുണ്ടു്, പാപരഹിതമായ ഈ ബലിയിൽ പങ്കുകൊള്ളാൻ വിശ്വാസികളും അവരുടെ പ്രതിനിധിയായ താനും അയോഗ്യനാണെന്നു്. പാപത്തെപ്പററിയുള്ള യഥാർത്ഥാനുതാപത്തിൽ നിന്നു് ഉണ്ടാകുന്ന അയോഗ്യതാബോധമാണിതു്. വിശുദ്ധ കുർബാനയുടെ അവസാനഭാഗത്തു് ദിവ്യകാരുണ്യസ്വീകരണത്തിനുള്ള കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഉയർത്തിക്കൊണ്ടു് പറയുന്നു—"വിശുദ്ധമായവ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കുമായി കൊടുക്കപ്പെടുന്നു". അതിനു് ജനം ഇങ്ങനെ പ്രത്യുത്തരിക്കുന്നു—"പരിശുദ്ധനായ പിതാവും പരിശുദ്ധനായ പുത്രനും പരിശുദ്ധനായ റൂഹായുമല്ലാതെ പരിശുദ്ധനില്ല" എന്നു്. നമ്മുടെ അയോഗ്യതയുടെ തുറന്ന ഏററുപറച്ചിലാണതു്.

എന്നാൽ നമ്മുടെ അയോഗ്യതയെ ദർശിക്കുന്ന ദൈവം തന്നെയാണു് പാപമില്ലാത്ത അവസ്ഥയിൽ പാപരഹിതമായ ബലിയിൽ പങ്കുചേരുവാൻ നമ്മോടു് ആവശ്യപ്പെടുന്നതു്. ദൈവം തന്റെ വിരുന്നിൽ പങ്കുകൊള്ളുവാൻ ആവശ്യപ്പെടുന്നതായി പുരോഹിതൻ തിരുശരീരരക്തങ്ങൾ പടിഞ്ഞാറോട്ടു് എഴുന്നെള്ളിയ്ക്കുമ്പോൾ നാം മനസ്സിലാക്കുന്നു. നാം അതിൽ പങ്കുചേരുന്നു പക്ഷേ അയോഗ്യമായി പാപത്തിന്റെ അവസ്ഥയിൽ വിശുദ്ധ കുർബാന സ്വീകരിച്ചവരെപ്പററിയുള്ള ഭയം—അങ്ങനെ ആരും ഉണ്ടാകരുതെന്നാണു് ദൈവത്തിന്റെ ആഗ്രഹം—ആരാധനക്രമത്തിൽ വ്യക്തമായി നിഴലിച്ചുനില്ക്കുന്നു. വിശുദ്ധ വസ്തുക്കൾ കൊണ്ടു് പുരോഹിതൻ ഇങ്ങനെ പറയുന്നു—"ഞങ്ങൾ ഭക്ഷിച്ചിരിക്കുന്നതായ നിന്റെ വിശുദ്ധ തിരുശരീരവും ഞങ്ങൾ പാനം ചെയ്തിരിക്കുന്ന പുണ്യപ്പെടുത്തുന്നതായ തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിയ്ക്കും പ്രതികാരത്തിനുമായി തീരരുതേ" എന്നു്.

ഇതു് കേൾക്കുമ്പോൾ വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കു് കൊടുത്ത മുന്നറിയിപ്പും നമ്മുടെ കർത്താവു് അരുളിച്ചെയ്ത ഉപമയിലെ കല്യാണവസ്ത്രമില്ലാത്തവന്റെ ശിക്ഷയും നമ്മുടെ മനസ്സിൽ പൊന്തിവരുന്നു. വിശുദ്ധ മേശയ്ക്കു് അണയുവാൻ ആവശ്യമായ കല്യാണവസ്ത്രം വാസ്തവത്തിൽ നമ്മുടെ പ്രവർത്തനഫലമല്ല. നാം നമ്മെത്തന്നെ 'പരിശോധിച്ചു' നമ്മുടെ പാപത്തിനു് മോചനം പ്രാപിക്കുക, നമ്മുടെ അയോഗ്യതയെ ഏററുപറയുക, അപ്പോൾ ദൈവാനുഗ്രഹമാകുന്ന 'കല്യാണവസ്ത്രം' നാം പ്രാപിക്കും. ഓരോ പ്രാവശ്യം വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോഴും കല്യാണവസ്ത്രം പ്രാപിക്കാനായി നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു, അല്ലാതെ വെറുമൊരു പതിവുപോലെ ഉദാസീനമായി പങ്കെടുക്കാവുന്നതല്ല. ഓരോ പ്രാവശ്യം നാം വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോഴും നാം ഒന്നുകിൽ നമ്മുടെ നിത്യരക്ഷ അല്ലെങ്കിൽ ശിക്ഷ പ്രാപിക്കുന്നുവെന്ന ബോധം കൂടുതൽ സജീവമായ ഭാഗഭാഗിത്വത്തിനു് നമ്മെ സഹായിക്കും.

For favours received



Inserted by
K. G. Mariamma,
Kizhakkedath House.

# ബൈബിൾ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ

(ജോസ് തച്ചിൽ, പൂന)

**ഞാ**നൊരിക്കൽ ഒരു വീട്ടിൽ ചെന്നപ്പോൾ തിരക്കി, എല്ലാ ദിവസവും അവിടെ വിശുദ്ധ ഗ്രന്ഥം വായിക്കുന്നുണ്ടോയെന്ന്. "വിശുദ്ധ ഗ്രന്ഥംമുഴുവനും ഒരു പ്രാവശ്യം ഞങ്ങൾ വായിച്ചു അതിലെ കാര്യങ്ങൾ എല്ലാം ഞങ്ങൾക്കിപ്പോൾ അറിയാവുന്നതുകൊണ്ട് ഇപ്പോൾ അതു വായിക്കുന്നില്ല" എന്നായിരുന്നു എനിക്കു കിട്ടിയ മറുപടി.

ബൈബിൾ എന്താണ്, അതിന് ക്രൈസ്തവന്റെ അനുദിനജീവിതത്തിലുള്ള സ്ഥാനം എന്താണ്, എന്നിവയെപ്പററിയുള്ള അജ്ഞതയോ അപൂർണ്ണമായ അറിവോ ആണ് മുൻ പറഞ്ഞ മറുപടിക്ക് പ്രേരകമായിട്ടുള്ളത്. ഒരു പക്ഷേ, വിശുദ്ധ ഗ്രന്ഥം മുഴുവനും അവർ ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുണ്ടെന്നുള്ളത് അല്പം ആശ്വാസദായകമാണ്. എന്നാൽ ഒരിക്കലെങ്കിലും അതു വായിക്കാത്ത കത്തോലിക്കാകുടുംബങ്ങളുടെ സ്ഥിതിയോ?

എന്താണ് വിശുദ്ധ ഗ്രന്ഥം? മററു പുസ്തകങ്ങൾക്കുള്ള സ്ഥാനം മാത്രമേ ബൈബിളിനുള്ളോ. ഒരു പ്രാവശ്യം വായിച്ചാൽ മനസ്സിലാക്കാവുന്നതാണോ അതിലന്തർലീനങ്ങളായിരിക്കുന്ന സനാതനസത്യങ്ങൾ? ദൈനംദിനജീവിതത്തിന് നവചൈതന്യവും പുത്തനാശകളും നല്കാൻ കഴിവുററതാണോ അത്?

## എന്താണ് വിശുദ്ധ ഗ്രന്ഥം?

മനുഷ്യരെ ഉപാധികളാക്കിക്കൊണ്ട് ദൈവം നേരിട്ട് തന്റെ സന്ദേശം നമുക്ക് നമ്മുടെ ഭാഷയിലും ശൈലിയിലും നല്കിയിരിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ കൂടി മാത്രമാണ്. ദൈവത്തിന്റെ പ്രത്യക്ഷമായ നിവേശനത്തിനു വിധേയമായി നമുക്കു നല്കപ്പെട്ട സന്ദേശമാണത്. അതുകൊണ്ട്, ദൈവം തന്നെയാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ്. "സ്വർഗ്ഗസ്ഥനായ പിതാവു സുവിശേഷകർത്താക്കൾ വഴി മനുഷ്യരാശിക്ക് അയച്ചിരിക്കുന്ന കത്തുകളാണ് വിശുദ്ധ ലിഖിതങ്ങൾ" എന്നാണ് വി. ജോൺ ക്രിസോസ്റ്റം പറയുന്നത്. വിശുദ്ധ ഗ്രന്ഥത്തിന്റെ സാക്ഷാൽ മൂലകർത്താവ് ദൈവമാണെന്നും അതിന്റെ ഉള്ളടക്കം ദൈവത്തിന്റെ രഹസ്യങ്ങളും നിർദ്ദേശങ്ങളും പ്രവൃത്തികളുമാണെന്നും പ്രസ്പഷ്ടമാണെങ്കിൽ, നമ്മുടെ വീക്ഷണഗതിയിൽ കാതലായൊരു മാററം അനിർവാര്യമാണ്.

## സിദ്ധാന്തവും സന്മാർഗ്ഗവും

"തിരുവെഴുത്തുകൾ സമസ്തവും ദൈവത്താൽ പ്രചോദിതങ്ങളാണ്; അതു പഠിപ്പിക്കാനും ശാസിക്കാനും ഉപകാരപ്രദങ്ങളും. അങ്ങനെ ദൈവികമനുഷ്യന് ഏതു സൽപ്രവൃത്തിയും പര്യാപ്തനും പരിപൂർണ്ണനുമാകാം" (2 തിമത്തി 3: 16, 17) വിശുദ്ധ ലിഖിതങ്ങളുടെ ഉദ്ദേശം എന്താണെന്ന് ക്രിസ്തുനാഥനും അപ്പസ്തോലന്മാരും നമ്മെ പഠിപ്പിക്കുന്നുണ്ട്. തന്റെ മതപ്രബോധനങ്ങളുടെ ഇടയ്ക്ക് എത്ര പ്രാവശ്യമാണ് ക്രിസ്തുനാഥൻ വിശുദ്ധ ലിഖിതങ്ങളെ ആശ്രയിച്ച് താൻ ദൈവത്താൽ അയക്കപ്പെട്ടവനാണെന്നും ദൈവംതന്നെയാണെന്നും വ്യക്തമാക്കാൻ അവിടന്നവയെ ഉപയോഗിക്കുന്നു. ശിഷ്യന്മാർക്ക് ഉപദേശം നല്കാനും തന്റെ പ്രബോധനങ്ങളുടെ യുക്തി കാണിച്ചുകൊടുക്കാനും വിശുദ്ധ ഗ്രന്ഥം അവിടന്നുദ്ധരിക്കുന്നു. സദൂച്യർ, പരീസ്യർ എന്നിവർക്കെതിരായി വാദമുഖങ്ങൾ അതിൽ നിന്നുന്നയിക്കാനും അവിടന്ന് മടിക്കുന്നില്ല. തന്റെ ഐഹിക ജീവിതത്തിന്റെ അന്ത്യമണിക്കൂറുകളിൽ, കാൽവരിയിലെ കുരിശിൽക്കിടന്നു എരിപൊരി കൊള്ളുമ്പോഴും വിശുദ്ധ ലിഖിതങ്ങളിലെ വാക്യശകലങ്ങളാണു അവിടന്നുരുവിടുന്നത്!

ക്രിസ്തീയ മതസിദ്ധാന്തങ്ങളും സന്മാർഗ്ഗനിയമങ്ങളും സംക്ഷിപ്തരൂപത്തിൽ വിശുദ്ധ ഗ്രന്ഥത്തിൽ നമുക്കു വായിക്കാൻ സാധിക്കുന്നു. ലോകരക്ഷകനായ ക്രിസ്തുവിനെപ്പററിയും അവിടെ വ്യക്തമായി പരാമർശിച്ചിരിക്കുന്നു. "വിശുദ്ധ ഗ്രന്ഥത്തെപ്പററി അജ്ഞതയുള്ളവൻ ക്രിസ്തുവിനെ അറിയുന്നില്ല" എന്നാണു വി. ജറോം പറയുന്നത്. വിശുദ്ധ ലിഖിതത്തിന്റെ താളുകളിൽ ക്രിസ്തുവിന്റെ മഹനീയ രൂപം വെട്ടിത്തിളങ്ങുന്നു, ക്ലേശങ്ങളിൽ ആശ്വാസം പ്രദാനം ചെയ്തുകൊണ്ടും

അന്ധകാരത്തിൽ പ്രകാശം പരത്തിക്കൊണ്ടും. സഭയുടെ സ്വഭാവം, കത്തവ്യം എന്നിവയെപ്പററി അറിയണമോ? വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകൾ മറിച്ചു നോക്കുക. സന്മാഗ്ഗനിയമങ്ങൾ,വിവിധ പുണ്യങ്ങളുടെ മാതൃകകൾ എന്നിവയും നമുക്കവിടെ കാണാം.

## നിവേശനം (Inspiration)

വിശുദ്ധഗ്രന്ഥകത്താവിന്റെ ബുദ്ധിശക്തിക്കു ലഭിക്കുന്ന പ്രകാശവും, ഇച്ഛാശക്തിക്കു ലഭിക്കുന്ന പ്രചോദനവും പ്രത്യേക സഹായവുമായിട്ട് നിവേശനത്തെ കണക്കാക്കാം. ദൈവം ഇഷ്ടപ്പെടുന്നതെല്ലാം അവ മാത്രവും അവിടത്തെ നാമത്തിൽ എഴുതുവാനും എഴുതിയതു് സഭയുടെ സംരക്ഷണത്തിന് ഏല്പിക്കാനും അയാൾ നിർബന്ധിതനാകുന്നു.

ഇതിൽനിന്നു വ്യക്തമാണു്, നിവേശനം ഗ്രന്ഥകത്താവിന്റെ വ്യക്തിഗതമായ കാര്യത്തിനല്ല, സഭയുടെ ആവശ്യത്തിനുവേണ്ടിയാണു്. നല്കിയിരിക്കുന്നതെന്നു്. പഴയനിയമകത്താക്കൾക്കു് നിവേശനം ലഭിച്ചതു് സ്വോപയോഗത്തിനല്ല, യഹൂദന്മാക്കുവേണ്ടിയാണു് മുഖ്യമായും. അതുപോലെതന്നെ സുവിശേഷകത്താക്കളുടെ നിവേശനം ക്രിസ്ത്യാനികൾക്കുവേണ്ടിയും. നിവേശനം താൽക്കാലികമായിട്ടുള്ള ഒരു സഹായമാണു്; നിലനില്ക്കുന്ന ഒന്നല്ല. വിശുദ്ധ ഗ്രന്ഥം രചിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ ഈ പ്രത്യേക സഹായം ഗ്രന്ഥകത്താവിൽ പ്രവത്തനനിരതമായിരിക്കുകയുള്ളൂ.

## തെററുകളുടെ അഭാവം (Inerrancy)

വളരെയധികം വിവാദപരമായൊരു വശമാണിതു്. വിശുദ്ധ ഗ്രന്ഥത്തിൽ പ്രമാദപരമായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ പലരും പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. പക്ഷെ അവയെല്ലാം എതിരായി വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രമാദരാഹിത്യം സഭ എന്നും സംരക്ഷിച്ചു വാഗ്വാദങ്ങളും സംശയ ങ്ങ ളും പലപ്പോഴും ഉയന്നു പൊങ്ങുന്നതു് വിശുദ്ധ ഗ്രന്ഥത്തെപ്പററിയുള്ള വ്യക്തമായ ജ്ഞാനത്തിന്റെ അഭാവം മൂലമാണു്. വിശുദ്ധ ഗ്രന്ഥം ഒരു ചരിത്രഗ്രന്ഥമല്ല; ശാസ്ത്രമോ കലയോ ഭാഷയോ പഠിപ്പിക്കുകയെന്നതല്ല അതിന്റെ ഉദ്ദേശ്യം. മുഖ്യമായും അതൊരു സന്ദേശമാണു് ദൈവത്തിന്റെ ക്രിസ്തുവിലൂടെയുള്ള രക്ഷാകരവേലയുടെ ഒരു ചരിത്രം.

വിശുദ്ധ ഗ്രന്ഥത്തിലെ എല്ലാ വാക്യങ്ങളുടെയും പൂണ്ണമായ വിശദീകരണം നമുക്കിതുവരെ സംസിദ്ധമായിട്ടില്ല. "കത്താവിന്റെ അന്തർഗ്ഗതം ആരറിയുന്നു?" (റോമ. 11: 34) എന്നാണു് വി. പൗലോസു് ചോദിക്കുന്നതു്. ദൈവത്തിന്റെ ജ്ഞാനവിഭവങ്ങളുടെയും വിജ്ഞാനത്തിന്റെയും ആഴം ആഗാധമായിരിക്കെ വിശുദ്ധ ഗ്രന്ഥത്തിലെ സന്ദേശത്തിന്റെ പരിപൂണ്ണാത്ഥം നമുക്കു ലഭിച്ചില്ലെങ്കിൽ അതിലത്ഭുതത്തിനവകാശമില്ല. വിശുദ്ധ ഗ്രന്ഥത്തിൽ പ്രമാദപരങ്ങളായ കാര്യങ്ങളുണ്ടെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കു മറുപടി കൊടുക്കാൻ സഭയ്ക്കു കഴിഞ്ഞിട്ടുണ്ടു്.

## ആന്തരികമായ തെററ് (Formal error)

വിശുദ്ധ ഗ്രന്ഥത്തിൽ ആന്തരികമായ തെററു് ഇല്ലെന്നാണല്ലൊ നാമിതുവരെ പറഞ്ഞുവച്ചതു്. ആന്തരിക തെററു് എന്നു കൊണ്ടു് നാം വിവക്ഷിക്കുന്നതു് വാക്കുകളുടെ വസ്തുനിഷ്ഠമായ അത്ഥത്തിലുള്ള അസത്യമാണു്. വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രമാദരാഹിത്യം വളരെയധികം ചോദ്യം ചെയ്യപ്പെടുന്ന ഒരു യുഗത്തിലാണു് നാമിന്നു ജീവിക്കുന്നതു്. വിശുദ്ധ ഗ്രന്ഥത്തിലെ വാക്കുകളുടെ വസ്തുനിഷ്ഠമായ ആശയം ചിലപ്പോൾ അനായാസേന നമുക്കു് കിട്ടും; ചില സന്ദർഭങ്ങളിൽ നിഷ്കൃഷ്ടമായ പഠനം ആവശ്യമാണതിനു്; ചിലപ്പോൾ പരിപൂണ്ണാത്ഥം മനുഷ്യബുദ്ധിക്കു് അപ്രാപ്യമാണെന്നും വന്നേക്കാം. കത്തൃനിഷ്ഠമായ, സങ്കല്പത്തിൽ മാത്രമുള്ള ആശയം വിശുദ്ധ ഗ്രന്ഥത്തിലെ വരികളിൽ കുത്തിത്തിരുകി അതിന്റെ യുക്തി കണ്ടുപിടിക്കാൻ ചിലർ ശ്രമിക്കുന്നുണ്ടു്. അങ്ങനെ വരുമ്പോൾ അവക്കു തെററു പററാവുന്നതാണു്.

വിശുദ്ധ ഗ്രന്ഥത്തിൽ തെററുകളില്ലെന്നതു് ഒരു വിശ്വാസസത്യമാണു്. ദൈവം തെററുകൾക്കതീതനാണെന്ന വസ്തുതയിൽ നിന്നുംന്യായശാസ്ത്രപരമായി നമുക്കതനുമാനിക്കാം. നമ്മോടു സംസാരിക്കുന്ന ദൈവത്തിൽ നിഷ്ക്കളങ്കവും പൂണ്ണവുമായ വിശ്വാസം നാം അർപ്പിക്കുന്നു

"വിശുദ്ധ ഗ്രന്ഥകത്താക്കൾ അവയെഴുതിയപ്പോൾ തെററിനതീതരായിരുന്നുവെന്നു് ഞാൻ വിശ്വസിക്കുന്നു" എന്നാണു് നാലാം ശതകത്തിൽ വി. ആഗ്ഗസ്റ്റീനോസു് വി. ജറോമിനു് അയച്ച ഒരെഴുത്തിൽ പറയുന്നതു്.

വി. തോമസ്സ് അക്വിനാസും ഇതു തന്നെ അഭിപ്രായപ്പെടുന്നു. ലിയോ പതിമൂന്നാമൻ മാർപ്പാപ്പായുടെ "പ്രൊവിദെന്തിസ്സിമൂസ്സ് ദേവൂസ്സ്"', ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പായുടെ "സ്പിരിത്തൂസ് പരാക്ലിത്തൂസ്"' എന്നീ ചാക്രികലേഖനങ്ങളും ഇതുതന്നെ കൂടുതൽ ശക്തിയോടും യുക്തിയോടും കൂടി ഊന്നിപ്പറയുന്നുണ്ട്.

## സഭയും ബൈബിളും

വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും സംരക്ഷകയെന്ന നിലയിൽ സഭയ്ക്കാണ് വിശുദ്ധ ഗ്രന്ഥം ഏല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിലെ വാക്യങ്ങളുടെ യഥാർത്ഥ അർത്ഥവും ആശയവും സഭയാണ് നിർവ്വചിക്കേണ്ടത്. അതിനുള്ള അപ്രമാദിത്വവും അവൾക്കുണ്ട്. അപ്രമാദാത്മകമായ ഒരധികാരം ഇല്ലാത്തതുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളുടെ വിശദീകരണത്തിൽ നമ്മുടെ അകത്തോലിക്കസഹോദരർക്ക് ചിലപ്പോൾ തെററു പററാറുണ്ട്.

അപ്രമാദിത്വം ഉപയോഗിച്ചുകൊണ്ടാണു സഭ, ട്രെൻറ് സൂനഹദോസിൽവച്ച്, ഏതെല്ലാമാണ് കാനോനിക ഗ്രന്ഥങ്ങൾ എന്ന് പഠിപ്പിച്ചത്. വിശുദ്ധ ഗ്രന്ഥത്തിന്റെ മാഹാത്മ്യത്തെ ചോദ്യം ചെയ്യുന്നവരുടെ നേർക്കും അവൾ ദൈവദത്തമായ ഈ അധികാരം ഉപയോഗിക്കുന്നുണ്ട്.

## ബൈബിളും അനുദിനജീവിതവും

വിശുദ്ധ ഗ്രന്ഥത്തിന്റെ ആന്തരിക മനോഹാരിത നാം കണ്ടു. ആ മനോഹാരിത ബുദ്ധിപരമായ നിലയിൽ മാത്രം ആസ്വദിച്ചതുകൊണ്ട് പ്രായോഗികതലത്തിൽ വലിയ ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. നമ്മുടെ ജീവിതത്തിന്റെ മാർഗ്ഗദീപമായിട്ട് ബൈബിളിനെ നാം കണക്കാക്കേണ്ടിയിരിക്കുന്നു. അമൂല്യങ്ങളാണ് ബൈബിൾ പ്രബോധനങ്ങൾ. ഏതു നിലയിലും പ്രായത്തിലുമുള്ളവർക്ക് ഉപയുക്തങ്ങളായ നിർദ്ദേശങ്ങളും ആദർശങ്ങളും നമുക്കവിടെ ലഭ്യമാണ്. സുവിശേഷവാക്യങ്ങൾ നമ്മുടെ പ്രാർത്ഥനാനിരതമായ ചിന്തയ്ക്ക് വിഷയീഭവിക്കണം; അവ നമ്മുടെ ജീവിതവുമായി തദാത്മ്യം പ്രാപിക്കണം; നമ്മിലവ അലിഞ്ഞുചേരണം. ചുരുക്കത്തിൽ വിശുദ്ധ ഗ്രന്ഥം നമ്മുടെ ഹൃദ്യമായ നിധിയായിത്തീരേണ്ടിയിരിക്കുന്നു.

ആരാധനക്രമത്തിലും മതബോധനത്തിലും ദൈവവിജ്ഞാനീയത്തിലും മററും നവംനവങ്ങളായ മുന്നേററങ്ങൾ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഫലമായിട്ടുണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുമുണ്ട്. വിശുദ്ധ ഗ്രന്ഥത്തിലധിഷ്ഠിതമായ ആരാധനക്രമവും മതബോധനവും ദൈവശാസ്ത്രവുമാണ് സഭ ഇന്ന് ഉന്നം വയ്ക്കുന്നത്. വ്യക്തികളായ നാം ഈ ഉദ്ദേശ്യം കണക്കിലെടുത്തുകൊണ്ട് നമ്മുടെ അനുദിനജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിന് അതിനർഹമായ മഹനീയ സ്ഥാനം കൊടുക്കേണ്ടിയിരിക്കുന്നു. അനുദിനപാരായണവും ബൈബിൾ വാക്യങ്ങളെപ്പററിയുള്ള പ്രാർത്ഥനാമയമായ ചിന്തയും ഇതിന് വളരെ സഹായകരമാണെന്ന് പറയേണ്ടതില്ലല്ലോ.

**For favours received**



**Inserted by**
**Mrs. Mariamma Abraham,**
**Philo Vilas, Mundakayam.**

കാണാതെപോയ സാധനം
തിരികെ കിട്ടിയതിന്
ഉപകാരസ്മരണ.

# വിവിധ വൃത്താന്തങ്ങൾ

(A. A)

## മദർ തെരേസാ തിരുവനന്തപുരത്തു്

അഗതികളെയും രോഗികളെയും ശുശ്രൂഷിക്കുന്നതു് ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള 'ഉപവിയുടെ സഹോദരികൾ' (സിസ്റ്റേഴ്സ് ഓഫ് ചാരിററി) എന്ന സന്യാസിനീ സമൂഹം തിരുവനന്തപുരം ഒരു പ്രവർത്തന കേന്ദ്രമായി തിരഞ്ഞെടുത്തിരിക്കുന്നു യൂഗോസ്ലാവിയാക്കാരിയായ മദർ തെരിസായുടെ നേതൃത്വത്തിൽ 1948-ൽ കൽക്കട്ടായിൽ ആരംഭിച്ച ഈ സേവനപ്രസ്ഥാനം ഇന്നു് ഇൻഡ്യയുടെ പല ഭാഗങ്ങളിലേയ്ക്കു വ്യാപിച്ചു കഴിഞ്ഞു. 1962-ൽ ഇൻഡ്യാ ഗവൺമെൻറിൻെറ 'പത്മശ്രീ' എന്ന ബഹുമതി മദർ തെരേസായ്ക്കു ലഭിച്ചു. ഇൻഡ്യയിൽ എവിടെയും തീവണ്ടിയിൽ സൗജന്യയാത്ര ചെയ്യാനുള്ള അവകാശം മദർ തെരേസായ്ക്കു നല്കിയിട്ടുണ്ടു്. ഫിലിപ്പീൻസ് ഗവർമ്മെൻറിൻെറ പ്രസിദ്ധമായ മാഗ്സെയ്സെ അവാർഡും മദർ തെരേസായ്ക്കു് 1962-ൽ ലഭിക്കുകയുണ്ടായി.

*    *    *

## ദിവ്യകാരുണ്യകോൺഗ്രസും കേരളീയരും

1964 നവംബർ 28 മുതൽ ഡിസംബർ 6 വരെ ബോംബെയിൽ വച്ചു നടത്തപ്പെടുന്ന മുപ്പത്തെട്ടാമത്തെ അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുന്ന മലയാളികൾക്കുവേണ്ടി "ബോംബെ കേരള കത്തോലിക്കായൂണിയൻെറ ആഭിമുഖ്യത്തിൽ പ്രത്യേക ക്രമീകരണങ്ങൾ ചെയ്തുവരുന്നതായറിയുന്നു. മലയാളികൾ ധാരാളമായി താമസിക്കുന്ന ചെമ്പൂർ എന്ന സ്ഥലത്തായിരിക്കും കേരളത്തിൽ നിന്നുള്ള തീർത്ഥാടകരെ അധികവും താമസിപ്പിക്കുന്നതു്. ബോംബെയിലെ കേരളകത്തോലിക്കായൂണിയൻെറ ഓഫീസ്സു് മേൽവിലാസം താഴെ ചേർക്കുന്നു:

33, Jaya Terrace, Ambedkar Road,
BOMBAY 14.

## മാർപ്പാപ്പാ ബോംബെയിൽ വരുമോ?

നവംബർ 28 മുതൽ ബോംബെയിൽ നടക്കുന്ന ദിവ്യകാരുണ്യസമ്മേളനത്തിൽ സംബന്ധിക്കുവാൻ മാർപ്പാപ്പാ തിരുമേനി തീരുമാനിച്ചേക്കാനിടയുണ്ടു് എന്നു കരുതപ്പെടുന്നു. മാർപ്പാപ്പാതിരുമേനി വന്നുചേരും എന്നുള്ള പ്രതീക്ഷയാലാണത്രെ ബോംബെയിലെ ക്രമീകരണങ്ങൾ നടത്തപ്പെടുന്നതു്. മാർപ്പാപ്പായുടെ വിശുദ്ധ നാട്ടിലേയ്ക്കുള്ള യാത്രയുടെ ചുമതല വഹിച്ച അൽ ഇററാലിയ എന്ന വിമാനക്കമ്പനിയുടെ ഒരു വക്താവു് പ്രസ്താവിച്ചതു് റോമിൽ നിന്നു് ഉച്ചസമയത്തു് പുറപ്പെട്ടാൽ പിറെറ ദിവസം വെളുപ്പിനു് ബോംബെയിൽ എത്തിച്ചേരാമെന്നാണു്. ഒരു ദിവസത്തെ പരിപാടികളിൽ സംബന്ധിച്ചശേഷം മാർപ്പാപ്പായ്ക്കു് അന്നു തന്നെ തിരിച്ചു പോകാനും സാധിക്കും. റോമിൽനിന്നു ബോംബെ വരെയുള്ള യാത്രയിൽ ഇടയ്ക്കു് ഒരിടത്തും ഇറങ്ങേണ്ട ആവശ്യവുമില്ല.

*    *    *

## ഇംഗ്ലണ്ടിലെ കത്തോലിക്കാസഭ.

കഴിഞ്ഞ ആറു മാസങ്ങളിൽ ഇംഗ്ലണ്ടിലെ "കാതലിക് എൻക്വയറി സെൻറർ" 7500 പേക്കു് കത്തോലിക്കാസഭയെപ്പററി പഠിക്കുന്നതിനു സൗകര്യം നൽകിയിട്ടുണ്ടു് എന്നു് അവരുടെ അർദ്ധവാർഷിക റിപ്പോർട്ടിൽ കാണുന്നു. കഴിഞ്ഞ വർഷം ഇംഗ്ലണ്ടിൽ 1025 പേർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതായി കത്തുകൾ മൂലം അറിയിച്ചു എന്നു് കാതലിക് സെൻററിൻെറ ഡയറക്ടറായ ഫാ. ഇ. കെ. ടെയ്ലർ പ്രസ്താവിച്ചിട്ടുണ്ടു്.

*    *    *

## വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ

39 വർഷങ്ങൾക്കു മുമ്പു് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ലസ്യൂറിലെ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളെയും വിശുദ്ധരായി പ്രഖ്യാപിക്കാനിടയുണ്ടെന്നു് അറിവായിരിക്കുന്നു. അവരുടെ എഴുത്തുകൾ പരിശോധിക്കുക മുതലായ ചില പ്രാരംഭനടപടികൾ തുടങ്ങിക്കഴിഞ്ഞു. മിഷ്യൻ പ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ കൊച്ചുത്രേസ്യായുടെ ആത്മകഥ ഇതിനകം 35 ഭാഷകളിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്.

Registered No: K. 405.

# തിരുവനന്തപുരം അതിരൂപത

## ഇൻറർനൺഷ്യോതിരുമേനിയുടെ സന്ദർശനം

തിരുവനന്തപുരം അതിരൂപതയിൽ ഒരാഴ്ചത്തെ ഔദ്യോഗിക സന്ദർശനത്തിനായി ജൂൺ 15-ാം തീയതി എത്തിച്ചേർന്ന മോസ്റ്റ്. റവ. റോബർട്ട നോക്സ് തിരുമേനിക്ക് തിരക്കിട്ട ഒരു പരിപാടിയാണു ക്രമീകരിച്ചിരുന്നതു്. ജൂൺ 15, 16, 17 എന്നീ തീയതികളിൽ തിരുവനന്തപുരത്തും അതിനു തെക്കുമുള്ള സ്ഥാപനങ്ങൾ, മിഷ്യൻ കേന്ദ്രങ്ങൾ മുതലായവ ഇൻറർനൺഷ്യോതിരുമേനി സന്ദർശിച്ചു. മാർ ഈവാനിയോസ് കോളജിലെ സ്വീകരണവേളയിൽ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിസംബോധനചെയ്തു അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. ജൂൺ 18 മുതൽ തിരുവനന്തപുരത്തിനു വടക്കുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനാണു പയോഗിച്ചതു്. പിരപ്പൻകോട്ട ആശുപത്രി, അഞ്ചൽ സെൻറു ജോൺസ് കോളജ്, കോൺവെൻറുകൾ, സാധുസംരക്ഷണകേന്ദ്രങ്ങൾ, ക്ഷേമപ്രവർത്തനസെൻറുകൾ എന്നിവയും ഒട്ടേറെ ഇടവകകളും ഇൻറർനൺഷ്യോ തിരുമേനി സന്ദർശിച്ചു. എല്ലായിടത്തും ഹൃദ്യമായ സ്വീകരണങ്ങളാണു അദ്ദേഹത്തിനു ലഭിച്ചതു്. മൈലപ്രാ, കടമ്പനാട്ട്, കററാനം, കാരയ്ക്കാട്ട സെൻറു ജോസഫ് പള്ളി, അടൂർ, പുലിയൂർ, കായംകുളം, ശൂരനാട്ട്, മുഖത്തല, പത്തനംതിട്ട മുതലായ സ്ഥലങ്ങളിൽ വളരെ വമ്പിച്ച സ്വീകരണപരിപാടികൾ ഏർപ്പെടുത്തിയിരുന്നു. ജൂൺ 20-ാം തീയതി ഇൻറർനൺഷ്യോ തിരുമേനിയുടെ ബഹുമാനാർത്ഥം പട്ടം അരമനയിൽവച്ചു നടത്തപ്പെട്ട ഡിന്നർ സൽക്കാരത്തിൽ, പുരോഹിതന്മാർ, പൗരമുഖ്യർ, ഉദ്യോഗസ്ഥന്മാർ ആദിയായി ഒട്ടുവളരെപ്പേർ സംബന്ധിച്ചിരുന്നു.

ഇൻറർനൺഷ്യോ തിരുമേനിയുടെ സന്ദർശനങ്ങളിലെല്ലാം തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമേനി അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. 21-ാം തീയതി ഞായറാഴ്ച ഇൻറർനൺഷ്യോതിരുമേനി പാളയം സെൻറു മേരീസ് കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. മടക്കയാത്രയ്ക്കു മുമ്പു വിമാനത്താവളത്തിൽ വച്ചു് ഇൻറർനൺഷ്യോതിരുമേനി പ്രസ്താവിച്ചതു്, ഒരാഴ്ചത്തെ അതിരൂപതാസന്ദർശനം അവിസ്മരണീയമായ ഒരനുഭവമായിരുന്നു എന്നാണ്. അതിരൂപതയുടെ ബഹുമുഖമായ വളർച്ചയിലും പ്രവർത്തനങ്ങളിലും അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു.

## മെഡിക്കൽ ഗിൽഡ്

തിരുവനന്തപുരം പട്ടണത്തിൽ ജോലി ചെയ്യുന്ന 60-ൽപരം കത്തോലിക്കാ ഡോക്ടറന്മാർക്കായി ഒരു മെഡിക്കൽ ഗിൽഡ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. ജൂൺ 21-ാം തീയതി പാളയം സെൻറു മേരീസ് കത്തീഡ്രൽ ഹാളിൽ വച്ചു് ഈ ഗിൽഡിൻെറ ഔപചാരിക ഉൽഘാടനം ഇൻറർനൺഷ്യോ തിരുമേനി നിർവ്വഹിച്ചു. തദവസരത്തിൽ കത്തോലിക്കാ ഡോക്ടറന്മാരുടെ പ്രത്യേക ചുമതലകളെപ്പററി തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമേനി പ്രസംഗിക്കുകയുണ്ടായി. ഭാവിപ്രവർത്തനങ്ങൾക്കു രൂപം കൊടുക്കുന്നതിനായി അഞ്ചംഗങ്ങളുള്ള ഒരു കമ്മിററിയെ തിരഞ്ഞെടുത്തിട്ടുണ്ടു്.

*  *  *

## ചരമം

മാർ തിയോഫിലസ് ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ റവ. ഫാദർ ജോസ് മാത്യുവിൻെറ മാതാവ്, മാന്നാനം ചാൽക്കടവിൽ എലിസബത്തു ജോസഫ്, വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ജൂലൈ 2-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം അനേകം പട്ടക്കാരുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ കുടമാളൂർ കത്തോലിക്കാപള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു. ശവസംസ്കാരശുശ്രൂഷയിൽ തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സംബന്ധിക്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്തു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്.

R. I. P.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*